മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 8 – ലക്കം 6 ജൂൺ 2010 Rs. 7.00



# ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ (യോഹ 6: 68)

വാല്യം 8 ജൂൺ 2010 ലക്കം 6



**എഡിറ്റോറിയൽ ബോർഡ്**

ജോജി മി. സാമുവൽ (കോട്ടയം)
ജോസ് മാത്യു (തിരുവനന്തപുരം)
മാത്യു ജോർജ് (തിരുവല്ല)
ബോബി ചെറിയാൻ (റാന്നി)
സാജു ജോസഫ് (ആലപ്പുഴ)
മാനേജർ
ജേക്കബ് മാത്യു (കായംകുളം)



**വാർഷിക സംഭാവന**

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |

എം. ഒ./ ഡി. ഡി.
അയയ്ക്കേണ്ട വിലാസം :



**ജീവമൊഴികൾ**
കുടമാളൂർ പി. ഒ., കോട്ടയം,
കേരള-686016,
ഫോൺ 0481 - 2392755,
9495324067, 9249516234
e-mail : jeevamozhikal@gmail.com
www.jeevamozhikal.org

**വിദേശപ്രതിനിധികൾ**

U.S.A - Binoy James
Phone: 512990-2808(R)/512826-5028(O)
Email: benoyjames@hotmail.com
DUBAI - Shabu Kuruvilla
Phone: 050-7970839
E-mail: skuruvi@gmail.com


## വിശുദ്ധിയുടെ ഉണർവ്വ്



ഉണർവ്വെന്നു പറയുമ്പോൾ പാപികളുടെ മാനസാന്തരം മാത്രമാണു പലരുടെയും മനസ്സിൽ തെളിയുന്നത്. എന്നാൽ യഥാർത്ഥ ഉണർവ്വ് കേവലം മാനസാന്തരങ്ങൾക്ക് അപ്പുറമുള്ളതും സഭയെ അടിമുടി നവീകരിക്കുന്നതും ആയിരിക്കണം. സഭ ആ നിലയിൽ നവീകരിക്കപ്പെടുന്നില്ലെങ്കിൽ മാനസാന്തപ്പെട്ടു സഭയിലേക്കു കടന്നുവരുന്ന പുതുവിശ്വാസികൾക്ക് എന്താണു സംഭവിക്കുകയെന്നു നോക്കുക. സഭ വിശുദ്ധിയുടെ ഉയർന്ന തലത്തിലും നിലവാരത്തിലും അല്ലെങ്കിൽ അതു വളരെ വേഗം സാധാരണ മതജീവിതത്തിന്റെ ശരാശരി നിലവാരത്തിലേക്കു താണുപോകും. ഫലം മാനസാന്തരപ്പെട്ടു സഭയിലേക്കു വന്ന പുതുവിശ്വാസികളും വേഗത്തിൽ അവരുടെ ശക്തിയില്ലാത്ത, മേഘാവൃതമായ പഴയജീവിതത്തിലേക്കു വീണു പോകും.

ആൻഡ്രു മുറേ

## ലൈഫ് ബോട്ട്




**എഡിറ്റോറിയൽ**

# ദൈവശക്തിയുടെ രഹസ്യം



**ഒ**രു യുവജനക്യാമ്പിന്റെ ഇടവേള. ക്യാമ്പ് അംഗങ്ങളിൽ ഒരാൾ പ്രസംഗകനായ ദൈവഭൃത്യനെ സമീപിച്ച് തന്റെ പ്രശ്നം തുറന്നുപറഞ്ഞു. മാതാപിതാക്കളോടുള്ള വെറുപ്പ്, ചില ദുഷ്പരിചയങ്ങളിൽ നിന്നു മോചനമില്ലാത്ത അവസ്ഥ എന്നിവയെല്ലാം വിവരിച്ചു പറഞ്ഞിട്ട് അവൻ കണ്ണീരോടെ പറഞ്ഞു: “നിങ്ങൾക്കറിയാമോ? ഞാനീ പ്രശ്നങ്ങളുമായി പത്തുവട്ടമെങ്കിലും ക്രിസ്തുവിന്റെ അടുത്തു ചെന്നിട്ടുണ്ട്. പക്ഷേ അവൻ എന്നെ ഒട്ടും സഹായിച്ചിട്ടില്ല!” ആളുകളെ പാപത്തിൽനിന്നു രക്ഷിക്കുമെന്നു അവകാശപ്പെട്ട ഒരുവൻ തന്നെ സഹായിച്ചില്ലെന്നാണ് അവന്റെ ആരോപണം!

ഈ ചെറുപ്പക്കാരൻ ഒറ്റപ്പെട്ട ഒരാളല്ല. വിജയകരമായ ഒരു ക്രിസ്തീയജീവിതം നയിക്കാൻ ആഗ്രഹമുണ്ട്. എന്നാൽ പാപങ്ങളിൽ വീണ്ടും വീണുപോകുന്നു. കയ്പ്പും പകയും യൗവനമോഹങ്ങളും ലോകത്തിന്റെ ആകർഷണങ്ങളും ജീവനത്തിന്റെ പ്രതാപങ്ങളും എല്ലാം ചുറ്റും വലവിരിച്ചു കാത്തിരിക്കുമ്പോൾ പിന്നെയും അതിൽ കുടുങ്ങിപ്പോകുന്നു.-ഇതാണ് അവർക്കു പറയുവാനുള്ളത്. അവരുടെ പാപങ്ങൾ അത്ര പ്രകടമായിരിക്കുകയില്ല. എന്നാൽ അവരുടെ പരാജയങ്ങൾ അവരെ സംബന്ധിച്ചു വളരെ യഥാർത്ഥമാണ്.

ചെറുപ്പക്കാർ മാത്രമല്ല, മുതിർന്ന വിശ്വാസികളിലും പലരുടെയും അനുഭവവും ഇതാണ്. സഭകളിൽ എത്രയെത്ര പ്രസംഗങ്ങൾ കേൾക്കുന്നു. എന്നാൽ ജീവിതത്തിൽ മാറ്റമുണ്ടാകുന്നില്ല! പണവും നേട്ടങ്ങളും വ്യക്തിപരമായ സുഖങ്ങളും അന്വേഷിച്ചിരുന്നവർ വർഷങ്ങൾ പ്രസംഗങ്ങൾ കേട്ടശേഷം ഇപ്പോഴും അന്വേഷിക്കുന്നത് അതൊക്കെത്തന്നെയാണ്. എവിടെയാണ് തകരാറ്?

ദൈവത്തിനു ശക്തിയുണ്ട്. അവിടുത്തെ കരം പ്രവർത്തിക്കും. കാര്യങ്ങൾ വ്യത്യസ്തമായിത്തീരും. എന്നിവയെല്ലാമാണ് ദൈവവചനം നൽകുന്ന വാഗ്ദാനങ്ങൾ. എന്നാൽ നാം അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രായോഗികമായ ചോദ്യം ദൈവികവാഗ്ദാനങ്ങളെ എങ്ങനെയാണ് വിവർത്തനം ചെയ്ത് ആത്മീയവിജയവും ക്രിസ്തീയവളർച്ചയുടെ പരിപക്വതയുമാക്കി മാറ്റുവാൻ കഴിയുക എന്നതാണ്.

ആട്ടെ, വസ്തുതകൾ ഇങ്ങനെയെല്ലാമായിരിക്കെത്തന്നെ എന്താണ് പോംവഴി? രോഗലക്ഷണങ്ങൾ തിരിച്ചറിയുന്നതുതന്നെ ചികിൽസയിലെ സുപ്രധാനമായ ഒരു ചുവടാണെങ്കിലും അവിടെത്തന്നെ നിന്നുപോകേണ്ടതല്ലല്ലോ. എന്താണ് പ്രശ്നത്തിനുള്ള പരിഹാരം? സൗഖ്യം എങ്ങനെ ലഭിക്കും?

സൗഖ്യത്തിലേക്കുള്ള ആദ്യപടി, നമ്മെത്തന്നെ മാറ്റുവാനുള്ള അധികാരവും അവകാശവും ദൈവത്തിനു വിട്ടുകൊടുത്തുകൊണ്ട് ജീവിതത്തിന്റെ നിയന്ത്രണം നാം നമുക്കു ബോധ്യമുള്ളിടത്തോളം പൂർണ്ണമായി അവിടുത്തേക്കു കൈമാറുക എന്നതാണ്. കേവലം ഒരു സമർപ്പണത്തിനപ്പുറം ഉള്ളതാണിത്. ഉദാഹരണത്തിന് തുടക്കത്തിൽ പരാമർശിച്ച ചെറപ്പക്കാരന്റെ അവസ്ഥ നോക്കുക. പത്തുവട്ടമെങ്കിലും ക്രിസ്തുവിന്റെ അടുത്തേക്കു വന്നിട്ടും തന്റെ പ്രശ്നം പരിഹരിക്കുവാൻ അവിടുന്ന് ഒട്ടും സഹായിച്ചില്ലെന്നു പരാതിപ്പെട്ട ആ ചെറുപ്പക്കാരനോട് ദൈവഭൃത്യൻ തുടർന്ന് ഇങ്ങനെ ചോദിച്ചു: “നിന്റെ ആഗ്രഹങ്ങളെ മാറ്റുവാനും, വെറുപ്പിനെ അലിയിച്ചുകളയുവാനും തക്കവണ്ണം ദൈവത്തിനു നിന്റെ ജീവിതത്തിന്റെ

പൂർണ്ണനിയന്ത്രണം ഏൽപിച്ചുകൊടുക്കാൻ തയ്യാറാണോ?" അതിന്റെ പരിണത ഫലങ്ങളെപ്പറ്റി അൽപനേരം ആലോചിച്ചശേഷം അവന്റെ മറുപടി ഇങ്ങനെയായിരുന്നു. "ഞാൻ എന്റെ മാതാപിതാക്കളോടു ക്ഷമിക്കാൻ ആഗ്രഹിക്കുന്നില്ല. അവരെ വെറുക്കുവാൻ എനിക്കു സകല അവകാശവും ഉണ്ട്."

നമ്മുടെ ജീവിതത്തെ തനിക്കിഷ്ടമുള്ള നിലയിൽ ആക്കിത്തീർക്കുന്നതിനു സമ്പൂർണ്ണസ്വാതന്ത്ര്യം നൽകിക്കൊണ്ട് കലവറ കൂടാതെ, സ്വകാര്യഅജണ്ടയില്ലാതെ,നമ്മെത്തന്നെ ദൈവത്തിന് ഏൽപിച്ചുകൊടുത്താൽ പകരം വിജയം, സമാധാനം, തികവു സംബന്ധിച്ച ബോധ്യം എന്നിവ ലഭ്യമാകുമെന്നു തുടർന്നു വിശദീകരിച്ചപ്പോൾ 'ആ നിലയിൽ ഏൽപിച്ചുകൊടുക്കാൻ കഴിയുകയില്ലെ'ന്നായിരുന്നു അവന്റെ മറുപടി. എന്നാൽ എന്താണ് തുടർന്നു ചെയ്യേണ്ടത് എന്നു ചോദിച്ചപ്പോൾ മറുപടി ഇങ്ങനെ: "നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിച്ചാൽ മതി."

അവന്റെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ കിടന്നതിൽ എന്താണത്ഭുതം? അവൻ ക്രിസ്തുവിന്റെ അടുത്തു പത്തുവട്ടം വന്നപ്പോഴും അവൻ ആഗ്രഹിച്ചതു തന്നെത്തന്നെ പ്രസാദിപ്പിക്കുന്ന ഒരു ജീവിതം നയിക്കുമ്പോൾ പ്രശ്നങ്ങളിൽനിന്നു അവിടുന്ന് വിടുവിക്കണമെന്നു മാത്രമാണ്. ഒടുവിൽ തന്നെ സംബന്ധിച്ച ആ സത്യത്തെ അഭിമുഖീകരിച്ചപ്പോഴും അവന് അത് ഏറ്റെടുക്കാൻ കഴിഞ്ഞില്ല!

ജീവിതത്തിന്റെ നിയന്ത്രണം ദൈവത്തിനു കൈമാറ്റം ചെയ്യാതെ വിജയകരമായ ജീവിതം സാധ്യമല്ല. പലർക്കും ഒരു മാറ്റം(change) വേണം; പക്ഷേ ഒരു കൈമാറ്റത്തിനു(exchange) അവർ തയ്യാറല്ല.

നാം ദൈവത്തിനായി ആ നിലയിൽ സമർപ്പിച്ചുവെങ്കിൽ തുടർന്ന് എന്താണ് ചെയ്യേണ്ടത്? നാം വിശ്വാസത്താൽ പരിശുദ്ധാത്മാവിൽ ആശ്രയിച്ച് അനുദിനം ജീവിക്കുകയാണ് വേണ്ടത്. നമ്മിലല്ല നമ്മുടെ ആശ്രയം, മറിച്ച് ദൈവശക്തിയായ പരിശുദ്ധാത്മാവിലാണ്. നാം നമ്മിൽത്തന്നെ ബലഹീനരാകുമ്പോൾ നമ്മുടെ ബലഹീനതയിൽ തികഞ്ഞുവരുന്നതാണല്ലോ ദൈവശക്തി. എന്നാൽ പലരുടെയും പ്രശ്നം അവർ നാൾ കഴിയുംതോറും ബലഹീനരാകുകയല്ല, തങ്ങളിൽത്തന്നെ ശക്തരാകുന്നു എന്നതാണ്. ഫലം വിജയം നൽകുന്ന ദൈവശക്തി അവരിൽ തികഞ്ഞുവരുന്നില്ല; അവർ പരാജയപ്പെട്ടുപോകുന്നു.

യേശുകർത്താവ് എപ്പോഴും നമ്മോടു പറയുന്നത് 'എന്റെ കൃപ നിനക്കു മതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു' എന്നാണ്(2കൊരി.12:9). കൃപപോലെ ശക്തിയും അവിടുത്തേതാണ്. ശക്തി ക്രിസ്തുവിലും അവിടുന്നു പൂർത്തീകരിച്ച പ്രവൃത്തിയിലുമാണ്. അവിടുത്തോടുള്ള താദാത്മ്യത്തിൽ, പരിശുദ്ധാത്മാവിനാൽ ഈ ശക്തി നമ്മിലേക്കു പകരും.പാപത്തിന്മേൽ ആ ശക്തിയാൽ നാം ജയം നേടുകയും ചെയ്യും.

ഇതിന് ഒരു പ്രായോഗികമായ ഉദാഹരണം എർവിൻ ലസ്റ്റർ എന്ന ദൈവദാസൻ 'ഈ ലോകത്തിൽ എങ്ങനെ എനിക്കു വിശുദ്ധനായിരിക്കുവാൻ കഴിയും' എന്ന തന്റെ ഗ്രന്ഥത്തിൽ നൽകുന്നത് ഇങ്ങനെയാണ്. "തെറ്റിദ്ധാരണ മൂലം എനിക്കൊരാളോടു വലിയ കോപം ഉണ്ടായി. അയാൾ എന്നോടു ഒരു വലിയ തെറ്റു ചെയ്തു എന്നായിരുന്നു എന്റെ ധാരണ. അയാളോടുള്ള വലിയ കോപം എനിക്കടക്കാൻ കഴിഞ്ഞില്ല. എന്റെ കോപം പാപമാണെന്ന് എനിക്കറിയാമായിരുന്നു. എന്നിട്ടും വിട്ടുകളയുവാൻ എനിക്കു കഴിഞ്ഞില്ല. ക്രമേണ അതെന്റെ മനോ

(ശേഷം പേജ് 39 ൽ)



ഞാനല്ല ക്രിസ്തുവത്രേ എന്നിൽ-2

# ബലഹീനതയിൽ തികയുന്ന ദൈവശക്തി.

വാച്ച്മാൻ നീ



**കോപിക്കുവാനുള്ള സാഹചര്യം വരുമ്പോൾ തന്നെ എങ്ങനെയെങ്കിലും അത് അടക്കിനിർത്തുവാനുള്ള തത്രപ്പാടിലാണ് നിങ്ങൾ ! എന്താണിതിന്റെ അർത്ഥം? അസാദ്ധ്യമായ കാര്യങ്ങളെ സാദ്ധ്യമാക്കാനുള്ള നിങ്ങളുടെ ശ്രമമാണത്.**

**റോ**മാലേഖനം 7-ാമദ്ധ്യായം വളരെ ശ്രദ്ധേയമാണ്. തന്നിലുള്ള അമിതമായ പ്രതീക്ഷ നിമിത്തം ഇവിടെ പരാമർശിച്ചിരിക്കുന്ന വ്യക്തി നിരന്തരമായ പോരാട്ടത്തിലാണ്. ദൈവത്തെ പ്രീതിപ്പെടുത്തുവാനും അതോടൊപ്പം ന്യായപ്രമാണം കർശനമായി പാലിക്കാനുമുള്ള വ്യഗ്രതയിലാണ് അയാൾ. ഫലമോ സർവ്വത്ര പരാജയം. എന്നാൽ പിന്നീട് ദൈവത്തിന്റെ പരമജ്ഞാനത്തെ അയാൾ അംഗീകരിക്കുന്നതും ക്രൂശുമരണത്തിൽ തന്നെ പങ്കാളിയാക്കിയത് ശരിയായ ദൈവപ്രവൃത്തി തന്നെയെന്നു സമ്മതിക്കുന്നതും നാം കാണുന്നു.

വേണ്ടത്ര പരാജയപ്പെടാത്തതുകൊണ്ടോ വേണ്ടത്ര പാപം ചെയ്തതായി ബോധ്യമില്ലാത്തതുകൊണ്ടോ ആണ് മിക്ക ക്രിസ്ത്യാനികൾക്കും ജയകരമായ ജീവിതം സാദ്ധ്യമാകാത്തത് എന്ന് തോന്നുന്നു. കൂടുതൽ പാപം ചെയ്തതായി ബോധ്യപ്പെട്ടിരുന്നെങ്കിൽ-ജഡത്തിന്റെ മ്ലേച്ഛത മനസ്സിലാക്കിയിരുന്നെങ്കിൽ- ജയകരമായ ജീവിതം അവർക്കു കുറെക്കൂടി എളുപ്പമാകുമായിരുന്നു. റോമർ ഏഴാമദ്ധ്യായത്തിൽ നമ്മെയെല്ലാം പ്രതിനിധീകരിച്ചുകൊണ്ട് പൗലൊസ് അപ്പൊസ്തലൻ വിലപിക്കുകയാണ്: "അയ്യോ

ഞാൻ അരിഷ്ടമനുഷ്യൻ! ഈ മരണത്തിനധീനമായ ശരീരത്തിൽ നിന്ന് എന്നെ ആർ വിടുവിക്കും?" മരണത്തിന് അധീനമായ ഈ ശരീരത്തെ സ്വയം വിടുവിപ്പാൻ കഴിയുകയില്ല എന്നും ആരുടെയെങ്കിലും സഹായം അതിനാവശ്യമാണ് എന്നുമുള്ള തിരിച്ചറിവ് വിജയത്തിലേക്കുള്ള വഴിയിൽ നിങ്ങളെ എത്തിച്ചിരിക്കുകയാണ്. നമ്മുടെ നിസ്സഹായത വ്യക്തമായി മനസ്സിലാക്കിയില്ലെങ്കിൽ ക്രൂശിന്റെ മൂല്യം അംഗീകരിക്കുവാനും, ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്നോ, ഇനി ഞാനല്ല ജീവിക്കുന്നത് എന്നോ പറയുവാനും സാധിക്കുകയില്ല. ഇപ്പോഴും ജഡത്തിലുള്ള പ്രതീക്ഷ കൈവെടിഞ്ഞിട്ടില്ലെങ്കിൽ സൂക്ഷിക്കുക! നാം പ്രയോജനശാലികളാണെന്നുള്ള ചിന്തയിൽ നിന്നുളവാകുന്ന ആ മിഥ്യാധാരണ ഉള്ളേടത്തോളം കാലം 'ഞാനല്ല' എന്നു നാം പറയുകയില്ല.

വിജയകരമായ ജീവിതം തങ്ങളുടെ സ്വന്തം പരിശ്രമം കൊണ്ട് അസാധ്യമാണെന്നു മനസ്സിലാക്കിയിട്ടുള്ള സഹോദരങ്ങൾക്കായി ദൈവത്തിന് നന്ദി പറയാം. സഹോദരാ, നിന്നിലുള്ള പ്രതീക്ഷ നീ കൈവിട്ടില്ലേ? ജയകരമായ ജീവിതം നിനക്കു സാധ്യമാണെന്നാണോ ഇപ്പോഴും നിന്റെ ചിന്ത? കർത്താവു നിനക്കുവേണ്ടി ജയാളിയാകുമെന്നുള്ളതിന് രണ്ടുപക്ഷമില്ല. പക്ഷേ ഒരു വ്യവസ്ഥയുണ്ട്. "എന്നെക്കൊണ്ട് സാധ്യമാണ്" എന്നു നീ കരുതരുത്? കഴിഞ്ഞ കാലങ്ങളിൽ പരാജയത്തിന്റെ രുചി അറിയുവാൻ അനേക തവണ ദൈവം നിന്നെ അനുവദിച്ചിട്ടും, ഇപ്പോഴും നിന്റെ ഹൃദയം സ്വന്തം പരിശ്രമങ്ങൾക്കു മരിച്ചിട്ടില്ല. ഭാവിയിൽ നിനക്കു മുന്നേറുവാൻ ഒരവസരം ഉണ്ടാകുമോ എന്നറിയുവാൻ വളരെ നിർണ്ണായക്മായ ഒരു ചോദ്യത്തിന് നീ ഉത്തരം കണ്ടെത്തേണ്ടിയിരിക്കുന്നു. നിന്നെക്കൊണ്ട് സാദ്ധ്യമാണോ അല്ലയോ? "എന്നെക്കൊണ്ട് സാദ്ധ്യമാണെന്നും ഇതെല്ലാം കൈകാര്യം ചെയ്യുവാൻ ഞാൻ തന്നെ ധാരാളം" എന്നുമുള്ള ചിന്തയാണ് നീ വച്ചു പുലർത്തുന്നതെങ്കിൽ സഹോദരാ, ക്രിസ്തുവിന് നിന്നിൽ പ്രവർത്തിക്കുവാൻ സാധിക്കുകയില്ല. തീർത്തും നിസ്സഹായരായവർക്കുവേണ്ടി മാത്രം ജീവിക്കുവാനേ ക്രിസ്തുവിന് കഴിയൂ. പൂർണ്ണമായി പരാജയപ്പെട്ടവർക്കുമാത്രമേ പ്രതിസന്ധികളെ തരണം ചെയ്യാൻ കഴിയുകയുള്ളൂ. അവരെയാണു വിജയം കാത്തിരിക്കുന്നത്. പൂർണ്ണമായി നീ പരാജയപ്പെട്ടില്ല എങ്കിൽ ക്രിസ്തു നിനക്കുവേണ്ടി ജയാളിയാകുകയില്ല. അതുകൊണ്ട് എന്നെക്കൊണ്ട് അസാധ്യമാണെന്ന് നീ ഏറ്റുപറയുക. അതാണ് ഒന്നാമത്തെ വ്യവസ്ഥ.

നമ്മെക്കൊണ്ട് ഒന്നും സാധിക്കുകയില്ല എന്നത് ഒരു പ്രധാനകാര്യമാണ്. അതിനുള്ള ശ്രമം ഉപേക്ഷിക്കുക എന്നത് അതിലും വലിയ കാര്യമാണ്. ചെയ്യാൻ പറ്റാത്ത കാര്യം ചെയ്യാൻ ശ്രമിക്കരുത്. ഇതറിഞ്ഞിട്ടും എല്ലാം നേരെയാക്കാനുള്ള നിതാന്തപരിശ്രമത്തിലാണ് നാം. നമ്മുടെ സകല ശക്തിയും കഴിവും ഇതിനായി ഉപയോഗിക്കുവാൻ എന്തൊരു വ്യഗ്രതയാണ് നാം കാണിക്കുന്നത്! ഒന്നാമത്, നമ്മെക്കൊണ്ട് വിജയിക്കുവാൻ സാധ്യമല്ല എന്നു മനസ്സിലാക്കുക, രണ്ടാമത്, അതിനായുള്ള എല്ലാ ശ്രമവും ഉപേക്ഷിക്കുക. അപ്പോൾ വിജയം സാദ്ധ്യമാകും. ഈ വ്യവസ്ഥകൾ പാലിക്കാതിരുന്നിട്ടും; കൂടുതൽ ജാഗ്രതയോടെ പ്രാർത്ഥിച്ചിരുന്നുവെങ്കിൽ കൂടുതൽ തീരുമാനങ്ങൾ എടുത്തിരുന്നുവെങ്കിൽ എല്ലാം നേരെയാകുമെന്നുള്ള മിഥ്യാധാരണയിലാണ് നാം. ചെയ്യാൻ പറ്റാത്ത കാര്യം എങ്ങനെയെങ്കിലും





ചെയ്യാനുള്ള തത്രപ്പാടിലാണ് നാം എപ്പോഴും.

നൂറ്റമ്പതു കിലോഗ്രാം ഭാരമുള്ള ഒരു സാധനം ഉയർത്തുവാൻ നിങ്ങളോടു ആവശ്യപ്പെട്ടു എന്നു സങ്കല്പിക്കുക. 100 കിലോഗ്രാം ഭാരം ഉയർത്തുവാനേ നിങ്ങൾക്കു കഴിയൂ അതുകൊണ്ട് 150 കിലോഗ്രാം ഭാരം ഉയർത്തുന്ന കാര്യം നിങ്ങൾ ചിന്തിക്കുകയേയില്ല. "ഏതായാലും ഒന്നു ശ്രമിച്ചു നോക്കുന്നതിലെന്താ ഇത്ര തെറ്റ്?" എന്ന മനോഭാവത്തോടുകൂടി അറിഞ്ഞുകൊണ്ടു തന്നെ ഭാരമുയർത്തുവാൻ ശ്രമിക്കുന്നവരല്ലേ നമ്മിൽ പലരും? മറിച്ച് "കർത്താവേ, എന്നെക്കൊണ്ട് ഈ കാര്യം സാധിക്കുകയില്ല, ഇതു ശരിയാക്കണമെന്ന് എനിക്കാഗ്രഹമില്ല, ഇതിനായി ഞാൻ ഇനി പരിശ്രമിക്കുകയില്ല." എന്നൊരു നിലപാടെടുത്തുകൂടേ? കൈകൾ കൂട്ടയെവിട്ടൊഴിയണം. 'പിടിവിടുക' എന്നത് ഒരു വലിയ തീരുമാനമാണ്. അതിൽ ഉറച്ചു നില്ക്കണം. നമ്മളിലുള്ള സകലപ്രതീക്ഷയും വിട്ടുകളഞ്ഞതുകൊണ്ടാണ് കർത്താവ് നമ്മെ ക്രൂശുമരണത്തിന് ഏല്പ്പിച്ചുകൊടുത്തത്. നാം ഇത് ഏറ്റു പറയുകയും അംഗീകരിക്കുകയും ചെയ്യണം.

നിർഭാഗ്യവശാൽ ഇപ്പോഴും നമ്മിലുള്ള പ്രതീക്ഷ നാം കൈവിട്ടിട്ടില്ല. ഉദാഹരണമായി നിങ്ങളൊരു മുൻകോപിയാണെന്നു വിചാരിക്കുക. എത്ര ശ്രമിച്ചാലും സ്വന്തമായിട്ട് ഇതിൽ നിന്നൊരു വിടുതൽ കിട്ടുകയില്ല എന്നും നിങ്ങൾക്കറിയാം. എങ്കിലും കോപം വരാൻ ഇടവരുത്തുന്ന എല്ലാ സാഹചര്യങ്ങളും വളരെ ശ്രദ്ധാപൂർവ്വം നിങ്ങൾ കൈകാര്യം ചെയ്യുന്നു. സംസാരത്തിൽ ശ്രദ്ധിക്കുന്നു, ചേർന്നുപോകാൻ പറ്റാത്തവരെ കാണുന്നതുതന്നെ ഒഴിവാക്കുന്നു. അഥവാ കണ്ടാൽ കണ്ടില്ലെന്നു നടിക്കുന്നു, ഇഷ്ടപ്പെട്ടവരുമായി കൂടുതൽ

**ഭാവിയിൽ നിനക്കു മുന്നേറുവാൻ ഒരവസരം ഉണ്ടാകുമോ എന്നറിയുവാൻ വളരെ നിർണ്ണായകമായ ഒരു ചോദ്യത്തിന് നീ ഉത്തരം കണ്ടെത്തേണ്ടിയിരിക്കുന്നു. നിന്നെക്കൊണ്ട് സാദ്ധ്യമാണോ അല്ലയോ? "എന്നെക്കൊണ്ട് സാദ്ധ്യമാണെന്നും ഇതെല്ലാം കൈകാര്യം ചെയ്യുവാൻ ഞാൻ തന്നെ ധാരാളം" എന്നുമുള്ള ചിന്തയാണ് നീ വച്ചു പുലർത്തുന്നതെങ്കിൽ സഹോദരാ, ക്രിസ്തുവിന് നിന്നിൽ പ്രവർത്തിക്കുവാൻ സാധിക്കുകയില്ല. തീർത്തും നിസ്സഹായരായവർക്കുവേണ്ടി മാത്രം ജീവിക്കുവാനേ ക്രിസ്തുവിന് കഴിയൂ.**

സഹകരിക്കുന്നു, ചിലപ്പോൾ പ്രാർത്ഥനയിൽ, അല്ലെങ്കിൽ മറ്റു കാര്യങ്ങളിൽ ശ്രദ്ധതിരിച്ച് ഇങ്ങനെ ഏതു വിധേനയും രക്ഷപെടാൻ നിങ്ങൾ കിണഞ്ഞു ശ്രമിക്കുകയാണ്. കോപിക്കുവാനുള്ള സാഹചര്യം വരുമ്പോൾ തന്നെ എങ്ങനെയെങ്കിലും അത് അടക്കിനിർത്തുവാനുള്ള തത്രപ്പാടിലാണ് നിങ്ങൾ ! എന്താണിതിന്റെ അർത്ഥം? അസാദ്ധ്യമായ കാര്യങ്ങളെ സാദ്ധ്യമാക്കാനുള്ള നിങ്ങളുടെ ശ്രമം. ഇത്തരമൊരു വ്യക്തി ഒരിക്കലും ജയാളിയാകുകയില്ല. എന്നുമാത്രമല്ല ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്ന് ഒരുകാലത്തും പറയുവാൻ ആ വ്യക്തിക്ക് സാധിക്കുകയില്ല.

പ്രിയ സഹോദരങ്ങളേ, വിജയകരമായ ജീവിതത്തിനുള്ള നിബന്ധന അത് നമ്മെക്കൊണ്ട അസാദ്ധ്യമാണെന്ന് അംഗീകരിക്കുന്നതാണ്. അതിനുള്ള എറ്റവും വലിയ തടസ്സം അത് സാദ്ധ്യമാക്കുവാനുള്ള ശ്രമമാണ്. വിജയം ക്രിസ്തുവിൽ നിന്നുള്ളതാണ്.

അത് നമുക്ക് പകരക്കാരനായി ജീവിക്കുന്ന ക്രിസ്തു തന്നെയാണ്. (1 ശമുവേൽ 15:21). നമ്മൾ എടുക്കേണ്ട തീരുമാനം ഇത്രേയുള്ളൂ. എന്നെക്കൊണ്ട് ജയകരമായ ജീവിതം അസാദ്ധ്യമാണ്, അത് നേടിയെടുക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നുമില്ല. ദൈവമേ, എന്നെ സഹായിക്കേണമേ. എന്റേതായ യാതൊരു പദ്ധതിയും ഇതിനായി ഞാൻ ആവിഷ്കരിക്കുകയില്ല.” ഇത്രയും ചെയ്യാമെങ്കിൽ നാം രക്ഷപ്പെട്ടു. സ്വന്തവിവേകത്തിൽ ഊന്നിപ്രവർത്തിക്കുന്നവരുടെ കാര്യത്തിൽ ഇടപെടുവാനോ അവർക്കുവേണ്ടി എന്തെങ്കിലും ചെയ്യുവാനോ ദൈവത്തിന് സാദ്ധ്യമല്ല. നമ്മുടേതായ തീരുമാനങ്ങൾക്കനുസരിച്ച് മുന്നോട്ടു പോകുവാൻ നാം തുടങ്ങുമ്പോൾ ദൈവം തന്റെ പ്രവൃത്തി നിർത്തി വെയ്ക്കും. ക്രിസ്തു നമ്മിൽ വസിക്കുന്നത്, നമ്മിൽക്കൂടെ ജീവിച്ചു കാണിക്കുന്നതിനാണ്. നമ്മുടെ പ്രവൃത്തികളെ അതേപടി കാത്തുസൂക്ഷിക്കുവാനുള്ള വ്യഗ്രത വിട്ടുകളഞ്ഞെങ്കിൽ മാത്രമേ ക്രിസ്തുവിന് തന്നെത്താൻ നമ്മിൽക്കൂടെ വെളിപ്പെടുത്തുവാൻ സാധിക്കൂ. നമ്മളാൽ ആവോളം ദൈവത്തെ സഹായിക്കാമെന്ന വ്യാമോഹത്തിൽ എന്തു പ്രവൃത്തി ചെയ്താലും ദൈവത്തിന്റെ കൃപ നമ്മെ വിട്ടുപോകും. ക്രിസ്തു നമുക്കുവേണ്ടി ജയാളി ആയില്ലെങ്കിൽ, നാം എന്തു നേടിയാലും അതു നമ്മുടെ മാത്രം വിജയമായിരിക്കും. ക്രിസ്തുവിന്റെ അധികാരത്തിന്റെ ഉദ്ദേശ്യം നമ്മുടെ ഇല്ലായ്മകളെ പരിഹരിക്കുക എന്നതോ, അവിടുത്തെ ജീവിതത്തിന്റെ ഉദ്ദേശ്യം നമ്മുടെ ജീവിതത്തിലെ കേടുവന്ന ഭാഗങ്ങൾ തുന്നിച്ചേർക്കുക എന്നതോ അല്ല! മറിച്ച് നമുക്ക് പകരക്കാരനായി നമ്മിൽ ജീവിക്കുവാനാണ് ക്രിസ്തു ആഗ്രഹിക്കുന്നത്. ക്രിസ്തു നമ്മുടെ പകരക്കാരനായി ജീവിക്കണമെന്ന് നാം ആഗ്രഹിക്കുന്നുവെങ്കിൽ നമ്മൾ സ്വയമായി ജീവിക്കുവാൻ പാടില്ല.

ദൈവം തന്റെ വഴി നമുക്കുവേണ്ടി ഒരുക്കുന്നതല്ലാതെ നമ്മെക്കൊണ്ട് ഒന്നും സാധിക്കുകയില്ല എന്ന് നാം അറിഞ്ഞിരിക്കണം. ‘യുദ്ധം യഹോവയ്ക്കുള്ളതാകുന്നു’. നമ്മൾ അതിൽ നുഴഞ്ഞു കയറി വഷളാക്കേണ്ട യാതൊരു കാര്യവുമില്ല. അതിനു മുതിർന്നാൽ നാം തോറ്റതു തന്നെ. ജയിക്കുവാനും അതിന്റെ പൂർണ്ണ അംഗീകാരം ഏറ്റെടുക്കുവാനും ഒക്കെ നമ്മൾ തീവ്രയത്നം നടത്തുമ്പോൾ ഓർക്കുക, ക്രിസ്തു നമ്മിൽ വസിക്കുന്നില്ല.!

മനുഷ്യന്റെ പ്രയത്നങ്ങളിലെല്ലാം അധികാരക്കൈമാറ്റത്തിനുള്ള സാദ്ധ്യത അല്ലെങ്കിൽ തങ്ങളുടെ പ്രയത്നങ്ങൾ ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് തുടർന്നുകൊണ്ടിരിക്കുവാനുള്ള സാദ്ധ്യത വളരെയധികമാണ്. ഉദാഹരണമായി വീട്ടുജോലിക്കായി പുതിയ ഒരാൾ വരുന്നുവെന്നിരിക്കട്ടെ. ശരിയായ രീതിയിൽ കാര്യങ്ങൾ ഏറ്റെടുക്കണമെങ്കിൽ, പഴയ ജോലിക്കാർ പോകുന്നതിനുമുമ്പ് തന്നെ പുതിയ ആൾ വന്ന് കാര്യങ്ങൾ മനസ്സിലാക്കണം. എന്നാൽ ദൈവത്തിന്റെ പ്രവൃത്തി ഇതിൽ നിന്നും തികച്ചും വിഭിന്നമാണ്. നമ്മൾ സ്വയമായി പിൻമാറിയില്ല എങ്കിൽ ഒരു ചുവടുപോലും ദൈവം മുമ്പോട്ടു വയ്ക്കുകയില്ല. നമ്മുടെ അദ്ധ്വാനത്തിന്റെ കൂടെ ദൈവത്തിന്റെ അദ്ധ്വാനവും കൂട്ടിച്ചേർക്കാമെന്നു കരുതിയാൽ അവിടുന്ന് ഒരിഞ്ചുപോലും മുന്നേറുകയില്ല. നമ്മൾ നിർത്തുമ്പോഴാണു ദൈവം തുടങ്ങുന്നത് “ക്രിസ്തു അത്രേ”, അതെപ്പോഴാകും? “ഞാൻ ഇല്ലാതാകുമ്പോൾ മാത്രം” കർത്താവിനോടൊത്ത് ഒരു കൂട്ടുപരിപാടി നടക്കുകയില്ല. എല്ലാം അവിടുത്തേക്ക് വിട്ടുകൊടുത്ത് നമ്മുടെ കൈകൾ സ്വതന്ത്രമാകുമ്പോൾ നാം ജയാളികളാകും.





**ക്രിസ്തു നമുക്കു വേണ്ടി ജയാളി ആയില്ലെങ്കിൽ, നാം എന്തു നേടിയാലും അതു നമ്മുടെ മാത്രം വിജയമായിരിക്കും. ക്രിസ്തുവിന്റെ അധികാരത്തിന്റെ ഉദ്ദേശ്യം നമ്മുടെ ഇല്ലായ്മകളെ പരിഹരിക്കുക എന്നതോ, അവിടുത്തെ ജീവിതത്തിന്റെ ഉദ്ദേശ്യം നമ്മുടെ ജീവിതത്തിലെ കേടുവന്ന ഭാഗങ്ങൾ തുന്നിചേർക്കുക എന്നതോ അല്ല! മറിച്ച് നമുക്ക് പകരക്കാരനായി നമ്മിൽ ജീവിക്കുവാനാണ് ക്രിസ്തു ആഗ്രഹിക്കുന്നത്. ക്രിസ്തു നമ്മുടെ പകരക്കാരനായി ജീവിക്കണമെന്ന് നാം ആഗ്രഹിക്കുന്നുവെങ്കിൽ നമ്മൾ സ്വയമായി ജീവിക്കുവാൻ പാടില്ല.**

ജയജീവിതം തങ്ങളാൽ അസാദ്ധ്യമാണെന്നു മനസ്സിലാക്കുന്ന ചിലർ കരച്ചിലും നിലവിളിയും തുടങ്ങും. ആത്മാവിന്റെ അഴുക്കുകളയുവാൻ, പാപത്തിന്റെ കറ കളയാൻ- പശ്ചാത്താപത്തിന്റെ കണ്ണുനീരിനു കഴിയും . യഥാർത്ഥത്തിൽ കർത്താവിന്റെ മുമ്പാകെ നമുക്ക് കണ്ണുനീരു കുറവല്ലേ? അനേക ക്രിസ്ത്യാനികളും സ്വന്തം പ്രശ്നങ്ങളും, തന്റെ ഒരു കുറവും മാത്രം കാണുകയാൽ ചെറുപ്പക്കാരനായ ആ പ്രമാണിയെപ്പോലെ (ലൂക്കോസ് 18) ദുഃഖത്തോടെ മടങ്ങിപ്പോവുകയാണ്. തങ്ങളാൽ അസാദ്ധ്യമാകയാൽ ദൈവത്താലും അസാദ്ധ്യമാണെന്ന് അവർ ചിന്തിക്കുന്നു. തങ്ങൾക്കുള്ളത് വിറ്റ് ദരിദ്രന്മാർക്കു വീതിച്ചു കൊടുക്കാൻ കഴിയാത്തതിനാൽ യാതൊരു പ്രതീക്ഷയും തങ്ങളെപ്പറ്റി വച്ചുപുലർത്താതെ ആശയറ്റിരിക്കുന്നു. സഹോദരാ, നീ തകർന്നു പോകരുതേ, പ്രതീക്ഷയ്ക്ക് വകയുണ്ട്.

ലൂക്കോസ് 19-ാം അദ്ധ്യായത്തിൽ ചുങ്കക്കാരനായ സക്കായിയെ നാം അറിയുന്നു. 18-ാം അദ്ധ്യായത്തിൽ പരിചയപ്പെട്ട പ്രമാണിയും, സക്കായിയും ധനവാന്മാരായിരുന്നു. സക്കായി വൃദ്ധനും പ്രമാണി ചെറുപ്പക്കാരനുമാണെന്ന വ്യത്യാസം മാത്രം. ലോകപ്രകാരം നോക്കിയാൽ പ്രായമായവർ പിശുക്കന്മാരും, ചെറുപ്പക്കാർ ധാരാളികളുമാണ്. എന്നാൽ യേശുവിന്റെ വിളികേട്ട് മരത്തിൽ നിന്നിറങ്ങിയ സക്കായിയിൽ നിന്നും അമ്പരപ്പിക്കുന്ന പ്രതികരണമാണുണ്ടായത്. ആരോടെങ്കിലും ചതിവായി വാങ്ങിയിട്ടുണ്ടെങ്കിൽ അതിന്റെ നാലിരട്ടി മടക്കിക്കൊടുക്കുമെന്നും, തന്റെ വസ്തുവകയിൽ പാതി ദരിദ്രന്മാർക്കു കൊടുക്കുന്നുവെന്നും അദ്ദേഹം സ്വമേധയാ പ്രസ്താവിക്കുന്നു. തനിക്കുള്ളതെല്ലാം കൊടുക്കുവാൻ ചെറുപ്പക്കാരനോട് യേശു പറഞ്ഞിട്ടുപോലും അയാൾ അനുസരിച്ചില്ല. പക്ഷേ പറയാതിരുന്നിട്ടും തനിക്കുള്ളതെല്ലാം കൊടുക്കുവാൻ സക്കായി തീരുമാനിച്ചു. എന്താണിവിടെ സംഭവിച്ചത്? മനുഷ്യരാൽ അസാദ്ധ്യമായത് ദൈവത്താൽ സാദ്ധ്യമാകുന്നു. ചെറുപ്പക്കാരന്റെ കാര്യത്തിൽ മനുഷ്യരാൽ അസാദ്ധ്യം. സക്കായിയുടെ കാര്യത്തിൽ ദൈവത്താൽ സാദ്ധ്യം. എന്താണ് ദൈവത്താൽ സാദ്ധ്യമാകുന്നത്? സക്കായിയും അബ്രഹാമിന്റെ മകൻ ആകയാൽ അവന്റെ വീടിനു രക്ഷവന്നു എന്നാണ് യേശു പറഞ്ഞത്. യേശു അവനെ പാപത്തിൽ നിന്ന് രക്ഷിച്ചിരിക്കുന്നു. എന്നാൽ രക്ഷപ്രാപിക്കുവാൻ തന്നെക്കൊണ്ട് ആവില്ല എന്നറിഞ്ഞിട്ടുപോലും ആ ചെറുപ്പക്കാരൻ യേശുവിന്റെ സഹായം ചോദിക്കുന്നില്ല.

കോപസ്വഭാവം, തെറ്റായചിന്തകൾ ജഡത്തിലേയും ആത്മാവിലേയും പാപങ്ങൾ ഇവയെപ്പറ്റി ബോദ്ധ്യം വരുമ്പോൾ ഒരു ക്രിസ്ത്യാനി എന്തു ചെയ്യും? ഇതിൽ നിന്നൊക്കെ മോചനം

നേടുന്ന ദിവസത്തിനായി അയാൾ കാത്തിരിക്കും. തങ്ങളുടെ കോപസ്വഭാവം അല്പം കൂടെ മാറ്റപ്പെട്ടിരുന്നുവെങ്കിൽ എന്ന് ആഗ്രഹിക്കുന്നവർ ആ സ്വഭാവത്തിനായി ദൈവത്തിന് നന്ദി പറയേണ്ടിയിരിക്കുന്നു. അതിൽ നിന്ന് മോചനം നേടുവാൻ തങ്ങളെക്കൊണ്ട് സാധിക്കുകയില്ല എന്നോർത്ത് സന്തോഷിക്കുകയാണ് വേണ്ടത്. എന്തെന്നാൽ ദൈവം അത് സാധ്യമാക്കിക്കൊടുക്കും.

**ബലഹീനതയിൽ പ്രശംസിക്കുന്നു.**

പൗലോസ് അപ്പൊസ്തലന്റെ വാക്കുകൾ ശ്രദ്ധിക്കുക. "അവൻ എന്നോട്: എന്റെ കൃപ നിനക്കുമതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു എന്നു പറഞ്ഞു. ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്റെ മേൽ ആവസിക്കേണ്ടതിനു ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും" (2 കൊരിന്ത്യർ 12:9). നെടുവീർപ്പിടാനും കരയാനും ഉള്ളതല്ല ബലഹീനത; പിന്നെയോ പ്രശംസിക്കാനുള്ളതത്രേ. ഇന്നിന്ന കാര്യങ്ങളിൽ ജയം തന്നതിനാൽ കർത്താവേ ഞാൻ നിനക്കു സ്തുതിയും സ്തോത്രവും അർപ്പിക്കുന്നു എന്ന് നിങ്ങൾ തീർച്ചയായും പറഞ്ഞിട്ടുണ്ടായിരിക്കും. എന്നാൽ പൂർണ്ണമായി പരാജയപ്പെടുവാൻ എന്നെ സഹായിച്ചതിനായി കർത്താവേ, ഞാൻ നിനക്കു സ്തുതിസ്തോത്രങ്ങൾ അർപ്പിക്കുന്നു. എന്ന് ആരെങ്കിലും എപ്പോഴെങ്കിലും പറഞ്ഞിട്ടുണ്ടോ? ക്ഷമിക്കാനുള്ള കൃപ തന്നതിന് നാം ദൈവത്തിന് നന്ദി പറഞ്ഞിട്ടുണ്ട്. ഇനിയും തീർച്ചയായും പറയും. കോപസ്വഭാവം, അസൂയ, അഹങ്കാരം, ആത്മാവിലെ അശുദ്ധി, പാപം ഇവയ്ക്കായി എന്നെങ്കിലും നന്ദി പറഞ്ഞിട്ടുണ്ടോ?. ഇതുവരെ പറഞ്ഞിട്ടില്ലെങ്കിൽ ഇനിയും പറഞ്ഞു തുടങ്ങാം.

"എന്റെ ബലഹീനതയിൽ പ്രശംസിക്കും" -എന്തുകൊണ്ടാണ് അപ്പോസ്തലൻ അങ്ങനെ പറഞ്ഞത്? 'പ്രശംസ' എന്ന വാക്ക് മൂലഭാഷയിൽ 'മഹത്വം' എന്നാണ്. തന്റെ ബലഹീനത മഹത്വമായിട്ടാണ് അദ്ദേഹം കരുതുന്നത്. കാരണം, ക്രിസ്തുവിന്റെ ശക്തി തന്നിൽ വെളിപ്പെടുവാനും തന്മേൽ ആവസിക്കുവാനും ഒരവസരം ഉണ്ടായത് ഈ ബലഹീനത നിമിത്തമാണ്. യാതൊരു ബലഹീനതയും ഇല്ലാത്തവരുടെ മേൽ ക്രിസ്തുവിന്റെ ശക്തി ആവസിക്കുകയില്ല. ബലഹീനത ഉള്ളവർക്കേ തികഞ്ഞു വരുന്ന ദൈവശക്തി രുചിച്ചറിയുവാൻ സാധിക്കൂ. കർത്താവിന് എന്നിൽ പ്രവർത്തിക്കുവാൻ എന്റെ ബലഹീനതകൾ ഒരവസരം ഒരുക്കിയതിനാൽ ആ ബലഹീനതകളിൽ ഞാൻ പ്രശംസിക്കുന്നു. കർത്താവിന്റെ ശക്തി എന്നിൽ വെളിപ്പെടുവാനും ചില പ്രവൃത്തികൾ എന്നിൽ ചെയ്യുവാനും അവ കളമൊരിക്കിയിരിക്കുന്നു. ഹാലേലൂയ്യാ!

സഹോദരാ, ഏറ്റുപറയുവാൻ പറ്റാത്ത ഒരു പാപം, ദൈവമുമ്പാകെ സമർപ്പിക്കുവാൻ പറ്റാത്ത ഒരു കാര്യം, നീക്കുവാൻ പറ്റാത്ത ഒരു തടസ്സം- ഇതിലേതെങ്കിലും നിനക്കുണ്ടോ? ദൈവകൃപ നിനക്കു നഷ്ടപ്പെട്ടോ? നീ എന്തു ചെയ്യും? വിഷാദിച്ചിരിക്കുവാനാണോ ഭാവം? എങ്കിൽ ചെറുപ്പക്കാരനായ പ്രമാണിയും (ലൂക്കോസ് 18) നീയും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. അവൻ ദുഃഖിച്ചു മടങ്ങിപ്പോയി എന്നു നാം കാണുന്നു. എന്നാൽ ദൈവത്തിന്റെ മഹാകരുണയാൽ നമുക്ക് ആശയ്ക്കു വകയുണ്ട്. നാം വിഷാദിച്ചിരിക്കേണ്ട ആവശ്യമില്ല. തന്റെ കഴിവുകേടിനെക്കുറിച്ചുള്ള ബോദ്ധ്യത്തേക്കാൾ കർത്താവിന്റെ കഴിവ് മനസ്സിലാക്കാതിരുന്നതാണ് അയാളുടെ തെറ്റ്. അല്ലെങ്കിൽ തന്റെ





കഴിവുകേടിനെക്കാൾ കർത്താവിന്റെ കഴിവ് പ്രാവൃത്തികമാക്കാതിരുന്നതാണ് തെറ്റ്. തന്റെ ബലഹീനതകളെ മനസ്സിലാക്കുന്നത് പാപമല്ല, എന്നാൽ ദൈവത്തിന്റെ ശക്തിയിൽ വിശ്വസിക്കാതിരിക്കുന്നത് പാപമാണ്. തന്റെ സമ്പത്ത് വിട്ടുകൊടുക്കുവാൻ സാധിക്കുന്നില്ലെന്നത് പാപമല്ല, എന്നാൽ ഒരുവനെ അതിനു പ്രേരിപ്പിക്കുവാൻ ദൈവത്തിന് കഴിയുമെന്ന് വിശ്വസിക്കാതിരിക്കുന്നത് പാപമാണ്. കോപസ്വഭാവം ഉണ്ടെന്നു മനസ്സിലാക്കുന്നതു പാപമല്ല, എന്നാൽ ദൈവത്തിന് ഒരു വ്യക്തിയിൽ ക്ഷമയായി വർത്തിക്കുവാൻ സാധിക്കും എന്ന് വിശ്വസിക്കാതിരിക്കുന്നത് പാപമാണ്. തരണം ചെയ്യാനാവാത്ത ഒരു പാപം ഉണ്ടെന്നുള്ളത് തിരിച്ചറിയുന്നത് അതിൽത്തന്നെ ഒരു പാപമല്ല; എന്നാൽ ആ പാപത്തിന്മേൽ ഒരു വ്യക്തിക്കുവേണ്ടി വിജയം വരിക്കുവാൻ ദൈവത്തിന് സാധിക്കുമെന്ന് വിശ്വസിക്കാതിരിക്കുന്നത് പാപമാണ്.

താൻ നിസ്സഹായനാണെന്ന് ഒരു വ്യക്തി മനസ്സിലാക്കുന്നത് മഹത്തായ ഒരു കാര്യമാണ്. ആ ചെറുപ്പക്കാരന്റെ നിസ്സഹായത അവനു മനസ്സിലാക്കികൊടുക്കണമെന്ന ഉദ്ദേശ്യമേ കർത്താവിനുണ്ടായിരുന്നുള്ളൂ. അതു മനസ്സിലാക്കാതെ ദുഃഖത്തോടെ അയാൾ മടങ്ങിപ്പോയി. നമ്മുടെ നിസ്സഹായത ദൈവം കാണിച്ചു തരുന്നത് നമ്മെ അധൈര്യപ്പെടുത്തുവാനല്ല. നമുക്ക് അസാധ്യമെന്നു കാണിക്കുമ്പോൾ തന്നെ തനിക്ക് സാദ്ധ്യമെന്ന് ദൈവം കാണിച്ചു തരും. നമ്മുടെ കഴിവില്ലായ്മ കാണിച്ചുതരുന്നതുതന്നെ നമ്മിൽ പ്രവർത്തിക്കുവാൻ അവിടുത്തേക്ക് കിട്ടിയ സുവർണ്ണാവസരത്തെപ്പറ്റി നാം ബോധവാന്മാരാകുന്നതിനാണ്. നമ്മുടെ നിസ്സഹായാവസ്ഥയും ദൈവത്തിന്റെ പൂർണ്ണതയും മനസ്സിലാക്കുമ്പോൾ ശ്വാസോച്ഛ്വാസം പോലെ അറിയാതെ തന്നെ നാം ദൈവത്തിന് നന്ദി കരേറ്റും. നിന്റെ ബലഹീനതകളും പാപങ്ങളും നിമിത്തം കഴിഞ്ഞ കാലങ്ങളിൽ സങ്കടപ്പെട്ടും നിലവിളിച്ചും കഴിഞ്ഞിരുന്ന സഹോദരാ, ഇതാ നിനക്കൊരു സുവാർത്ത! നീ ഇനിയും അവയിൽ പ്രശംസിക്കുകയും, അവയ്ക്കായി ദൈവത്തെ സ്തുതിക്കുകയും ചെയ്യുക. നിന്റെ നിസ്സഹായാവസ്ഥയും ദൈവത്തിന്റെ അപ്രമേയശക്തിയും നീ അംഗീകരിക്കുക- നീ വിജയകരമായ ജീവിതത്തിലേക്കുള്ള പാതയിൽ എത്തിച്ചേർന്നിരിക്കുന്നു.

**അസാദ്ധ്യതകളെ മാത്രം കൈകാര്യം ചെയ്യുന്ന കർത്താവ്**

മഞ്ചൂറിയൻ സ്വദേശിയായ ഒരു പട്ടാളഡോക്ടറെ ഒരിക്കൽ ചെഫൂ എന്ന സ്ഥലത്ത് വെച്ച് ഞാൻ കാണുവാനിടയായി. മഞ്ചൂറിയയിൽ വച്ച് യേശുവിനെ രക്ഷകനായി സ്വീകരിച്ച അദ്ദേഹം ഏകദേശം ഒരു വർഷക്കാലം ചെഫൂവിലും വൈദ്യസേവനം അനുഷ്ഠിച്ചിരുന്നു. ജയകരമായ ജീവിതത്തിന്റെ അനുഭവങ്ങളിൽ കൂടെ കടന്നുപോയിക്കൊണ്ടിരുന്ന അദ്ദേഹം ആ വിഷയത്തെപ്പറ്റിയുള്ള എന്റെ ഒരു കോൺഫറൻസിൽ പങ്കെടുക്കുവാനിടയായി. ഒരു ദിവസം അദ്ദേഹം വളരെ നിരാശയോടെ എന്റെ അടുത്തു വന്നിട്ട് പിറ്റേദിവസം രാവിലെ ഒന്നു നേരിൽ സംസാരിക്കുവാൻ അവസരം തരണമെന്ന് അഭ്യർത്ഥിച്ചു. അടുത്ത ദിവസം ഞാൻ വളരെ തിരക്കിലായിരിക്കുമെന്നതിനാൽ ഇന്ന് വൈകുന്നേരം തന്നെ കാണുന്നതായിരിക്കും നല്ലതെന്ന് ഞാൻ അഭിപ്രായപ്പെട്ടു. തന്റെ പ്രശ്നം ഗുരുതരമാണെന്നും കാര്യങ്ങൾ സംസാരിക്കുവാൻ ഏറെ സമയം വേണ്ടിവരുമെന്നും അദ്ദേഹം തുടർന്നു പറഞ്ഞതിനാൽ പിറ്റേദിവസം രാവിലെ 9 മണിക്ക് ഒരു സഭാ

(ശേഷം പേജ് 36 ൽ)

# സി.എച്ച് സ്പർജൻ: പ്രസംഗപീഠത്തിലെ കൊടുങ്കാറ്റ്

**ക**ഠിനമായ സമയങ്ങൾ എല്ലാവരും നേരിടേണ്ടി വരും. നമ്മുടെ കാലഘട്ടത്തിൽ നിരവധി വേദനാസംഹാരികൾ (മയക്കുമരുന്നുകൾ) ലഭ്യമാണ്. ഇൻഷ്വറൻസ് പോളിസികൾ, മരുന്നുകൾ, മനഃശാസ്ത്രജ്ഞന്മാർ, മതങ്ങൾ, മദ്യം, സെക്സ് ഇവയൊക്കെയാണവ. ജീവിതം ഉള്ളിടത്തോളം പ്രതിസന്ധികൾ ഒഴിവാക്കാനാവാത്തവയാണെന്ന വസ്തുത മറ്റൊന്നുകൊണ്ടും മായിച്ചു കളയാൻ കഴിയുകയില്ല.



പത്തൊമ്പതാം നൂറ്റാണ്ടിലെ ജനപ്രീതിനേടിയ പ്രസംഗകരിൽ പ്രഥമഗണനീയനായിരുന്നു ചാൾസ് ഹാഡൊൺ സ്പർജൻ. അദ്ദേഹം കൂടെക്കൂടെ തന്റെ ശ്രോതാക്കളെ ഓർമ്മിപ്പിക്കുമായിരുന്നു, സുവർണ്ണകാലത്തു പോലും ദുർഘട സമയങ്ങൾ പ്രതീക്ഷിക്കണം എന്ന.  ́ പത്തൊമ്പതാം നൂറ്റാണ്ട് "പുരോഗതിയുടെ കാലഘട്ടം"എന്ന് വിശേഷിക്കപ്പെട്ടിരിക്കുന്നതിനാൽ സുവിശേഷ പ്രസംഗകനായിരുന്ന സ്പർജന് ഈവിധം മുന്നറിയിപ്പ് നൽകാതിരിക്കാൻ കഴിയുമായിരുന്നില്ല. എവിടെയും ശുഭാപ്തി വിശ്വാസം നിറഞ്ഞു നിന്ന കാലം. ബൈബിൾ നന്നായി ഗ്രഹിച്ചിരുന്ന സ്പർജന് വിശ്വസ്തതയോടെ വചനം പ്രസംഗിക്കണമെങ്കിൽ ജീവിതത്തിലെ കൊടുങ്കാറ്റുകളെ അവഗണിക്കുക അസാദ്ധ്യമായിരുന്നു.

സ്പർജന്റെ പിതാവും പിതാമഹനും സ്വതന്ത്രസഭകളുടെ ശുശ്രൂഷകന്മാരായിരുന്നു. എന്നാൽ അദ്ദേഹത്തിന് വീണ്ടും ജനന അനുഭവം ഉണ്ടായത് ഒരു പഴയ മെഥൊഡിസ്റ്റ് ചാപ്പലിൽ വച്ചായിരുന്നു. മഞ്ഞുപെയ്യുന്ന കാലാവസ്ഥയിൽ 1850-ാമാണ്ട് പ്രാരംഭത്തിൽ കോടക്കാറ്റിൽ നിന്ന് രക്ഷപെടാൻ ചെറുപ്പക്കാരനായിരുന്ന സ്പർജൻ ആ പഴയ ചാപ്പലിൽ പ്രവേശിച്ചതായിരുന്നു. "ക്രിസ്തുവിങ്കലേക്കു നോക്കുവാൻ" അപ്പോൾ അവിടെ വചനം പ്രസംഗിച്ചുകൊണ്ടിരുന്ന ഒരു അൽമായ പ്രസംഗകൻ ആഹ്വാനം ചെയ്ത സന്ദർഭം. ആ ആഹ്വാനം ചെറുപ്പക്കാരനായ സ്പർജൻ സ്വീകരിക്കുകയും അത് പുതിയൊരു വഴിത്തിരിവാകുകയും ചെയ്തു.

വിശ്വാസസ്നാനം സ്വീകരിച്ച ശേഷം കൗമാരപ്രായം പിന്നിട്ടിട്ടില്ലാത്ത സ്പർജൻ പ്രസംഗം ആരംഭിച്ചു. വൈകാതെ വാട്ടർബീച്ച് ബാപ്റ്റിസ്റ്റ് സഭയുടെ പാസ്റ്റർ ആകുകയും ചെയ്തു. 1954 ൽ, മൂന്നു വർഷങ്ങൾക്കുശേഷം ലണ്ടൻ പട്ടണത്തിന്റെ തെക്കുഭാഗത്തുള്ള പാർക്ക് സ്ട്രീറ്റ് ബാപ്റ്റിസ്റ്റ് ചാപ്പലിൽ ശുശ്രൂഷകനാകാനുള്ള ക്ഷണം അദ്ദേഹം സ്വീകരിച്ചു.





വ്യക്തമായ ശബ്ദം, ഇംഗ്ലീഷ് ഭാഷാപാടവം , നർമ്മബോധം, ദൈവവചനപരിജ്ഞാനം എന്നീ കാര്യങ്ങൾ സ്പർജനെ ഫലപ്രദമായ ശുശ്രൂഷ ചെയ്യുന്ന ജനപ്രിയനായ ഒരു പ്രസംഗകനാക്കിമാറ്റി. പാർക്ക് സ്ട്രീറ്റ് ചാപ്പൽ നിറഞ്ഞുകവിഞ്ഞതിനാൽ 1859 ൽ ആ സഭാംഗങ്ങൾ വിശാലമായ മെട്രോപൊലീത്തൻ ടാബർനാക്കിൾ നിർമ്മിക്കുവാൻ ഇടയായി. 38 വർഷം നീണ്ടുനിന്ന സ്പർജന്റെ ലണ്ടനിലെ ശുശ്രൂഷയുടെ ഫലമായി പതിനായിരത്തോളം പുതിയ അംഗങ്ങളെ ലഭിക്കുകയുണ്ടായി. പ്രസംഗപീഠം സ്പർജന്റെ ശുശ്രൂഷയുടെ കേന്ദ്രബിന്ദു എന്നു പറയാം.ഹൃദയത്തുടിപ്പു പോലെ. ദൈവവചനപ്രഘോഷണത്തിൽ മാത്രം അദ്ദേഹത്തിന്റെ ശുശ്രൂഷ ഒതുങ്ങി നിന്നില്ല. ലണ്ടൻ പട്ടണത്തിൽ ഒരു അനാഥാലയവും, ശുശ്രൂഷകരെ അഭ്യസിപ്പിക്കാനുള്ള ഒരു വേദശാസ്ത്ര കോളജും സ്ഥാപിച്ചു. മദ്യവർജ്ജനം, മിഷനറിവേല, പാവപ്പെട്ടവർക്ക് വസ്ത്രദാനം തുടങ്ങി നിരവധി മേഖലകളിലേക്ക് അദ്ദേഹത്തിന്റെ ശ്രദ്ധ കടന്നു ചെന്നിരുന്നു.

അച്ചടിവിദ്യയ്ക്ക് നന്ദിപറയാം. സ്പർജന്റ പ്രസംഗങ്ങളും, പുസ്തകങ്ങളും ലോകമെമ്പാടും പ്രചരിച്ചു. ഇന്നും നൂറുകണക്കിന് ക്രിസ്തീയ ശുശ്രൂഷകർ അവരുടെ ശുശ്രൂഷയ്ക്ക് ആവശ്യമായ പ്രചോദനവും, ആശയങ്ങളും സ്പർജന്റെ എഴുത്തുകളിൽ നിന്നാണ് കണ്ടെത്തുന്നത്. വരമൊഴിയുടെ ശക്തി വെളിപ്പെടുത്തുന്ന രണ്ട് ഹ്രസ്വമായ ഉദാഹരണങ്ങൾ താഴെ വായിക്കാം:

## ശൈത്യകാലം വരുമ്പോൾ

**ഭൂ**മിയുള്ള കാലത്തോളം വിതയും കൊയ്ത്തും ശീതവും ഉഷ്ണവും, വേനലും വർഷവും, രാവും, പകലും നിന്നു പോകുകയില്ല. (ഉല്പത്തി 8:22).

നശ്വരമായ ഈ ജീവിതത്തിൽ ഉഷ്ണകാലവും ശീതകാലവും, സമൃദ്ധിയും, ദാരിദ്ര്യവും ഞാൻ കണ്ടിട്ടുണ്ട്. പ്രിയസഹോദരാ ഈ ലോകത്തിൽ ആയിരിക്കുമ്പോൾ സദാ താമരപ്പുക്ക ളുടേയും, റോസാ ദളങ്ങളുടേയും ഇടയിൽ ആയിരിക്കുമെന്ന് പ്രതീക്ഷിക്കരുത്.വേനൽക്കാലം വരുമ്പോൾ ലഭ്യമായ എല്ലാ അനുകൂല സാഹചര്യങ്ങളും പ്രയോജനപ്പെടുത്തുകയും ഒരു കരുതൽ ശേഖരം ഉണ്ടാക്കുകയും ചെയ്യുന്നത് ജ്ഞാനത്തിന്റെ ലക്ഷണമത്രേ. എന്നാൽ ശൈത്യകാലവും പ്രതീക്ഷിക്കുക.

ഒരിക്കലും നഷ്ടം ഉണ്ടാകാത്ത ഏതെങ്കിലും ഒരു വ്യാപാരത്തിൽ നിങ്ങൾക്ക് പ്രവേശിക്കാൻ കഴിയുമോ എന്ന് എനിക്കറിഞ്ഞുകൂടാ. ഒരിക്കലും നിരാശ നേരിടേണ്ടി വരാത്ത എന്തെങ്കിലും ഒരു തൊഴിൽ മേഖല ഉണ്ടോ എന്നും വ്യക്തമല്ല. രാത്രി ഇല്ലാത്ത ഭൂമിയുടെ ഒരു മൂലയും ഞാൻ കണ്ടെത്തിയിട്ടില്ല. പാറക്കല്ലുകളില്ലാത്ത ഭൂമിയും, കൊടുങ്കാറ്റില്ലാത്ത സമുദ്രവും എനിക്ക് അജ്ഞാതമാണ്. ആത്മീയവും മാനസികവുമായ അനുഭവത്തെപ്പറ്റിപ്പറഞ്ഞാൽ ഭൂമി ഉള്ളടത്തോളം കാലം എന്റെ ജീവിതത്തിൽ ഉയർച്ചയും താഴ്ചയും, വേലിയേറ്റവും വേലിയിറക്കവും മാറിമാറി അനുഭവിക്കേണ്ടിവരും. അതിനാൽ ദൈവികൃപ

രിപാലനത്തിന്റെ ക്രമീകരണങ്ങളെ ചൊല്ലി ദൈവത്തോട് മുഷ്ടിയുദ്ധം ചെയ്യാതിരിക്കുന്നതാണ് ബുദ്ധി. വേനൽക്കാലം വരുമ്പോൾ "യഹോവ തന്നു അവിടുത്തെ നാമം വാഴ്ത്തപ്പെടട്ടെ" എന്നു പറയുക. ശീതകാലം വരുമ്പോൾ "യഹോവ എടുത്തു. അവിടുത്തെ നാമം വാഴ്ത്തപ്പെടട്ടെ" എന്നു പറയുക. ചിലപ്പോൾ അല്പം കൂടി പതിഞ്ഞ സ്വരത്തിൽ പാടേണ്ടിവന്നേക്കാം. എങ്കിലും നമ്മുടെ ആത്മാവിലെ സംഗീതത്തിന് മാറ്റം വരേണ്ടതില്ല. വിതയ്ക്കുകയാണെങ്കിലും കൊയ്യുകയാണെങ്കിലും കർത്താവിനെ സ്തുതിക്കുകയും അവിടുത്തെ നാമത്തെ മഹത്വപ്പെടുത്തുകയും ചെയ്യുക. കർത്താവിന് ഇഷ്ടമുള്ളത് അവിടുന്ന് ചെയ്യട്ടെ. എന്നാൽ നമ്മെ സംബന്ധിച്ചിടത്തോളം സ്തുതിക്കുന്നത് സദാ ഉചിതമായിരിക്കട്ടെ!

നീതിമാന്റെ അനർത്ഥങ്ങൾ അസംഖ്യമാകുന്നു. അവ എല്ലാറ്റിൽ നിന്നും യഹോവ അവനെ വിടുവിക്കുന്നു. (സങ്കീ 34:19).

വഴിതെറ്റി അലയുന്ന ആടിനെ വീട്ടിലേക്കു മടക്കിക്കൊണ്ടുവരാൻ നല്ല ഇടയനായ ദൈവം പലപ്പോഴും നമ്മുടെ ജീവിതത്തിൽ "നഷ്ടങ്ങൾ" വരുവാൻ അനുവദിക്കുന്നു. തെറ്റി ഉഴലുന്ന ആടുകളെ വേട്ടപ്പട്ടികളെപ്പോലെ അവ മടക്കിക്കൊണ്ടുവരുന്നു. അപ്പത്തിന് മുട്ടു വരുമ്പോഴും കഠിനമായ അദ്ധ്വാനം വേണ്ടി വരുമ്പോഴും ക്രിസ്ത്യാനി ദൈവഹിതത്തിന്റെ അനുസരണത്തിനായി ഒരുക്കപ്പെടുന്നത് നാം കണ്ടിട്ടുണ്ട്. സമ്പത്തു വർദ്ധിച്ച് വസ്തുവകകൾ ധാരാളം ഉണ്ടാകുമ്പോൾ പല മാന്യന്മാരും തല ഉയർത്തിപ്പിടിച്ച് ഗർവ്വോടെ സംസാരിക്കുന്നു. ദാവീദിനെപ്പോലെ അവർ പ്രശംസിച്ചു പറയുന്നത് "എന്റെ പർവ്വതം ഉറച്ചു നില്ക്കുന്നു. അത് ഒരു നാളും കുലുങ്ങിപ്പോവുകയില്ല" എന്നത്രേ. ക്രിസ്ത്യാനി സമ്പന്നനാകുമ്പോൾ, സൽപേര് വർദ്ധിക്കുമ്പോൾ, ആരോഗ്യവാനായിരിക്കുമ്പോൾ, സന്തുഷ്ട കുടുംബജീവിതം ഉണ്ടാകുമ്പോൾ മിക്കപ്പോഴും വഴിതെറ്റിപ്പോകുന്നു. അവൻ ഒരു യഥാർത്ഥ ദൈവപൈതലാണെങ്കിൽ ശാസനയുടേയും ശിക്ഷണത്തിന്റേയും ഒരു വടി അവനായി ദൈവം ഒരുക്കുകയാകും അപ്പോൾ.

നമ്മുടെ സന്തോഷങ്ങളിലും സുഖാനുഭൂതികളിലും മുഴുകിക്കഴിയുമ്പോഴല്ല, കർത്താവായ യേശുക്രിസ്തുവിനെ വിശ്വസിച്ച് അവനിൽ തന്നെ നാം വസിക്കുമ്പോഴാണ് നാം യഥാർത്ഥത്തിൽ 'ജീവിക്കുന്നത്'. പ്രതികൂല സാഹചര്യങ്ങളിലാണ് വിശ്വാസം ശക്തിയാർജ്ജിച്ച് വളരുന്നത്. സന്തോഷാനുഭൂതികൾ, വികാരങ്ങൾ, മറ്റനുഭവങ്ങൾ ഇവയിൽ നിന്നൊക്കെ സ്വതന്ത്രരാകുമ്പോഴാണ് വിശ്വാസം സ്വർഗ്ഗത്തോളമെത്തുന്നത്. രാത്രിയുടെ അനുഭവത്തിലൂടെ പോകുന്ന ആത്മാവേ, നിന്റെ രക്ഷകന്റെ ശക്തിയിൽ ആശ്രയിക്കുക. നിനക്കുള്ള ആ ചെറിയ വിശ്വാസം ഉപയോഗിക്കുക. ക്രമേണ കർത്താവ് തന്റെ ചിറകിൻ കീഴിൽ രോഗശാന്തിയോടുകൂടി നിനക്കായി ഉദിക്കുന്നത് നീ കാണും. വിശ്വാസത്തിൽ നിന്ന് വിശ്വാസത്തിലേക്ക് മുന്നേറുക. അനുഗ്രഹത്തിൽ നിന്ന് അനുഗ്രഹത്തിലേക്ക് നീ പ്രവേശിക്കും.

(കടപ്പാട്: All the saints adore Thee- Bruce Shelly)

സമ്പാദകൻ:- **മാത്യു ജോർജ്**





ചിന്തയ്ക്ക്

# ഒരു നല്ല കൂട്ടായ്മ എവിടെ കണ്ടെത്താം?

**പ**ലരും എന്നോട് ചോദിക്കുന്ന ഒരു ചോദ്യം. ഈ ചോദ്യത്തിന് ഒരു ഉത്തരം കണ്ടെത്താനുള്ള ശ്രമമാണിത്.

വെളിപ്പാടുപുസ്തകം മൂന്നാം അദ്ധ്യായത്തിൽ ലവോദിക്യസഭയെപ്പറ്റി നാം വായിക്കുന്നു. നമ്മുടെ കാലഘട്ടത്തിലെ ക്രൈസ്തവസഭയുടെ ഒരു സാമാന്യചിത്രത്തിനായി ലവോദിക്യസഭയെ ശ്രദ്ധിച്ചാൽ മതി. എന്നാൽ കഴിഞ്ഞ ഇരുപതു നൂറ്റാണ്ടുകളിലും ലവോദിക്യസഭകൾ സഭാചരിത്രത്തിൽ കാണാൻ കഴിയും എന്നതും മറന്നുകൂടാ. ലവോദിക്യസഭ സമ്പന്നയും, ശക്തയും, സ്വാധീനശക്തിയുള്ളവളും, സ്വയം പര്യാപ്തതയുമാണ്. എങ്കിലും ഈ സമ്പൽസമൃദ്ധി യേശുക്രിസ്തുവിനോടുള്ള ഒരു സജീവ ബന്ധത്തെക്കാൾ ലോകത്തിന് സ്വീകാര്യവും സുഖപ്രദവും സ്വാധീനശക്തിയുള്ളതുമായ ഒരു വേഷഭക്തിയെയാണ് ഉളവാക്കിയത്. സ്വയം പര്യാപ്തതയിൽ വളരെ മുമ്പോട്ടുപോയ ഈ സഭ യേശുവിനെ പുറന്തള്ളി സഭയ്ക്കു പുറത്താക്കി വാതിൽ അടച്ചിരിക്കയത്രേ. വെളിയിൽ നിന്ന് "ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ......." എന്ന് യേശു പറയുന്നതിന് മുമ്പുള്ള നാൽപ്പത്തിയെട്ട് വാക്യങ്ങൾ സഭകളോടുള്ള നാഥന്റെ വാക്കുകളാണെങ്കിൽ ഇവിടെ വ്യക്തിപരമായ ഒരു ബന്ധത്തിനായി യേശു വ്യക്തികളെ വിളിക്കുകയാണെന്ന കാര്യം ശ്രദ്ധിക്കുക. ഇത് ഒരു പുതിയ പ്രതിഭാസമല്ല; എല്ലാകാലത്തും ദൈവത്തിന്റെ ഹൃദയവാഞ്ഛ ഇപ്രകാരം ആയിരുന്നു. യിസ്രായേലിന്റെ ചരിത്രം തുടങ്ങുമ്പോൾമുതൽ സഭാകാലയളവിന്റെ ഈ ഘട്ടം വരെയും പുരുഷാരത്തിൽ നിന്നും വ്യക്തികളെ യഥാർത്ഥമായ ഒരു ഹൃദയബന്ധത്തിലേക്ക് ദൈവം വിളിച്ചുകൊണ്ടിരിക്കുന്നു. രാഷ്ട്രങ്ങളോടും, ആത്മീയ പ്രസ്ഥാനങ്ങളോടും, സഭകളോടും ദൈവം ഇടപെട്ട സന്ദർഭങ്ങൾ ഉണ്ടെന്നുള്ള വസ്തുത അംഗീകരിക്കുമ്പോൾ തന്നെ ദൈവവിളി എക്കാലവും വ്യക്തിപരമായിത്തന്നെ നിലകൊള്ളുന്നു.

ഇന്നും കാര്യങ്ങൾ വ്യത്യസ്തമല്ല. എല്ലാ സഭകളുടെയും,

ടെലിവിഷൻ സുവിശേഷീകരണത്തിന്റെയും, താരപ്രഭയുള്ള പ്രസംഗകരുടെയും, നിർജ്ജീവമായ പാരമ്പര്യങ്ങളുടെയും നടുവിൽ തന്നോടൊപ്പം വ്യക്തിപരമായ ഒരു നടപ്പിനായി ദൈവം നമ്മെ വിളിക്കുന്നു. നമുക്കു പരിചിതമായ സഭാചട്ടക്കൂടുകൾക്കു പുറത്ത് ഇത്തരം ക്രിസ്തീയത എങ്ങനെ പ്രാവൃത്തികമാക്കാൻ കഴിയും എന്നതാണ് പ്രസക്തമായ ചോദ്യം. ചിലർ 'ശരിയായ' സഭതേടി ഒരിടത്തു നിന്ന് മറ്റൊരിടത്തേക്കും, വീണ്ടും മറ്റൊരിടത്തേയ്ക്കും മാറി ഒടുവിൽ ഹതാശരായി മടങ്ങുന്നു. മറ്റുചിലരാകട്ടെ, എന്തെങ്കിലും ചട്ടക്കൂട് തികച്ചും വേദവിപരീതമാണെന്നു കരുതി എല്ലാവിധത്തിലുമുള്ള ആത്മീയ അധികാരത്തെയും എതിർത്തുകൊണ്ടു മറ്റു ക്രിസ്തീയ വിശ്വാസികളുമായുള്ള അയഞ്ഞ ബന്ധം മാത്രമാണ് സഭയുടെ യഥാർത്ഥരൂപം എന്ന് കരുതുന്നു. ദൈവവചന വിരുദ്ധമായ സഭാചട്ടക്കൂ

ടുകളോടൊപ്പം ശരിയായ വ്യവസ്ഥകളേയും ഉപേക്ഷിക്കുന്നവരാണ് ഈ കൂട്ടർ. ഏതെങ്കിലും ഒരു സഭാചട്ടക്കൂടിന് വിധേയപ്പെടാത്ത സ്വാതന്ത്ര്യത്തിനായുള്ള വാഞ്ഛ അവരെ ഒരുതരം അടിമത്തത്തിലാണ് കൊണ്ടെത്തിക്കുന്നത് . എഴുതപ്പെട്ട ആരാധനാക്രമങ്ങൾ ഉപയോഗിക്കുന്നതിനേക്കാൾ ആത്മാവിനാൽ നടത്തപ്പെടാനുള്ള പരിശ്രമത്തിൽ മിക്കപ്പോഴും ജഡത്തിന്റെ തോന്നലുകളെയും മോഹങ്ങളേയും ആണ് ഈ കൂട്ടർ അനുസരിക്കുന്നത്. ചിലരാകട്ടെ, എല്ലാതരത്തിലുമുള്ള സഭാ കൂടിവരവുകളെയും, വിശ്വാസസമൂഹങ്ങളേയും പറ്റി സംശയാലുക്കളായി വീടുകളിൽത്തന്നെ കഴിയുന്നു. ഇവർ വേഗത്തിൽ ഏകാന്ത പഥികരും അന്തർമുഖരുമായിത്തീരുന്നു. ക്രമേണ ക്രിസ്തീയ നടപ്പിനെക്കാൾ ഈ ലോകത്തിന്റെ വസ്തുക്കൾ അവർക്ക് കൂടുതൽ ആകർഷകമായിത്തീരുകയും ചെയ്യുന്നു. വെറും ചടങ്ങുമാത്രമായ ഭക്തിയുടെ ഒരു വേഷം മാത്രം അവശേഷിക്കുന്നു.

'ഇനി എങ്ങോട്ട്?'-ഇതാണ് എല്ലാവരും ചോദിക്കുന്ന ചോദ്യം.

സാർവ്വലൗകികപ്രസക്തിയുള്ള ഒരു സഭാകൂടിവരവിന്റെ മാതൃക പുതിയനിയമത്തിൽ കണ്ടെത്തുവാൻ കഴികയില്ല. ക്രിസ്തുവിശ്വാസികൾ കൂട്ടായ്മയ്ക്കായി കൂടിവരാൻ ചില പ്രമാണങ്ങൾ മാത്രമാണ് പുതിയനിയമം നൽകുന്നത്. ഉദാഹരണത്തിന് എവിടെ കൂടിവരണം എന്ന് തിരുവചനം നിഷ്കർഷിക്കുന്നില്ല. ചിലർ ഭവനങ്ങളിലും, ചിലർ സിനഗോഗുകളിലും, ചിലർ മാളികമുറിയിലും, ചിലർ ചന്തസ്ഥലങ്ങളിലും, ചിലർ ശലോമോന്റെ മണ്ഡപത്തിലും കൂടിവന്നു. വിശ്വാസികളായ നാം ഒരുമിച്ച് കൂടിവരണം എന്ന് തിരുവചനം നിഷ്കർഷിക്കുന്നുണ്ടുതാനും (എബ്രായർ10:25). സഭയുടെ വലിപ്പത്തെപ്പറ്റിയും നിർദ്ദേശങ്ങൾ ഒന്നും ഇല്ല. ചില സഭകളിൽ ആയിരക്കണക്കിന് ക്രിസ്തീയ വിശ്വാസികൾ ഉണ്ടായിരുന്നപ്പോൾ മറ്റു ചിലതിൽ രണ്ടോ മൂന്നോ അംഗങ്ങളേ ഉണ്ടായിരുന്നുള്ളു. തങ്ങൾ കൂടിവരുന്ന രീതിമാത്രമാണു പുതിയനിയമസഭ കൂടിവരാനുള്ള ശരിയായ മാതൃക എന്ന് ആരെങ്കിലും നിഷ്കർഷിക്കുന്നതുതന്നെ അന്ധാരാധനയുടെ ലക്ഷണമാണ്.

ഒരു സഭ കണ്ടെത്തുന്നതിൽ ഒരു പ്രധാന ഘടകം ആരാധനാ രീതിയാണ്. ഒരു തീരുമാനം എടുക്കുന്നതിൽ പലർക്കും ഇത് പ്രധാനപ്പെട്ടഒരു കാര്യം തന്നെ. എന്നാൽ പുതിയനിയമം ആരാധനാരീതിയെപ്പറ്റി വ്യക്തമായ നിർദ്ദേശങ്ങൾ നൽകുന്നില്ല. ഗിത്താറുകളേക്കാൾ ഓർഗൻ മെച്ചമാണെന്നോ, കീർത്തനങ്ങളേക്കാൾ കോറസുകളാണ് മെച്ചമെന്നോ ഉള്ള ചിന്ത നമ്മെ ഭരിക്കുന്നുണ്ടോ?ആരാധന''സത്യത്തിലും ആത്മാവിലും ''ആയിരിക്കണം എന്നു മാത്രമേ പുതിയ നിയമം നിഷ്കർഷിക്കുന്നുള്ളൂ. എന്നാൽ ഈ വ്യവസ്ഥ തന്നെ അനേകം ആധുനിക ആത്മീയ സമ്പ്രദായങ്ങളേയും ഒപ്പം യാഥാസ്ഥിതിക ആരാധനാരീതികളേയും ഒഴിവാക്കുന്നതാണ്. ആത്മാവിലുള്ള ആരാധന ഇവയ്ക്കെല്ലാം അതീതമാണ്.

ദൈവവചനം പ്രസംഗിക്കുന്ന കാര്യത്തെക്കുറിച്ച് ബൈബിൾ എന്തുപറയുന്നു? ഒരു സഭയ്ക്ക് പ്രസംഗകർ ഉണ്ടായിരിക്കേണ്ടേ? പുതിയനിയമം ഈ കാര്യവും നിഷ്ക്കർഷിക്കുന്നില്ല എന്നതാണ് സത്യം. ഓരോരുത്തനും പ്രത്യേകം വരം ലഭിക്കുന്നതിന് ഒത്തവണ്ണം കർത്താവിന്റെ ശരീരമായ സഭയ്ക്ക് ആത്മീയവർദ്ധന വരുത്തുവാനുള്ള പങ്ക് നിറവേറ്റണം എന്നു മാത്രമാണ് തിരുവചനം പറയുന്നത്. ദൈവമക്കളെ ശുശ്രൂഷയ്ക്കായി സജ്ജരാക്കുവാൻ ദൈവത്താൽ പ്രത്യേകമായി





**. സാർവ്വലൗകികപ്രസക്തിയുള്ള ഒരു സഭാകൂടിവരവിന്റെ മാതൃക പുതിയനിയമത്തിൽ കണ്ടെത്തുവാൻ കഴികയില്ല.ക്രിസ്തുവിശ്വാസികൾ കൂട്ടായ്മയ്ക്കായി കൂടിവരാൻ ചില പ്രമാണങ്ങൾ മാത്രമാണ് പുതിയനിയമം നൽകുന്നത്. ഉദാഹരണത്തിന് എവിടെ കൂടിവരണം എന്ന് തിരുവചനം നിഷ്കർഷിക്കുന്നില്ല. ചിലർ ഭവനങ്ങളിലും, ചിലർ സിനഗോഗുകളിലും, ചിലർ മാളികമുറിയിലും, ചിലർ ചന്തസ്ഥലങ്ങളിലും, ചിലർ ശലോമോന്റെ മണ്ഡപത്തിലും കൂടിവന്നു. വിശ്വാസികളായ നാം ഒരുമിച്ച് കൂടിവരണം എന്ന് തിരുവചനം നിഷ്കർഷിക്കുന്നുണ്ടുതാനും**

നിയോഗിക്കപ്പെട്ട ശുശ്രൂഷകർ സഭയ്ക്ക് നൽകപ്പെട്ടിരിക്കുന്നു എന്നു തിരുവചനം പഠിപ്പിക്കുന്നു. ഈ ശുശ്രൂഷകർ വിവിധ ക്രിസ്തീയസഭകൾ സന്ദർശിക്കുന്നവരാണ്. ചിലർ സഭകളാൽ സഹായിക്കപ്പെടുമ്പോൾ മറ്റു ചിലർ പൗലോസിനേപ്പോലെ 'കൂടാരപ്പണി'ചെയ്ത് സ്വന്തം ആവശ്യങ്ങൾ നിറവേറ്റുന്നവരത്രേ. പൗലോസുതന്നേ ഭാഗികമായി കൂടാരപ്പണികൊണ്ടും മറ്റു സമയങ്ങളിൽ വിശ്വാസികളുടെ ദാനങ്ങൾ സ്വീകരിച്ചുകൊണ്ടും കർത്താവിന്റെ വേലചെയ്തിരുന്നല്ലോ. അതുകൊണ്ട് ഒരു പ്രാദേശിക സഭയിൽ ഒരു പ്രസംഗകന്റെ സാന്നിദ്ധ്യമോ അസാന്നിദ്ധ്യമോ അല്ല ആ സഭയെ ദൈവമുമ്പാകെ നിലനിർത്തുന്നത് എന്ന സത്യം നാം ഗ്രഹിക്കണം. എന്നാൽ വിശ്വാസികൾ എഫേസ്യർ 4-ാം അദ്ധ്യായം പതിനൊന്നാം വാക്യത്തിൽ കാണുന്ന ശുശ്രൂഷകൾക്കായി ഒരുക്കമുള്ളവരായിരിക്കയും, ക്രിസ്തുവിന്റെ ശരീരത്തിന്റെ പ്രവർത്തനക്ഷമമായ അവയവങ്ങൾ ആയിരിക്കുകയും വേണം.

ഒരു സഭയ്ക്ക് തുടക്കത്തിൽ മൂപ്പന്മാർ ഉണ്ടായിരിക്കണമോ? പ്രായേണ ഓരോ സഭയ്ക്കും പ്രാദേശിക നേതൃത്വം ഉണ്ടാവുക തന്നെ ചെയ്യും. പക്ഷേ തുടക്കത്തിൽ ആത്മിക നേതൃത്വം നൽകാൻ യോഗ്യരായ മൂപ്പന്മാർ വെളിപ്പെട്ടുവരാനായി പരസ്പരമുള്ള കൂട്ടായ്മയും വിശ്വാസവും വളർത്തിയെടുക്കേണ്ടിയിരിക്കുന്നു. മൂപ്പന്മാർ തിരഞ്ഞെടുക്കപ്പെടുകയോ, നിയമിക്കപ്പെടുകയോ ചെയ്യുന്ന ഉദ്യോഗസ്ഥരല്ല. പ്രാദേശിക സഭയിലെ പരസ്പരവിശ്വാസത്തിന്റെയും ബന്ധങ്ങളുടെയും അടിസ്ഥാനത്തിൽ പൊതുവേ അംഗീകരിക്കപ്പെടുന്നവരാണ് യഥാർത്ഥ മൂപ്പന്മാർ.

അപ്പോൾ നിങ്ങൾ എന്താണ് ചെയ്യേണ്ടത്? ദൈവവചനപ്രമാണങ്ങൾക്ക് വിധേയമായി നിലകൊള്ളുന്ന ഒരു കൂട്ടായ്മ കണ്ടെത്താൻ ശ്രമിക്കുക. നിങ്ങൾ താമസിക്കുന്ന സ്ഥലത്ത് അത്തരം ഒരു സഭ കണ്ടെത്താൻ കഴിയാതെ വന്നാൽ - മിക്കപ്പോഴും അതിനാണ് സാദ്ധ്യത -സമാനചിന്താഗതിയുള്ള ഒന്നോ അതിലധികമോ വിശ്വാസികളെയോ കുടുംബങ്ങളേയോ കണ്ടെത്തുവാൻ ഉത്സാഹിക്കുക. അന്യോന്യം ശുശ്രൂഷിക്കുവാനും, പരിപാലിക്കുവാനും, അപ്പം നുറുക്കുവാനും, പ്രാർത്ഥിക്കുവാനും, പഠിപ്പിക്കുവാനും പഠിപ്പിക്കപ്പെടുവാനുമായി ഒരുമിച്ച് കൂടിവരുവാൻ തീരുമാനിക്കുക. (പ്രവൃത്തി.2:42). പരസ്പര സമർപ്പണം ഉള്ളവരായിരിക്കുക. മറ്റുള്ളവർക്ക് പ്രവേശനമില്ലാത്തതും നിഷേധാത്മകവുമായ ചുരുക്കം പേരുടെ ഒരു കൂട്ടമായിരിക്കാതെ യേശുക്രിസ്തുവിന്റെ യഥാർത്ഥ ശിഷ്യന്മാരായിരിക്കുന്ന എല്ലാവരെയും സ്വീകരിക്കാൻ മനസ്സുവയ്ക്കുക. അതേസമയം ഈ ചെറിയ ആട്ടിൻകൂട്ടത്തെ തെറ്റായ ഉപദേശങ്ങളിലേയ്ക്കോ, ജഡികമായ ജ്ഞാനത്തിലേക്കോ

ജഡികമായ ആരാധനയിലേക്കോ വലിച്ചിഴച്ചു കൊണ്ടുപോകുവാൻ താൽപര്യമുള്ളവരെ തിരുത്തുകയും, ആവശ്യമെങ്കിൽ പുറത്താക്കുകയും ചെയ്തേ മതിയാകൂ. സഭ നിർമ്മലമായിരിക്കാൻ ഇത് അത്യാവശ്യമാണ്. ഇപ്രകാരം പ്രവർത്തിക്കുവാൻ ആരാണ് നിങ്ങൾക്ക് അധികാരം തരുന്നത്? മത്തായി സുവിശേഷം 18-ാം അദ്ധ്യായമാണ് ഇതിന് നിങ്ങളെ അധികാരപ്പെടുത്തുന്നത്. കർത്താവായ യേശുക്രിസ്തു മദ്ധ്യത്തിലുള്ള രണ്ടോ മൂന്നോ പേരുടെ അധികാരപരിധിയിൽപ്പെട്ടകാര്യമാണ് സഭയിലെ ശിക്ഷണ നടപടി എന്ന് നാം ഗ്രഹിക്കേണ്ടതാണ്.

ആരാണ് നമ്മെ പഠിപ്പിക്കേണ്ടത്? ദൈവവചനത്തിലൂടെ പരിശുദ്ധാത്മാവ് നമ്മെ പഠിപ്പിക്കും. ശ്രദ്ധാപൂർവ്വമായ ദൈവവചനവായന, പഠനം, പ്രയോഗം എന്നിവയിലൂടെ, അന്യോന്യം ഉത്സാഹിപ്പിക്കുകയും, ആശ്വസിപ്പിക്കുകയും ആത്മീയ അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യേണ്ടതാണ്. ദൈവവചനത്തെ എപ്പോഴും മുറകെപ്പിടിക്കുക. ഉപദേശത്തിൽ നിർമ്മലതയുള്ളവരും, ഉദ്ദേശ്യശുദ്ധിയുള്ളവരും ആയ ചില സഹോദരന്മാരെ നിങ്ങളോട് വിവിധ സമയങ്ങളിൽ വചനം പങ്കുവയ്ക്കാനായി കണ്ടെത്തുക. അവരുടെ ആലോചനയും അഭിപ്രായങ്ങളും ആരായുക; പക്ഷേ അവരെ ആശ്രയിക്കരുത്. കർത്താവായ യേശുവിൽ മാത്രം ആശ്രയിക്കയും, അവിടുത്തെ വചനവും ആത്മാവും മാത്രം നമ്മെ നടത്തുവാൻ അനുവദിക്കുകയും വേണം.

"ഇപ്രകാരം കൂട്ടായ്മയിൽ ഒന്നിച്ചു കൂടാൻ പറ്റിയ ആരെയും എനിക്കറിഞ്ഞുകൂടാ" ഇതായിരിക്കും ഇതു വായിക്കുന്ന പലരുടേയും ചിന്ത. നിങ്ങൾ ആരെയെങ്കിലും കണ്ടെത്തിയേ മതിയാകൂ. നിങ്ങൾ കണ്ടെത്തുന്ന ആൾ രക്ഷിക്കപ്പെട്ട ആളല്ലെങ്കിൽ അയാളോട് സുവിശേഷം പ്രസംഗിച്ച് ഒരു ശിഷ്യനാക്കുകയാണ് വേണ്ടത് - നിങ്ങളുടെയല്ല, കർത്താവായ യേശുക്രിസ്തുവിന്റെ. ആവശ്യമെങ്കിൽ ചില ഭവനങ്ങൾ സന്ദർശിക്കുക. ഇപ്പോഴത്തെ അവസ്ഥയിൽ മനസ്സുമടുത്തിരിക്കുന്നവർ എന്ന് നിങ്ങൾക്ക് ബോദ്ധ്യമുള്ള ചിലരോട് നിങ്ങളുടെ ദർശനം പങ്കുവയ്ക്കുക. യാഥാർത്ഥ്യത്തിന്റെയും സത്യത്തിന്റെയും അടിസ്ഥാനത്തിൽ വാസ്തവമായി ദൈവാത്മാവിനാൽ നയിക്കപ്പെടുന്ന ഒരു കൂട്ടായ്മയ്ക്കായി ഹൃദയപൂർവ്വം നിലവിളിക്കുന്ന പലരും ഓരോ പ്രദേശത്തും ഉണ്ടെന്നുള്ളത് ഉറപ്പാണ്. അങ്ങനെയുള്ളവരെ കണ്ടെത്തി ഒരുമിച്ച് കൂടുവാൻ തുടങ്ങുക. നേരത്തേ സൂചിപ്പിച്ചതുപോലെ നിങ്ങൾക്ക് ആയിരംപേർ ആവശ്യമില്ല, രണ്ടോ മൂന്നോ പേർ മതിയാകും ശരിയായ ഒരു തുടക്കത്തിന്. ആകയാൽ സഹോദരന്മാരേ, നിങ്ങൾ കൂടിവരുമ്പോൾ ഓരോരുത്തന് സങ്കീർത്തനം ഉണ്ട്, ഉപദേശമുണ്ട്, അന്യഭാഷയുണ്ട്, വെളിപ്പാടുണ്ട്, വ്യാഖ്യാനമുണ്ട്. സകലവും ആത്മീയ വർദ്ധനവിനായി ഉതകട്ടെ (1 കൊരി 14 : 26).

സ്നേഹത്തിനും സൽപ്രവൃത്തികൾക്കും ഉത്സാഹം വർദ്ധിപ്പിച്ചുകൊള്ളുക. ചിലർ ചെയ്യുന്നതുപോലെ നിങ്ങൾ കൂടിവരുന്നതിൽ ഉപേക്ഷ വിചാരിക്കാതിരിക്കുക. നാൾ സമീപിക്കുന്നു എന്നു കാണുന്തോറും അന്യോന്യം പ്രബോധിപ്പിക്കുന്ന കാര്യം അധികമായി ചെയ്യേണ്ടതാകുന്നു. സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചശേഷം നാം മനഃപൂർവ്വമായി പാപം ചെയ്താൽ പാപങ്ങൾക്കായി ഇനി ഒരു യാഗവും ശേഷിക്കുന്നില്ല. ന്യായവിധിയുടെ ഭയങ്കരമായ പ്രതീക്ഷയും എതിരാളികളെ ദഹിപ്പിക്കുവാനുള്ള ക്രോധാഗ്നിയുമേ ഉണ്ടായിരിക്കയുള്ളൂ. (എബ്രാ. 10:24-27)
(സമാഹൃതം) ◯





സഹോദരിമാരോട്

# സകല കുടുംബത്തിനും പേർ

ആച്ചിയമ്മ കുരുവിള

പഴയ നിയമത്തിൽ വംശാവലി രേഖപ്പെടുത്തിയിരിക്കുന്നത് വായിക്കുമ്പോൾ ഹൃദയത്തിൽ ഒരു വിങ്ങൽ ചിലർക്കെങ്കിലും ഉണ്ടായിട്ടുണ്ടാവും. തിരഞ്ഞെടുക്കപ്പെടാതെ വിസ്മൃതിയിലാണ്ടുപോയ അനേകം പുത്രീപുത്രന്മാർ(ഉല്പത്തി 5). പേര് ചാർത്തപ്പെട്ട ചുരുക്കം പേർ. ഊനമില്ലാത്തത്, കടിഞ്ഞൂൽ ആൺമക്കൾ എന്നിവ കൂടാതെ നമുക്ക് ഗ്രഹിക്കാൻ കഴിയാത്ത എന്തെല്ലാം മാനദണ്ഡങ്ങൾ ഉണ്ടായിരുന്നു, ആ തിരഞ്ഞെടുപ്പിൽ! ആ കാലത്തെ അമ്മമാരും നമ്മെപ്പോലെ ആഗ്രഹിച്ചുകാണും അവരുടെ മക്കളെല്ലാവരും ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവർ ആകണം എന്ന്.എന്നാൽ അവർക്ക് ആഭാഗ്യം ലഭിച്ചില്ല.തിരഞ്ഞെടുക്കപ്പെട്ട ആ ചുരുക്കം പേർ തന്നെ വിശ്വാസത്താൽ സാക്ഷ്യം ലഭിച്ചിട്ടും വാഗ്ദാനം ചെയ്യപ്പെട്ടത് പ്രാപിച്ചില്ല. അവർ നമ്മെ കൂടാതെ പൂർണ്ണത പ്രാപിക്കാതിരിക്കാൻ ദൈവം നമുക്കുവേണ്ടി ഏറ്റവും ശ്രേഷ്ഠമായത് മുൻകരുതിയിരുന്നു.സ്തോത്രം. (എബ്രായർ 11:39,40) ഈ കൃപായുഗത്തിൽ ജീവിക്കാൻ ഇടയായ നമുക്ക് ദൈവപുത്രനായ യേശുക്രിസ്തുവിലൂടെ പ്രാപ്യമായ മഹാഭാഗ്യം നോക്കുക. യേശുവിലൂടെ ദൈവരാജ്യത്തിലേക്ക് നമുക്ക് പ്രവേശനം ധാരാളമായി ലഭ്യമായിരിക്കുന്നു.

യേശുവിന്റേതല്ലാതെ മറ്റാരുടെയും വംശാവലി പുതിയനിയമത്തിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ മത്തായി ഒന്നാമദ്ധ്യായത്തിൽ 'വംശാവലി മഹത്വ'ത്തിന് മാരകമായ പ്രഹരം ഏല്പിച്ച് അവിടുന്ന് എന്നെന്നേക്കുമായി അതിനെ നിഷ്പ്രഭമാക്കി."യിസ്രായേൽ മക്കളേ,....ഭൂമിയിലെ സകലകുടുംബങ്ങളിൽനിന്നും നിങ്ങളെ മാത്രം ഞാൻ തിരഞ്ഞെടുത്തിരിക്കുന്നു......"(ആമോസ് 3:1,2)എന്ന് അരുളിച്ചെയ്ത സ്ഥാനത്ത് അവിടുന്ന് ഈ കൃപായുഗത്തിൽ നമ്മെ അറിയിക്കുന്ന സദ്വാർത്ത''സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകലകുടുംബത്തിനും പേർ വരുവാൻ കാരണമായി"എന്നത്രേ(എഫേസ്യർ 3:15). അതുമാത്രമല്ല, ദൂതന്മാർ യേശുവിന്റെ ജനനത്തെക്കുറിച്ച് സുവിശേഷിക്കുന്നത്"സർവ്വജനത്തിനും ഉണ്ടാവാനുള്ള മഹാസന്തോഷം" എന്നത്രേ. നമുക്കുവേണ്ടി മുൻപ്രസ്താവിക്കപ്പെട്ട വാഗ്ദത്തം നോക്കുക " നിന്റെ മക്കൾ എല്ലാവരും യഹോവയാൽ ഉപദേശിക്കപ്പെട്ടവർ ആകും" എന്നല്ലേ?(യെശയ്യാവ്54:13). അതേ, മാനദണ്ഡങ്ങൾ ഒന്നും ഇല്ലാത്ത സ്വീകാരം.

വംശാവലി മഹത്വമുള്ള അഹരോന്റെ ക്രമപ്രകാരമല്ല, വംശാവലി ഇല്ലാത്ത, ജീവാരംഭവും ജീവാവസാനവും രേഖപ്പെടുത്തിയിട്ടില്ലാത്ത മൽക്കീസേദേക്കിന്റെ ക്രമപ്രകാരം യേശു എന്നേക്കും പുരോഹിതനായിത്തീർന്നു. (എബ്രായർ 7:3,17) ജഡസംബന്ധമായ കല്പനയാലല്ല അനശ്വരമായ ജീവശക്തിയാലാണ് അവിടുന്ന് പുരോഹിതനായത്. തന്നാൽ വീണ്ടെടുക്കപ്പെട്ട നാം എല്ലാവരും അതേ ക്രമപ്രകാരം രാജകീയ പുരോഹിത വർഗ്ഗമായിത്തീർന്നിരിക്കുന്നു."കൃപാസനത്തിൻമീതെ മേഘത്തിൽ ഞാൻ വെളിപ്പെടുന്നതുകൊണ്ട്.......അഹരോൻ മരിക്കാതിരിക്കേണ്ടതിന്.....കൃപാസനത്തിൻ മുൻപിൽ എല്ലാ സമയത്തും വരരുത്" (ലേവ്യ 16:2) എന്ന് കല്പനയുണ്ടായിരുന്ന സ്ഥാനത്ത് നമ്മുടെ ഏക മദ്ധ്യസ്ഥനും എന്നേക്കും പുരോഹിത

നുമായ യേശുവിലൂടെ ധൈര്യത്തോടെ എപ്പോഴും അടുത്തുവരുവാൻ നമുക്ക് ആഹ്വാനം ലഭിച്ചിരിക്കുന്നു. സ്തോത്രം(എബ്രായർ 4:16)

സങ്കീർത്തനം 87-ൽ യഹോവ വിശുദ്ധപർവ്വതത്തിൽ സ്ഥാപിച്ച പുതിയ യെരുശലേമിനെ (പുതിയനിയമ സഭ)വർണ്ണിച്ചിരിക്കുന്നിടത്ത് ''അവൻ അതിനെ യാക്കോബിന്റെ(യിസ്രായേലിന്റെ) സകല നിവാസത്തെക്കാളും അധികം സ്നേഹിക്കുന്നു എന്നും അതിനെക്കുറിച്ച് മഹത്വപൂർണ്ണമായ കാര്യങ്ങൾ അരുളിച്ചെയ്തിരിക്കുന്നു" എന്നും രേഖപ്പെടുത്തിയിരിക്കുന്നു. അവിടെ ഒരിക്കൽ തള്ളിക്കളഞ്ഞ വംശങ്ങളെ അവിടുന്ന് എണ്ണുന്നു. "രാഹാബ്, ബാബേൽ, ഫെലിസ്ത്യർ, സോർ, കൂശ്. ഇവൻ അവിടെ ജനിച്ചു, ഇവനും അവനും അവിടെ ജനിച്ചു."മഹാകരുണയോടെ അവിടുന്ന് രേഖപ്പെടുത്തുന്നു.

നമ്മുടെ കർത്താവിന്റെ പരസ്യശുശ്രൂഷയുടെ പ്രാരംഭഘട്ടത്തിൽ അടയാളങ്ങളുടെ (അത്ഭുതങ്ങളുടെയല്ല) ആരംഭമായി കാനായിലെ കല്യാണവീട്ടിൽ വെള്ളം വീഞ്ഞാക്കിയ സംഭവം രേഖപ്പെടുത്തിയിരിക്കുന്നു. (യോഹന്നാൻ 2:1-11) ഇത് യാദൃച്ഛികമായി സംഭവിച്ച സംഗതിയായിരുന്നില്ല. സ്വർഗ്ഗീയമായ ഇടപെടൽ അതിൽ ഉണ്ടായിരുന്നു. യേശു ലോകത്തിലേക്കു വന്നതിന്റെ ഉദ്ദേശ്യംഅതിൽ കാണാൻ കഴിയും, ദൈവരാജ്യം സ്ഥാപിക്കാനും കാണാതെപോയതിനെ തിരഞ്ഞു രക്ഷിപ്പാനും ആയിരുന്നല്ലോ അവിടുന്ന് വന്നത്. ഏതോരു ഭരണാധിപനും അധികാരത്തിലേക്ക് വരുമ്പോൾ തന്റെ നയപ്രഖ്യാപനം നടത്താറുണ്ട്. ഇവിടെ യേശുവും ദൈവരാജ്യത്തിന്റെ നയം വെളിപ്പെടുത്തുന്നു. മാനദണ്ഡങ്ങൾ യാതൊന്നും ഇല്ലാത്ത സ്വീകാരം. അതിനായി തുറക്കപ്പെട്ട വാതിലും,വഴിയും അവിടുന്നു തന്നെയായിരുന്നല്ലോ.

## താഴ്മ: യേശുവിന്റെ കൈയൊപ്പ്

**സാ**ധു സുന്ദർസിങിനോട് ഒരിക്കൽ ഒരു പത്രപ്രവർത്തകൻ ചോദിച്ചു: "താങ്കളുടെ ജീവിതത്തിലെ ഏറ്റവും വലിയ പരീക്ഷയെന്താണ്?"

തന്നെ കാണുവാൻ ആരാധനാമനോഭാവത്തോടെ ഓടിക്കൂടിയ ജനത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് സാധു മറുപടി പറഞ്ഞു: "ഇവരാണ് എന്റെ ഏറ്റവും വലിയ പരീക്ഷ."

രോഗശാന്തിവരം ഉപയോഗിക്കുവാൻ തുടങ്ങിയപ്പോൾ ആളുകൾ തന്നെ കർത്താവിനെക്കാൾ ഏറെ ശ്രദ്ധിക്കുവാൻ തുടങ്ങിയതിനാൽ സാധു ആ വരം ഏറെയൊന്നും പിന്നീട് ഉപയോഗിച്ചിട്ടില്ലത്രേ. കാരണം, പ്രശസ്തിയുടെ ഉയരം എത്ര കൂടുന്നുവോ വീഴ്ചയുടെ ആഘാതവും അത്ര കൂടുതലായിരിക്കുമെന്ന് അദ്ദേഹത്തിനറിയാമായിരുന്നു.

"ഒരു കണ്ണും എന്നിൽ പതിയാതെ
അറിയപ്പെടാത്തവനായി ഞാനിരിക്കട്ടെ.
ഞാൻ യാത്ര പറഞ്ഞിറങ്ങുമ്പോൾ
ഒരു കണ്ണും നനയാതിരിക്കട്ടെ.
എന്റെ കുഴിമാടം ഏതെന്നറിയുവാൻ ഒരു
ചെറിയ കല്ലുപോലും ഇല്ലാതിരിക്കട്ടെ." - അലക്സാണ്ടർ പോപ്പ്





ദുർല്ലഭവും വിശേഷവും രമിപ്പിക്കുന്നതുമായ മുന്തിരിച്ചാറിനെ അപേക്ഷിച്ച് വെറും പച്ചവെള്ളത്തിന് എന്തു മഹിമ? അത് സർവ്വത്ര സുലഭം. വിലയില്ലാത്തത്. വീഞ്ഞിനോട് താരതമ്യം ചെയ്താൽ പച്ച വെള്ളത്തിന് പ്രശംസിക്കുവാൻ എന്തുണ്ട്? ദൈവത്തിന്റെ സൃഷ്ടിയിൽ കാണപ്പെടുന്ന സകല വസ്തുക്കളിലും വച്ച് വെള്ളം പോലെ സുലഭമായി മറ്റെന്തുണ്ട്? മുന്തിരിയുടെ വിശേഷ അനുഭവമായ വീഞ്ഞ് തീർന്നു പോയിരുന്നു. പകരം വില കുറഞ്ഞ വെറും സാമാന്യമായ പച്ചവെള്ളത്തെ അവിടുന്ന് മുന്തിയ ഇനം വീഞ്ഞാക്കിത്തീർത്തു. വിശേഷമായതിനെ നീക്കി, സാമാന്യമായതിനെ അത്യന്തം വിശേഷതയുള്ളതാക്കി. അതും ഏറ്റവും സാമാന്യമായ വിലകുറഞ്ഞ (മൺ)പാത്രങ്ങളിൽ, പുതിയ വീഞ്ഞ് പുതിയ തുരുത്തിയിൽ (2കൊരിന്ത്യർ 4:7)''ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്തമായതു തിരഞ്ഞെടുത്തു........ (1 കൊരിന്ത്യർ 1:27-29).

അംഗഹീനനായ യാതൊരുത്തനും നിന്റെ ദൈവത്തിന്റെ ദഹനയാഗങ്ങൾ അർപ്പിപ്പാൻ അടുത്തുവരരുത്. കുരുടൻ, മുടന്തൻ......അരുത്( ലേവ്യ 21:18) എന്ന പഴയ നിയമ മാനദണ്ഡം ഉണ്ടായിരുന്നിടത്ത് യേശു പറഞ്ഞ ദൈവരാജ്യത്തെ പ്രതിനിധാനം ചെയ്യുന്ന വലിയവിരുന്നിന്റെ ഉപമ ശ്രദ്ധിക്കുക. "പട്ടണത്തിലെ വീഥികളിലും ഇടത്തെരുക്കളിലും ചെന്ന് ദരിദ്രർ, അംഗഹീനർ, കുരുടൻ, മുടന്തർ എന്നിവരെ കൂട്ടിക്കൊണ്ടുവരിക..... എന്റെ വീടു നിറയേണ്ടതിന് കണ്ടവരെ ഒക്കെയും അകത്തു വരുവാൻ നിർബന്ധിക്കുക ( ലൂക്കോസ് 14:13-22).

കടിഞ്ഞൂലായ ആൺ ആയിരുന്നു പഴയനിയമത്തിൽ യഹോവയ്ക്ക വേർതിരിക്കപ്പെട്ടത്, അതുമായി മഗ്ദലക്കാരത്തി മറിയയെ തുലനം ചെയ്യുക. ഉയിർത്തെഴുന്നേറ്റ യേശുവിനെ ആദ്യം കാണുവാൻ അവൾക്ക് ഭാഗ്യം ലഭിച്ചു. ദൈവരാജ്യത്തിന്റെ ആദ്യത്തെ സുവിശേഷക അവളായിരുന്നു. പച്ചവെള്ളം വീഞ്ഞായിത്തീർന്നു. വെറും മൺ പാത്രങ്ങളിൽ.

ഹീനത വിട്ടകന്നു സ്വയം വെടിപ്പാക്കുന്നവൻ വിശുദ്ധവും ഉടമസ്ഥനു ഉപയോഗപ്രദവുമായ നല്ല വേലയ്ക്ക് ഒക്കെയും ഒരുങ്ങിയിരിക്കുന്ന മാനപാത്രമായിത്തീരും. നല്ല വീഞ്ഞ് പിന്നത്തേയ്ക്ക് നമുക്കായി സൂക്ഷിച്ചു വച്ച നമ്മുടെ സ്വർഗ്ഗീയ മണവാളൻ ഇതൊക്കെയും നമ്മിൽ നിവർത്തിപ്പാൻ പ്രാപ്തൻ തന്നെ. ഹാ! ദൈവത്തിന്റെ ജ്ഞാനത്തിന്റെ ഉത്കൃഷ്ടത! നമുക്ക് ലഭിച്ച ഈ അനർഘമായ പദവി ഓർക്കുമ്പോൾ അവിടെത്തെ മുമ്പിൽ കവിണ്ണുവീണു നമസ്ക്കരിക്കുകയല്ലാതെ മറ്റ് എന്താണ് നമുക്ക് കഴിയുക? "രക്ഷ എന്നുള്ളത് സിംഹാസനത്തിൽ ഇരിക്കുന്നവനായ നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം "എന്നു നമുക്ക് ആർത്തു പാടാം.

അവിടുത്തെ സ്വസ്ഥതയിൽ പ്രവേശിപ്പാനുള്ള വാഗ്ദാനം നിലനിൽക്കുന്നതിനാൽ നമ്മിൽ ആർക്കെങ്കിലും അത് ലഭിക്കാതെ പോയി എന്നു വരാതിരിക്കുവാൻ നാം ഭയപ്പെടുക. തന്നിൽ സമ്പൂർണ്ണ ആശ്രയം വെച്ചവരല്ലാതെ മറ്റാരാണ് അവന്റെ സ്വസ്ഥതയിൽ പ്രവേശിച്ചവർ?

വിരുന്നു ശാലയിൽ വീഞ്ഞു ലഭിക്കാതെയോ ലഭിച്ചതിൽ തൃപ്തിപ്പെടാതെയോ ദുഖിച്ച് കാത്തിരുന്നവർക്ക് ഒക്കെയും യേശു ഒരുക്കിയ വീഞ്ഞ് സമൃദ്ധിയായി ലഭിച്ചു. ഇന്നും ആരൊക്കെ അവിടുത്തെ നിറവിൽ നിന്നും കൃപമേൽ കൃപ പ്രാപിക്കാൻ ആഗ്രഹത്തോടെ അടുത്തു വരുന്നുവോ അവരെ അവിടുന്ന് തൃപ്തിപ്പെടുത്തും. ആമേൻ.

തിരുവെഴുത്തുകളെ പരിശോധിക്കുക

# ബൈബിളിലൂടെ

സാക് പുന്നൻ

*(ഈ ലക്കം മുതൽ ഒരു ബൈബിൾ പഠന പംക്തി ആരംഭിക്കുകയാണ്. ബൈബിളിലെ എല്ലാ പുസ്തകങ്ങളിലൂടെയും എഴുപതു മണിക്കൂറുകൾ കൊണ്ടു സഞ്ചരിക്കുന്ന 'Through the Bible' എന്ന പ്രശസ്തമായ ഇംഗ്ലീഷ് സിഡിയുടെ മലയാളത്തിലുള്ള വിവർത്തനമാണിത്. പുതിയ നിയമ പുസ്തകങ്ങളാണ് – തുടക്കത്തിൽ സുവിശേഷങ്ങൾ – ആദ്യം പ്രസിദ്ധീകരിക്കുന്നത്. ഓരോ അധ്യായത്തിലേയും ഓരോ വാക്യങ്ങളും എടുത്തു വിശദീകരിക്കുന്നില്ല. മറിച്ച് ഓരോ അധ്യായത്തിലേയും പ്രധാനപ്പെട്ട ചില വാക്യങ്ങൾ മാത്രം എടുത്തു വ്യാഖ്യാനിച്ചു പോകുന്ന രീതിയാണ് ഇവിടെ അവലംബിച്ചിട്ടുള്ളത്.)*

## മത്തായി എഴുതിയ സുവിശേഷം

**നാം** പുതിയ നിയമത്തിലേക്ക് പ്രവേശിക്കുകയാണ്. പ്രാരംഭമായി അവിടെ നാം യേശുക്രിസ്തുവിന്റെ വംശാവലിയാണ് വായിക്കുന്നത്. അത് ലൂക്കോസ് 3-ാം അദ്ധ്യായത്തിലെ പോലെ ആദാമിലോളം ചെന്നെത്തുന്നതായി നാം കാണുന്നില്ല. മറിച്ച് അബ്രഹാം വരെ മാത്രമേ അത് ചെന്നെത്തുന്നുള്ളു. യേശുവിനെ അബ്രഹാമിന്റെ പുത്രനും ദാവീദിന്റെ പുത്രനും എന്ന് വിശേഷിപ്പിക്കുന്നതിൽ നിന്ന് യെഹൂദ ജനതയെ മുമ്പിൽ കണ്ടുകൊണ്ടാണ് മത്തായി തന്റെ സുവിശേഷം എഴുതിയിരിക്കുന്നത് എന്ന് നമുക്ക് മനസ്സിലാക്കാം. തങ്ങൾ കാത്തിരിക്കുന്ന വാഗ്ദത്ത മശീഹാ യേശു തന്നെയെന്ന് വ്യക്തമാക്കുകയാണ് ഇവിടെ ലക്ഷ്യം. അത് തെളിയിക്കുവാനായി പഴയ നിയമത്തിൽ നിന്നും 40 ഉദ്ധരണികൾ ആണ് മത്തായി നിരത്തുന്നത്. ആകെ 53 ഉദ്ധരണികൾ മത്തായിയുടെ സുവിശേഷത്തിൽ പഴയ നിയമത്തിൽ നിന്ന് എടുത്തതായി നാം കാണുന്നു.

മറ്റെങ്ങും കാണാത്ത "സ്വർഗ്ഗരാജ്യം" എന്നൊരു പ്രയോഗം 32 പ്രാവശ്യം മത്തായിയുടെ സുവിശേഷത്തിൽ നാം കണ്ടെത്തുന്നു. പരിശുദ്ധാത്മാവ് ആവർത്തിച്ചുള്ള ഈ പ്രയോഗത്തിന് തീർച്ചയായും വലിയ അർത്ഥവും പ്രാധാന്യവും കൊടുത്തിരിക്കണം. യോഹന്നാൻ സ്നാപകൻ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ (3:2) എന്ന് പറഞ്ഞുകൊണ്ടാണ് പ്രസംഗിച്ചത്. അതിനു ശേഷം യേശു പ്രസംഗിച്ചപ്പോഴും അതേ വാക്കുകൾ തന്നെ ആവർത്തിച്ചു (4:17). തന്റെ ഗിരിപ്രഭാഷണം ആരംഭിക്കുമ്പോഴും "ആത്മാവിൽ ദരിദ്രർ ആയവർ ഭാഗ്യവാന്മാർ. സ്വർഗ്ഗരാജ്യം അവർക്കുള്ളത്" എന്ന് പറഞ്ഞുകൊണ്ടാണ് തുടങ്ങിയത്. അങ്ങനെ പുതിയനിയമത്തിന്റെ ആരംഭം മുതൽ തന്നെ "സ്വർഗ്ഗ"ത്തിന് പ്രാധാന്യം നൽകുന്നതായി നാം കാണുന്നു. ഗിരിപ്രഭാഷണത്തിൽ തന്നെ സ്വർഗ്ഗം എന്ന വാക്ക് 18 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്.

ദൈവം യിസ്രായേലുമായി ഉണ്ടാക്കിയ പഴയ ഉടമ്പടി ഒരു ഭൗമിക രാജ്യത്തെക്കുറിച്ചുള്ളതായിരുന്നു. ഭൗതിക സമൃദ്ധിയുടെയും ശാരീരിക സൗഖ്യത്തിന്റെയും മറ്റ് പല ഐഹികനന്മകളുടെയും വാഗ്ദാനങ്ങളും കനാൻ ദേശവും ആണ് ദൈവം യിസ്രായേ







**ഒരു വ്യക്തി പാപം ചെയ്തു എന്ന് കേൾക്കുമ്പോൾ നിങ്ങൾ നീതിമാൻ അല്ലെങ്കിൽ അത് പരസ്യപ്പെടുത്തുവാൻ ആയിരിക്കും നിങ്ങൾക്ക് താത്പര്യമുണ്ടാവുക**

ലിന് നൽകിയത്. പിൽക്കാലത്ത് അവർക്ക് ഐഹികമായി രാജാക്കന്മാരും ധാരാളം സമ്പത്തും മറ്റ് പല അനുഗ്രഹങ്ങളും ഉണ്ടായി. എന്നാൽ യേശു വന്നത് അതിനേക്കാൾ ഉന്നതമായ ഒരു തലത്തിലേക്ക്, സ്വർഗ്ഗീയ ഔന്നത്യങ്ങളിലേക്ക്, മനുഷ്യനെ ഉയർത്തുവാൻ വേണ്ടിയാണ്. അതുകൊണ്ട് പുതിയനിയമം വായിക്കുമ്പോൾ അത് ഭൗമിക കാര്യങ്ങളെ കുറിച്ചല്ല സ്വർഗ്ഗീയ കാര്യങ്ങളെ കുറിച്ചാണ് എന്നത് പ്രാഥമികമായി നാം ഓർത്തിരിക്കണം. അങ്ങനെയെങ്കിൽ ഇന്നു ക്രിസ്തീയ ലോകത്തിൽ സംജാതമായിരിക്കുന്ന പല ആശയക്കുഴപ്പങ്ങളും നീങ്ങിപ്പോകും.

നാം രക്ഷിക്കപ്പെട്ടവരെന്ന് നമ്മെക്കുറിച്ച് തന്നെ പറയുന്നു. അത് വിശ്വാസികളുടെ ഇടയിൽ പരക്കെയുള്ള ഒരു ധാരണയാണ്. എന്നാൽ നാം എന്തിൽ നിന്നാണ് രക്ഷിക്കപ്പെട്ടിരിക്കുന്നത്? നാം ഈ ലോകത്തിൽ നിന്ന് തന്നെ രക്ഷിക്കപ്പെട്ടിരിക്കുന്നുവോ അതോ വെറും പാപക്ഷമ മാത്രം പ്രാപിച്ചവരാണോ? ഭൗതിക കാര്യങ്ങളോടുള്ള താത്പര്യത്തിൽ നിന്നും, ഭൗതികമായി ആളുകളെ വിലയിരുത്തുന്ന കാഴ്ചപ്പാടിൽ നിന്നും, ഭൗതികമായ പെരുമാറ്റ രീതികളിൽ നിന്നും ഒക്കെ നാം രക്ഷിക്കപ്പെട്ടിരിക്കുന്നുവോ?

പുതിയനിയമം സ്വർഗ്ഗീയമായ രാജ്യത്തിന്റെ സുവാർത്തയാണ്.

ലോകത്തിൽ ഉള്ള ധാരാളം ആളുകൾ അമേരിക്കയിലെ ഒരു പൗരനായിത്തീരുവാൻ ആഗ്രഹിക്കുന്നു. കാരണം അമേരിക്ക വളരെ ആകർഷകമായ ജീവിതസൗകര്യങ്ങൾ ഉള്ള ഒരു നാടാണ്. എന്നാൽ ആഫ്രിക്കയിലെ ചില പിന്നോക്ക രാജ്യങ്ങളിലെ പോലെയുള്ള ഇടങ്ങളിൽ പൗരത്വം ആഗ്രഹിക്കുന്നവരായി ആരും തന്നെ ഉണ്ടാവില്ല. എന്നാൽ സ്വർഗ്ഗത്തിൽ പൗരത്വം ആഗ്രഹിക്കുന്നവർ ഈ ഭൂമിയിൽ തുലോം വിരളം ആണെന്നുള്ളത് അത്ഭുതകരമല്ലേ? മനുഷ്യമനസ്സുകൾ ഭൗമികമായ കാര്യങ്ങളോട് അത്രമാത്രം

ഇഴുകിച്ചേർന്ന് പോയിരിക്കുന്നു. ദൈവത്തിന്റെ വചനം യഥാതഥമായി പ്രസംഗിക്കുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ യാതൊരു താത്പര്യവും ഇല്ലാത്ത വിശ്വാസികൾ എന്ന് വിളിക്കപ്പെടുന്ന ഒരു വലിയ സമൂഹം സഭയിൽ കടുന്നുകൂടിയിരുന്നു പോകുവാൻ സാദ്ധ്യതയുണ്ട്. തങ്ങളുടെ മരണശേഷം സ്വർഗ്ഗത്തിൽ എത്താൻ വലിയ താത്പര്യം ഉള്ളവരാണവർ. എന്നാൽ ഇപ്പോൾ അവർക്ക് അതിനോട് ഒരു താത്പര്യവും ഇല്ല. രാജ്യം എന്ന വാക്ക് ഇന്നു നാം വേണ്ടവണ്ണം മനസ്സിലാക്കിയിട്ടില്ല. കാരണം 1–ാം നൂറ്റാണ്ടിലെ പോലെ രാജാക്കന്മാർ ഭരിക്കുന്ന രാജ്യങ്ങൾ ഇന്ന് വിരളമാണ്. ഇന്ന് നാം ഉപയോഗിക്കുന്ന തത്തുല്യപദം ഭരണകൂടം (Government) എന്നതാണ്. ഇന്ന് നാം ഇന്ത്യയിലെ രാജത്വം എന്നല്ല പറയുന്നത് ഇന്ത്യയിലെ ഭരണകൂടം എന്നാണ്.

സ്വർഗ്ഗരാജ്യം എന്ന് പറയുമ്പോൾ സ്വർഗ്ഗത്തിലെ ഭരണകൂടം എന്നാണർത്ഥം. ദൈവം നിങ്ങളുടെ ജീവിതത്തെ ഭരിക്കുന്നു എന്നു തന്നെ. ഇന്ത്യയിൽ ജീവിക്കുമ്പോൾ നാം ഭാരതസർക്കാരിന്റെ നിയമങ്ങളോടുള്ള വിധേയത്വത്തിൽ ജീവിക്കേണ്ടിയിരിക്കുന്നു. അതുപോലെ സ്വർഗ്ഗരാജ്യത്തിൽ ജീവിക്കുന്ന ഒരാൾ സ്വർഗ്ഗത്തിന്റെ നിയമങ്ങൾക്ക് കീഴ്പ്പെട്ടേ മതിയാവൂ. നമ്മുടെ പൗരത്വം ഭൂമിയിൽ നിന്ന് സ്വർഗ്ഗത്തിലേക്ക് നാം മാറ്റിയിട്ടുണ്ടോ?

രക്ഷ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഭൗമിക രാജത്വത്തിൽ നിന്ന് സ്വർഗ്ഗീയ രാജത്വത്തിലേക്കുള്ള മാറ്റമാണ്. എന്നാൽ അനേകം വിശ്വാസികളുടെയും രക്ഷ അത്രത്തോളം ഒന്നും പോയിട്ടില്ല. അവർക്ക് സ്വർഗ്ഗീയ ആധിപത്യത്തോട് താത്പര്യമില്ല. മരണശേഷം സ്വർഗ്ഗത്തിൽ എത്തണം എന്നു മാത്രമേ അവർ ആഗ്രഹിക്കുന്നുള്ളൂ. ഇവിടെ ജിവിക്കുന്ന നാളത്രയും ഐഹികപൗരത്വത്തിന്റെ മുഴുവൻ ആസ്വാദനങ്ങളും അവർ ആഗ്രഹിക്കുന്നു. അതുകൊണ്ട് അവരുടെ ക്രിസ്തീയ ജീവിതം തീരെ ആഴം കുറഞ്ഞതാണ്.

മറ്റൊരു സുവിശേഷങ്ങളിലും കാണാത്ത ഒരു പദം കൂടി മത്തായിയുടെ സുവിശേഷത്തിൽ നമുക്ക് കാണാം. “സഭ” എന്ന പദമാണത്. 16, 18 അദ്ധ്യായങ്ങളിൽ ആയി രണ്ടു പ്രാവശ്യം ഈ പദം ഉപയോഗിച്ചിരിക്കുന്നു. ഈ പദത്തെ നാം ചിന്തിച്ചു വന്ന ദൈവരാജ്യം എന്ന പദത്തോട് ചേർത്ത് വച്ച് പഠിച്ചാൽ സഭ തന്നെ ഭൂമിയിലെ ദൈവരാജ്യം എന്ന് ഗ്രഹിക്കാൻ കഴിയും. സ്വർഗ്ഗത്തിൽ എല്ലാവരും സ്വർഗ്ഗീയ ഭരണകൂടത്തിൻ കീഴിൽ, ദൈവത്തിന്റെ ആധിപത്യത്തിൻ കീഴിൽ തന്നെ ജീവിക്കുന്നു. എന്നാൽ ഇവിടെ ഭൂമിയിൽ കാര്യങ്ങൾ വ്യത്യസ്തമാണ്. ഇവിടെ ആളുകൾ തങ്ങളുടെ ജീവിതം സ്വന്തമായി നയിക്കുന്നു. അതിനിടയിൽ തങ്ങളുടെ ജീവിതം സ്വന്തമായി നയിക്കാത്ത ഒരു കൂട്ടം ആളുകളെ ദൈവം വേർതിരിച്ചിരിക്കുന്നു. അവർ സ്വർഗ്ഗീയ ഭരണത്തിൻ കീഴിലാണ് ജീവിക്കുന്നത്. അതാണ് സഭ.

ഇന്ത്യയിലെ സഭ സ്വർഗ്ഗത്തിലെ ഭരണത്തിൻ കീഴിൽ ആണ് ജീവിക്കുന്നത് എന്ന് നിങ്ങൾ കരുതുന്നുണ്ടോ? ഞാൻ അങ്ങനെ വിചാരിക്കുന്നില്ല. അനേക വർഷങ്ങൾ ആയി എന്റെ ഹൃദയത്തെ ദുഃഖിപ്പിക്കുന്ന കാര്യവും അതുതന്നെയാണ്. അതിൽ നിങ്ങളുടെ ഹൃദയത്തിലും ദുഃഖം ഉണ്ട് എന്ന് ഞാൻ വിചാരിക്കുന്നു. ഞാൻ ആരേയും കുറ്റപ്പെടുത്തുന്നില്ല. നാം അങ്ങനെ ആണ് എന്നല്ലാതെ അവർ അങ്ങനെയാണ് എന്ന പറയാനും ഞാൻ തുനിയുന്നില്ല. നാം ആണ് ഇന്ത്യയിലെ സഭ. സ്വർഗ്ഗത്തിലെ ഭരണകൂടം എങ്ങനെ ആണെന്ന സാക്ഷ്യം ഇന്ത്യയിൽ ഉയർത്തുന്നതിൽ നാം പരാജയപ്പെട്ടിരിക്കുന്നു.





ഞാൻ ഇങ്ങനെ പറയാൻ ആഗ്രഹിക്കുന്നു. “കർത്താവേ, ഞങ്ങളുടെ പരാജയത്തെ ക്ഷമിക്കണമേ. ദൈവത്തിന്റെ ആധിപത്യത്തിൻ കീഴിലുള്ള ജീവിതത്തിന്റെ മഹത്വം എന്തെന്ന് ഞങ്ങളുടെ ദേശത്ത് കാണിച്ചുകൊടുക്കുവാൻ ഞങ്ങളെ സഹായിക്കണമേ.”

സ്വർഗ്ഗീയ ഭരണകൂടത്തിലെ ഭരണാധികാരി ഈ ഭൂമിയിൽ ജീവിച്ച് പഠിപ്പിച്ച കാര്യങ്ങൾ അത്രേ മത്തായിയുടെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. യേശുവിന്റെ പ്രവൃത്തികളെക്കാൾ അധികം അവിടുത്തെ ഉപദേശങ്ങൾക്കാണ് മത്തായി പ്രാധാന്യം കൊടുത്തിരിക്കുന്നത്. മറ്റ് ഏത് സുവിശേഷങ്ങളിൽ ഉള്ളതിനേക്കാൾ അധികം യേശുവിന്റെ ഉപമകൾ ഈ സുവിശേഷത്തിൽ നമുക്ക് കാണാം. 13–ാം അദ്ധ്യായം നിറയെ സ്വർഗ്ഗരാജ്യത്തെ കുറിച്ചുള്ള ഉപമകൾ മാത്രമാണ്. 23–ാം അദ്ധ്യായം മുഴുവനും കാപട്യക്കാരായ മതഭക്തന്മാരെ – പരീശൻമാരെ കുറിച്ച് പ്രതിപാദിക്കുന്നു. യേശുവിന്റെ ശുശ്രൂഷ തന്നെ പരീശന്മാരുമായി ഒരു നിരന്തര സംഘട്ടനത്തിൽ എത്തിച്ചിരുന്നു. മറ്റ് ഏത് സുവിശേഷത്തിലേക്കാളും പരീശന്മാരുമായിട്ടുള്ള സംഘട്ടനം നമുക്ക് മത്തായിയുടെ സുവിശേഷത്തിൽ കണ്ടെത്താം. 24, 25 അദ്ധ്യായങ്ങളിൽ യേശുവിന്റെ മടങ്ങിവരവിങ്കൽ സ്വർഗ്ഗരാജ്യ സ്ഥാപനം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. 5, 6, 7 അദ്ധ്യായങ്ങളിൽ സ്വർഗ്ഗരാജ്യത്തിന്റെ നിയമങ്ങളും ഭൂമിയിൽ സ്വർഗ്ഗീയ പൗരന്മാർ എങ്ങനെ ജീവിക്കണം എന്നതിനെ സംബന്ധിച്ച ഉപദേശങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു. ഈ പുസ്തകത്തെ നമുക്ക് മൂന്ന് ഭാഗങ്ങളായി തിരിക്കാം.ഒന്നും രണ്ടും അദ്ധ്യായങ്ങൾ യേശുവിന്റെ ജനനത്തെ പ്രതിപാദിക്കുന്നു. 3 മുതൽ 18 വരെ അദ്ധ്യായങ്ങളിൽ ഗലീലയിലെ ശുശ്രൂഷയേയും 19 മുതൽ 28 വരെയുള്ള അദ്ധ്യായങ്ങൾ യെഹൂദ്യയിലെ ശുശ്രൂഷയേയും വിവരിക്കുന്നു.

**ഒന്നാം അധ്യായം**

മത്തായി എഴുതിയ സുവിശേഷം 1–ാം അദ്ധ്യായം യേശുക്രിസ്തുവിന്റെ വംശാവലി വിവരിച്ചിരിക്കുന്നു. യെഹൂദന്മാർ സാധാരണയായി തങ്ങളുടെ വംശാവലിയിൽ പുരുഷന്മാരുടെ പേരുകൾ മാത്രമേ ഉൾപ്പെടുത്താറുള്ളു. എന്നാൽ ഇവിടെ നാലു സ്ത്രീകളുടെ പേരുകൾ കൂടി നാം കണ്ടെത്തുന്നു. യെഹൂദന്മാരും ഇതര ജനവിഭാഗങ്ങളും സ്ത്രീകൾക്ക് കല്പിച്ചിരുന്ന തീരെ താണ നിലവാരത്തിൽ നിന്ന് അവരെ ഉയർത്തുക കൂടി ചെയ്‌വാൻ അത്രേ യേശു വന്നത് എന്ന് ഇത് സൂചിപ്പിക്കുന്നു. അതിൽ ഉപരിയായി ഈ നാല് സ്ത്രീകളെയും പാപകരമായ ഒരു മുൻകാല ചരിത്രം ഉള്ളവരായി നാം കാണുന്നു. ഇത് സൂചിപ്പിക്കുന്നത് യേശു വന്നത് നമ്മുടെ പാപകരമായ ഭൂതകാലത്തിൽ നിന്ന് നമ്മെ രക്ഷിക്കുവാനാണ് എന്ന് തന്നെ.

ഒന്നാമതായി താമാർ എന്ന സ്ത്രീയെ കുറിച്ച് പറയുന്നു (1:3). താമാർ യെഹൂദയുടെ മരുമകൾ ആയിരുന്നു. യെഹൂദ താമാരിൽ പേരെസിനെ ജനിപ്പിച്ചു. അവൻ യേശുവിന്റെ അമ്മ മറിയയുടെ പൂർവ്വപിതാവായിരുന്നു. നിഷിദ്ധമായ ഈ ലൈംഗികബന്ധം (ഉല്പ. 38:12–29) നടക്കുമ്പോൾ യേശു ഭൂമിയിൽ ജനിച്ചിരുന്നില്ല എങ്കിലും സ്വർഗ്ഗത്തിൽ ഇരുന്നുകൊണ്ട് ഇതൊക്കെയും അറിയുന്നുണ്ടായിരുന്നു. എന്നിട്ടും തനിക്ക് ജനിക്കുവാൻ ഈ വംശാവലി തന്നെ യേശു തിരഞ്ഞെടുത്തു. നമ്മുടെ ജീവിതചരിത്രത്തിന്റെ താളുകളിൽ ഇത്തരം ലജ്ജാകരമായ ചരിത്രങ്ങൾ എഴുതിച്ചേർക്കുവാനും നിന്ദ്യമായ ഈ വംശാവലിയിൽ ഉൾപ്പെടാനുമായി നമ്മിൽ എത്ര പേർ മനസ്സോടെ താത്പര്യപ്പെടും?

ഈ വംശാവലിയിൽ ഉൾപ്പെട്ട രണ്ടാമത്തെ സ്ത്രീയാണ് രാഹാബ്

(1:5). യെരീഹോ പട്ടണത്തിലെ വേശ്യമാർ താമസിക്കുന്ന തെരുവിലെ അറിയപ്പെടുന്ന ഒരു വേശ്യയായിരുന്നു രാഹാബ് (യോശുവ 2:1). വിജാതീയയായ ഈ സ്ത്രീയേ യെഹൂദനായ സൽമോൻ എന്ന പുരുഷൻ വിവാഹം ചെയ്തു. ഒരു യെഹൂദൻ അന്യ ജാതിക്കാരിയായ ഈ വ്യഭിചാരിണിയെ വിവാഹം ചെയ്തിരുന്നതും യേശു മുൻകൂട്ടി അറിയുകയും ആ വംശാവലിയിൽ തന്നെ താൻ ജന്മമെടുക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

വംശാവലിയിലെ മൂന്നാമത്തെ സ്ത്രീ രൂത്താണ് (1:5). രൂത്ത് ഒരു മോവാബ്യസ്ത്രീയായിരുന്നു. മോവാബ് ആയിരുന്നു അവളുടെ പൂർവ്വ പിതാവ്. ലോത്തിനു തന്റെ മകളുമായി ഉള്ള അഗമ്യഗമനത്തിൽ നിന്ന് ആണ് മോവാബ് ജനിച്ചതെന്ന് ഉല്പ: 19:30-37-ൽ നാം കാണുന്നു അവിശുദ്ധമായ ഈ വംശാവലിയേയും സ്വീകരിക്കുവാനും യേശു തീരുമാനിച്ചു.

വംശാവലിയിലെ നാലാമത്തെ സ്ത്രീയാണ് ബേത്ത് - ശേബ. അവളെ ഊരിയാവിന്റെ ഭാര്യയെന്നു തന്നെയാണ് വംശാവലിയിൽ നാം കാണുന്നത് (1:6). ദാവീദ് അവളുമായി പരസംഗം ചെയ്യുകയും പിന്നീട് അവളെ വിവാഹം കഴിക്കുകയും ചെയ്തു. ഈ സ്ത്രീയേയും പാപകരമായ ഒരു ചരിത്രം ഉള്ളവളായി നാം കണ്ടെത്തുന്നു. എന്നാൽ ആദ്യത്തെ മൂന്ന് സ്ത്രീകളെപോലെ ഇവൾ യേശുവിന്റെ അമ്മയായ മറിയയോട് വംശാവലി പ്രകാരം ബന്ധപ്പെടുന്നില്ല. യേശുവിന്റെ പിതാവായി അറിയപ്പെട്ടിരുന്ന യോസേഫുമായിട്ടായിരുന്നു വംശാവലി പ്രകാരം ബേത്ത് ശേബായ്ക്ക് ബന്ധം ഉണ്ടായിരുന്നത്. (ലൂക്കോ. 3-ലെ വംശാവലിയുമായി ഈ വംശാവലിയെ താരതമ്യം ചെയ്യുക.) യോസേഫ് വംശാവലി പ്രകാരം ദാവീദിന്റെ പുത്രനായിരുന്നു എന്ന് തെളിയിക്കുന്നതിലൂടെ യേശു യിസ്രായേലിന്റെ രാജാവാകുവാൻ എന്തുകൊണ്ടും അർഹനായിരുന്നു എന്നാണ് മത്തായി സ്ഥാപിക്കുന്നത്.

എന്തുകൊണ്ടാണ് യേശു ഇപ്രകാരം ഒരു പാപകരമായ വംശം തിരഞ്ഞെടുത്തത്? പാപത്തിൽ വീണുപോയ മനുഷ്യകുലത്തോട് തന്നെത്തന്നെ അനുരൂപനാക്കുവാനും താൻ നീതിമാന്മാരെയല്ല പാപികളെ അത്രേ മാനസാന്തരത്തിലേക്ക് വിളിപ്പാൻ വന്നത് എന്നു സൂചിപ്പിക്കുവാനുമായിരുന്നു അത്.

അതുകൊണ്ട് ആർക്കും തങ്ങളുടെ കുടുംബപശ്ചാത്തലത്തെകുറിച്ച് അപമാനമോ, അഭിമാനമോ തോന്നേണ്ടതില്ല. ഇന്ത്യയിൽ ആളുകൾ തങ്ങളുടെ കുലീനതയെ കുറിച്ചും മറ്റും പ്രശംസിക്കാറുണ്ട്. നാം നമ്മുടെ കുടുംബ മഹിമയേകുറിച്ച് പ്രശംസിക്കുമ്പോൾ അതിന്റെ അർത്ഥം,നാം ക്രിസ്തുവിന്റെ ആത്മാവിനെ വിദൂരതയിൽ പോലും അറിഞ്ഞിട്ടില്ല എന്നാണ്.

മറിയ ഗർഭിണിയാണെന്ന് യോസേഫ് അറിഞ്ഞു എങ്കിലും അത് പരിശുദ്ധാത്മാവിനാൽ എന്ന് അവൻ അറിഞ്ഞില്ല. 1-ന്റെ 19-ൽ അവൻ നീതിമാൻ ആകകൊണ്ട് അവൾക്ക് സമൂഹത്തിന്റെ മുമ്പിൽ അപമാനം വരുത്തുവാൻ താത്പര്യമില്ലാത്തതിനാൽ അവള രഹസ്യമായി ഉപേക്ഷിക്കുവാൻ ആഗ്രഹിച്ചു എന്ന് കാണുന്നു. യോസേഫ് വിചാരിച്ചത് അവൾ പാപകരമായ വഴികളിലൂടെയാണ് ഗർഭം ധരിച്ചത് എന്നാണ്.

ഇവിടെ നീതിയെ സംബന്ധിച്ച ഒരു പാഠം നാം കാണുന്നു. സുവിശേഷം എന്നത് നീതിമാന്മാർ അല്ലാത്തവർക്ക് എങ്ങനെ നീതിമാന്മാർ ആകാം എന്നതാണല്ലോ. പുതിയ നിയമത്തിൽ നീതിമാൻ എന്ന് വിശേഷിപ്പിക്കപ്പെട്ട ഒന്നാമത്തെ ആളാണ് യോസേഫ്. അവന്റെ നീതിയെ കുറിച്ച് പറയുമ്പോൾ മറ്റൊരാളിന്റെ പാപത്തെ മറയ്ക്കുന്നതുമായി ബന്ധപ്പെട്ടാണ് നാം





അതു കണ്ടെത്തുന്നത്. മറ്റൊരാളിന്റെ പാപത്തെ പരസ്യമാക്കി ആ വ്യക്തിക്ക് അപമാനം ഉണ്ടാക്കുന്നത് നീതിയല്ലെന്നു നാം ഇവിടെ ഗ്രഹിക്കുന്നു. ഒരു യഥാർത്ഥ നീതിമാന്റെ ആത്മാവ് എങ്ങനെയായിരിക്കും എന്നതിന്റെ പാഠം നമുക്ക് ഇവിടെ നിന്നും ലഭിക്കുന്നു.

ഒരു വ്യക്തി പാപം ചെയ്തു എന്ന് കേൾക്കുമ്പോൾ നമ്മുടെ പെട്ടെന്നുള്ള പ്രതികരണം എങ്ങനെയാണ്? നിങ്ങൾ ഒരു നീതിമാൻ എങ്കിൽ തീർച്ചയായും അത് മറയ്ക്കുവാനുള്ള ഒരു ആഗ്രഹം നിങ്ങൾക്കുണ്ടാകും. നിങ്ങൾ നീതിമാൻ അല്ലെങ്കിൽ അത് പരസ്യപ്പെടുത്തുവാൻ ആയിരിക്കും നിങ്ങൾക്ക് താത്പര്യമുണ്ടാവുക. ഇവിടെ പരിശുദ്ധാത്മാവിനെയോ പുതിയ നിയമ ജീവനേയോ അറിഞ്ഞിട്ടില്ലാത്ത യോസേഫ് അനേകം, വീണ്ടും ജനിച്ചു എന്ന് അവകാശപ്പെടുന്ന പുതിയ നിയമ വിശ്വാസികളെക്കാൾ ഉയർന്ന നീതിബോധം പ്രദർശിപ്പിക്കുന്നു. പഴയനിയമ നിലവാരത്തിൽ ജീവിച്ചിരുന്ന യോസേഫ് പാപം എന്ന് താൻ മനസ്സിലാക്കിയ കാര്യത്തെ മറച്ചു വയ്ക്കുവാൻ തീരുമാനിച്ചു. അവൻ മറിയയെ കുറിച്ച് അപവാദം ഒന്നു പറഞ്ഞില്ല. അഥവാ അങ്ങനെ പറഞ്ഞിരുന്നു എങ്കിൽ പിന്നീട് സത്യം ബോധ്യപ്പെട്ടതിന് ശേഷം അവന് എത്രമാത്രം പശ്ചാത്താപവും കുറ്റബോധവും ഉണ്ടാകുമായിരുന്നിരിക്കണം. അവൾ തികച്ചും നിഷ്കളങ്കയായിരുന്നവല്ലോ. ഈ കാര്യം നമുക്ക് ഉപദേശത്തിനായി രേഖപ്പെടുത്തിയിരിക്കുന്നു. നാം ഒരിക്കൽ പറഞ്ഞുപരത്തിയ കാര്യങ്ങൾ അവ തെറ്റാണെന്ന് ബോധ്യപ്പെടുമ്പോൾ നമുക്ക് പിൻവലിക്കാൻ കഴിയുമോ? നാം പറഞ്ഞത് കേൾക്കുന്ന ആളുകൾ മറ്റുള്ളവരിലേക്കും തുടർന്നും അത് പ്രചരിപ്പിച്ചുകൊണ്ടേയിരിക്കും. അപ്രകാരമുള്ള പ്രചാരണത്തെ നമുക്ക് തിരിച്ചെടുക്കാൻ കഴികയില്ല. അതുകൊണ്ട് പുതിയ നിയമം നൽകുന്ന ഈ മുന്നറിയിപ്പും മാതൃകയും നമുക്ക് സ്വീകരിക്കാം. മറ്റുള്ളവരുടെ പാപങ്ങളെ മറയ്ക്കുവാൻ നമുക്ക് പഠിക്കാം. സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറയ്ക്കുന്നു.

1:21-ൽ പുതിയനിയമത്തിലെ പ്രഥമ വാഗ്ദാനം നാം കണ്ടെത്തുന്നു. “അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നും രക്ഷിക്കും.” യേശു എന്ന പേരിന്റെ അർത്ഥമാണിത്. നമ്മുടെ പാപം ക്ഷമിക്കും എന്നല്ല ഈ വാഗ്ദാനം മറിച്ച് നമ്മുടെ പാപങ്ങളിൽ നിന്നും നമ്മെ രക്ഷിക്കും എന്നാണ് ഈ വാഗ്ദാനം. പാപം ക്ഷമിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത് നമ്മുടെ കഴിഞ്ഞകാല പാപത്തെ മായിക്കുന്നു എന്നു മാത്രമാണ്. എന്നാൽ പാപത്തിൽ നിന്നും നമ്മെ രക്ഷിക്കുക എന്നതിന്റെ അർത്ഥം നമ്മുടെ പാപസ്വഭാവങ്ങളായ കോപം, കൺമോഹം, അത്യാഗ്രഹം, അസൂയ, കയ്പ് മുതലായവയിൽ നിന്ന് നമ്മെ വിടുവിക്കുക എന്നാണ്. അങ്ങനെ പാപത്തിന്റെ അടിമത്തത്തിൽ നിന്ന് യേശു നമ്മെ സ്വതന്ത്രരാക്കുന്നു.

3:11-ൽ രണ്ടാമത്തെ പുതിയ നിയമ വാഗ്ദാനം നാം കാണുന്നു. “അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം കഴിപ്പിക്കും.”

ഈ രണ്ട് പുതിയ നിയമ വാഗ്ദാനങ്ങളിലായി സുവിശേഷത്തിന്റെ മുഴുവൻ സന്ദേശവും സംഗ്രഹിച്ചിരിക്കുന്നു. ഈ രണ്ട് വാഗ്ദാനങ്ങളും നമ്മിൽ നിറവേറുകയും നമ്മുടെ അനുഭവമായിത്തീരുകയും ചെയ്യേണ്ടതുണ്ട്. നാം നമ്മുടെ പാപത്തിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിച്ച് പരിശുദ്ധാത്മാവിലും അഗ്നിയിലും സ്നാനം ലഭിച്ചവരാകണം.

(തുടരും)

മൊഴിമാറ്റം: ബോബി ചെറിയാൻ



# കുരിശും കഠാരയും

ഡേവിഡ് വിൽക്കേഴ്സൺ

**അദ്ധ്യായം-21**

*കഥ ഇതുവരെ*

*അമേരിക്കയിൽ ഫിൽസ്ബർഗ്ഗിലെ ചെറിയ ഒരു സഭയുടെ ശുശ്രൂഷകനായിരുന്നു ഡേവിഡ് വിൽക്കേഴ്സൺ. അദ്ദേഹം തന്റെ ടി.വി. വിറ്റ് രാത്രിയിൽ ടി.വി. കാണുന്ന സമയം പ്രാർത്ഥനയ്ക്കായി എടുക്കാൻ തുടങ്ങി. അങ്ങനെ പ്രാർത്ഥിക്കുന്ന ഒരു രാത്രി ലൈഫ് മാസികയിലെ ഒരു ചിത്രം കാണാനിടയായി. ന്യൂയോർക്കിലെ കൗമാരക്കാരുടെ അധോലോകസംഘമായ ഡ്രാഗണിലെ അംഗങ്ങളായ ഏഴുകുട്ടികളുടെ ചിത്രമായിരുന്നു അത്. അവർ മൈക്കൽഫാർമർ എന്നൊരു കുട്ടിയെ മൃഗീയമായി കൊലപ്പെടുത്തിയതിന് ന്യൂയോർക്കിൽ കൊലക്കേസ് വിചാരണയെ നേരിടുകയാണ്. ഈ കുട്ടികളെ സഹായിക്കാൻ ന്യൂയോർക്കിൽ പോകണമെന്ന ഭാരം വിൽക്കേഴ്സണ് അനുഭവപ്പെട്ടു. അദ്ദേഹം അടുത്ത ദിവസം ന്യൂയോർക്കിലേക്ക് യാത്രയായി. അവിടെ മൈക്കൽ ഫാർമർ കേസ് വിചാരണചെയ്യുന്ന കോടതിയിൽ അവർ കുട്ടികളെ കാണാനെത്തി. വിൽക്കേഴ്സൺ കുട്ടികളെ സഹായിക്കാനുള്ള വ്യഗ്രതയിൽ അവിടെ കോടതിനടപടികളിൽ ഇടപെട്ടു. കോടതിയിൽനിന്നു പുറത്താക്കപ്പെട്ടു. പരിഹാസപാത്രമായ വിൽക്കേഴ്സണിന്റെ പടവും വാർത്തയും മാധ്യമങ്ങളിലെല്ലാം വന്നു. എന്നാൽ ഒരാഴ്ചയ്ക്കുശേഷം അദ്ദേഹം വീണ്ടും ന്യൂയോർക്കിലേക്കു പോയി. അവിടെ കൗമാരക്കാരുടെ രണ്ടു തെരുവുസംഘങ്ങളെ പരിചയപ്പെട്ടു. തെരുവുകുട്ടികൾക്കുവേണ്ടി ഒരു യോഗം ക്രമീകരിക്കുന്നു. യോഗത്തിന്റെ അവസാനരാത്രി വന്ന മൗമൗ സംഘക്കാരെ പരിശുദ്ധാത്മാവ് സ്പർശിച്ചു. അവരുടെ പ്രസിഡന്റ് യിസ്രായേലും വൈസ്പ്രസിഡന്റ് നിക്കിയും ഉൾപ്പെടെ പലരും മാനസാന്തരപ്പെട്ടു. നിക്കി പ്രേഷിതവൃത്തിക്കായി സ്വയം സമർപ്പിച്ചു. വിൽക്കേഴ്സൺ സഭാശുശ്രൂഷ മതിയാക്കി ന്യൂയോർക്കിലെത്തി ടീനേജ് ഇവാൻജലിസത്തിനു തുടക്കം കുറിച്ചു. ക്ലിന്റൻ അവന്യൂവിൽ ഒരു പുതിയ സെന്റർ ആരംഭിച്ചു. കൗമാരക്കാരുടെ ഇടയിൽ ഫലകരമായ ഒരു ശുശ്രൂഷയുടെ തുടക്കമായിരുന്നു അത്...... തുടർന്നു വായിക്കുക*

### എന്താണു പരിശുദ്ധാത്മ സ്നാനം?

ലഹരിമരുന്നിന്റെ അടിമയായിത്തീർന്ന കുട്ടിയുടെ മോചനത്തിൽ പരിശുദ്ധാത്മാവിന്റെ പങ്കിനെക്കുറിച്ച് ഞങ്ങൾ ബോധവാന്മാരായിത്തീർന്ന ശേഷം ഒരു ജസ്യൂട്ട് പുരോഹിതൻ ടീൻ ചലഞ്ച് സെന്റർ സന്ദർശിക്കാനിടയായി. അദ്ദേഹവും പരിശുദ്ധാത്മസ്നാനത്തെക്കുറിച്ച് കൂടുതൽ അറിയാൻ ആഗ്രഹം പ്രകടിപ്പിച്ചു. ഒരു തെരുവു യോഗത്തിൽ ഞങ്ങളുടെ ഒരു കുട്ടിയുടെ സാക്ഷ്യം കേൾക്കാനിടയായതിനെ തുടർന്നുണ്ടായ മതിപ്പിലാണ് അദ്ദേഹം ആ രഹസ്യത്തെക്കുറിച്ച് അറിയാൻ ആഗ്രഹിച്ച് സെന്ററിൽ വന്നത്.





ഫാദർ ഗാരിയോടൊത്ത് ഉച്ചകഴിഞ്ഞുള്ള സമയം മുഴുവൻ ഞങ്ങൾ ചെലവഴിച്ചു. പരിശുദ്ധാത്മസ്നാനത്തിന്റെ ആഴമേറിയ അർത്ഥം ഞങ്ങൾ ഒന്നിച്ചു കണ്ടെത്തുകയായിരുന്നു. ആദ്യം ഞങ്ങൾ ചെയ്തത് പരിശുദ്ധാത്മസ്നാനത്തെക്കുറിച്ച് പറഞ്ഞിരിക്കുന്ന വേദഭാഗങ്ങൾ ബൈബിളിൽ നിന്ന് അദ്ദേഹത്തെ കാണിക്കുയായിരുന്നു.“പരിശുദ്ധാത്മസ്നാനം എന്നു പറയുന്നത് ഒരു വിഭാഗത്തിന് മാത്രമുള്ള അനുഭവമല്ല. എപ്പിസ്ക്കോപ്പൽ, ലൂഥറൺ, ബാപ്റ്റിസ്റ്റ്, മെതൊഡിസ്റ്റുകൾ തുടങ്ങിയവരെല്ലാം ഞങ്ങളോടൊപ്പം പ്രവർത്തിക്കുന്നുണ്ട്. അവരെല്ലാം പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരുമാണ്” ഞാൻ പറഞ്ഞു.

പരിശുദ്ധാത്മസ്നാനം ശക്തിപകരുന്ന ഒരു ആത്മീയ അനുഭവമാണെന്നാണു ഞങ്ങൾ ഫാദർ ഗാരിയോടു പറഞ്ഞതിന്റെ കാതൽ. ”എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾക്കു ശക്തി ലഭിക്കും.” തന്റെ മരണശേഷം യേശു ഉയിർത്തെഴുന്നേറ്റ് ശിഷ്യന്മാർക്കു പ്രത്യക്ഷനായപ്പോൾ അവരോടു പറഞ്ഞു.

എന്റെ ഓഫീസിൽ ഫാദർ ഗാരിയും ഞാനും ബൈബിൾ തുറന്ന് അതിൽ വേദഭാഗങ്ങൾ നോക്കുവാൻ തുടങ്ങി. ഈ പ്രത്യേക അനുഭവത്തെക്കുറിച്ചുള്ള ആദ്യറഫറൻസ് സുവിശേഷത്തിന്റെ ആദ്യഭാഗത്തു കാണാം. യഹൂദന്മാർ ആദ്യകാലത്ത് യോഹന്നാൻ സ്നാപകൻ മശിഹായാണോ എന്ന് അത്ഭുതപ്പെട്ടിരുന്നത് ഓർമ്മയുണ്ടല്ലോ. എന്നാൽ യോഹന്നാൻ യെഹൂദന്മാരോടു തുറന്നുപറഞ്ഞു. “എന്നിലും ബലമേറിയവൻ എന്റെ പിന്നാലെ വരുന്നു. അവന്റെ ചെരിപ്പിന്റെ വാറു കുനിഞ്ഞഴിപ്പാൻ ഞാൻ യോഗ്യനല്ല. ഞാൻ നിങ്ങളെ വെള്ളത്തിൽ സ്നാനം കഴിപ്പിക്കുന്നു. അവനോ നിങ്ങളെ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കും.”[1]

ചുരുക്കത്തിൽ ക്രിസ്ത്രീയതയുടെ തുടക്കം മുതൽ തന്നെ പരിശുദ്ധാത്മസ്നാനത്തിന് ഒരു പ്രത്യേക പ്രാധാന്യം ഉണ്ടായിരുന്നു.കാരണം അതാണ് മനുഷ്യരുടെ പ്രവർത്തനങ്ങളെയും, അത് എത്ര ശക്തവും പ്രയോജനപ്രദമാണെന്നാലും, ക്രിസ്തുവിന്റെ ദൗത്യത്തെയും തമ്മിൽ വേർതിരിക്കുന്നത്. യേശു തന്റെ അനുയായികളെ പരിശുദ്ധാത്മാവിനാൽ സ്നാനം കഴിപ്പിക്കും. ഭൂമിയിലെ അവസാന മണിക്കൂറുകളിൽ തന്റെ ശിഷ്യന്മാരോടു യേശു സംസാരിച്ചത് ഏറെയും പരിശുദ്ധാത്മാവിനെക്കുറിച്ചായിരുന്നു. തന്റെ മരണശേഷം പരിശുദ്ധാത്മാവ് അവർക്ക് തുണയായി വരികയും അവരെ ആശ്വസിപ്പിക്കുകയും അവരെ നയിക്കുകയും തന്റെ ദൗത്യം മുന്നോട്ടു കൊണ്ടുപോകാൻ അവരെ ശക്തീകരിക്കുകയും ചെയ്യുമെന്ന് അവിടുന്ന് പറഞ്ഞു.

ക്രൂശീകരണത്തിനും അടക്കത്തിനും ഉയിർത്തെഴുന്നേൽപ്പിനും ശേഷം അവരെ കണ്ട യേശു പറഞ്ഞത് അവർ യെരുശലേം വിട്ടുപോകാതെ തന്നോടു കേട്ട പിതാവിന്റെ വാഗ്ദാനത്തിനായി അവിടെ കാത്തിരിക്കണമെന്നാണ്. “യോഹന്നാൻ നിങ്ങളെ വെള്ളം കൊണ്ട് സ്നാനം കഴിപ്പിച്ചു. എന്നാൽ നിങ്ങൾക്കു പരിശുദ്ധാത്മാവിനാൽ ഉള്ള സ്നാനം ലഭിക്കും.... അതും ചില ദിവസങ്ങൾക്കുള്ളിൽ ... പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾക്കു ശക്തി ലഭിക്കുകയും ചെയ്യും.”

തുടർന്നു പ്രവൃത്തി രണ്ടാമദ്ധ്യായത്തിലേക്കു ഞങ്ങൾ തിരിഞ്ഞു. ഇതു കഴിഞ്ഞ ഉടനെ ശിഷ്യന്മാർ യെരുശലേമിൽ പെന്തക്കോസ്ത് ആചരിക്കാൻ ഒന്നിച്ചു കൂടി. “പെന്തക്കോസ്ത് നാൾ വന്നപ്പോൾ അവരെല്ലാവരും ഒരു സ്ഥലത്ത് ഒന്നിച്ചു കൂടിയിരുന്നു.

പെട്ടെന്നു കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തു നിന്ന് ഒരു മുഴക്കം ഉണ്ടായി. അവർ ഇരുന്ന വീടു മുഴുവനും നിറച്ചു. അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നൽകിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി.

പെന്തക്കോസ്ത് നാളിലെ ഈ അനുഭവമാണ് ഞങ്ങൾ പെന്തക്കോസ്തുകാർക്ക് ഈ പേരുവരുവാൻ കാരണമായത്. യോഹന്നാൻ നേരത്തെ പറയുകയും, പിതാവ് വാഗ്ദാനം ചെയ്യുകയും പെന്തക്കോസ്ത് നാളിൽ അനുഭവവേദ്യമാകുകയും ചെയ്ത ഈ അനുഭവത്തിന് ഞങ്ങൾ വലിയ ഊന്നൽ നല്കുന്നു. ഈ അനുഭവത്തിന് ശേഷം അപ്പോസ്തലന്മാർക്കുണ്ടായ വലിയ രൂപാന്തരം നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.അതിനു മുമ്പ് അവർ ശക്തിയില്ലാത്തവരും ലജ്ജാലുക്കളുമായിരുന്നു. അവർ തുടർന്നു ക്രിസ്തു പറഞ്ഞ ശക്തി പ്രാപിച്ചു. അവർ രോഗികളെ സൗഖ്യമാക്കി. ഭൂതങ്ങളെ പുറത്താക്കി. മരിച്ചവരെ ഉയിർപ്പിച്ചു. ക്രൂശീകരണ സമയത്ത് സ്വയം ഒളിച്ച ഇതേ മനുഷ്യർ പിന്നീട് തങ്ങളെ എതിർത്ത ലോകത്തിന്റെ മുൻപാകെ ഒരു സന്ദേശവുമായി നില്ക്കുന്നു."

തുടർന്ന് ഞാൻ ഫാദർ ഗാരിയോട് 1900 ന്റെ തുടക്കത്തിൽ യു.എസ്, കാനഡാ, ഇംഗ്ലണ്ട്, ദക്ഷിണ അമേരിക്ക എന്നിവയെ പിടിച്ചു കുലുക്കിയ വലിയ ഉണർവ്വിനെക്കുറിച്ച് വിവരിച്ചു. ആ ഉണർവ്വിന്റെ ഹൃദയം എന്നു പറയുന്നത് ഒരു സന്ദേശമായിരുന്നു– പെന്തക്കോസ്തിൽ സഭയ്ക്കു നല്കിയ ആ ശക്തി ഇന്ന് ഏറിയ പങ്കും നഷ്ടമായിരിക്കുന്നു. പരിശുദ്ധാത്മസ്നാനത്തിലൂടെ അതു മടക്കി പ്രാപിക്കുവാൻ കഴിയും! "അപ്പോസ്തല പ്രവൃത്തിയിൽ ആളുകൾ ഈ അനുഭവം പ്രാപിച്ചതിനെക്കുറിച്ച് അഞ്ചു സ്ഥലങ്ങളിൽ പറഞ്ഞിരിക്കുന്നു. അതിൽ നാലിലും പരിശുദ്ധാത്മസ്നാനം പ്രാപിച്ചവർ 'അന്യഭാഷകളിൽ സംസാരിച്ചതായി വിവരിച്ചിരിക്കുന്നു.' ഞാൻ ചൂണ്ടിക്കാട്ടി.

അന്യഭാഷകളിൽ സംസാരിക്കുന്നത് എങ്ങനെയിരിക്കുമെന്ന് അറിയാൻ ഫാദർഗാരി ആഗ്രഹിച്ചു.'മറ്റൊരു ഭാഷയിൽ സംസാരിക്കുന്നതാണിത്. നിങ്ങൾക്കു മനസ്സിലാകാത്ത വേറൊരു ഭാഷ" പരിശുദ്ധാത്മാസ്നാനത്തെ തുടർന്നുണ്ടായ അനുഭവം ബൈബിളിൽ വിവരിച്ചിരിക്കുന്ന വിവിധ സ്ഥലങ്ങൾ ഒന്നൊന്നായി ഞാൻ ഫാദർ ഗാരിക്കു കാട്ടിക്കൊടുത്തു.പെന്തക്കോസ്ത് നാളിൽ ശിഷ്യന്മാർ അന്യഭാഷകളിൽ സംസാരിച്ചു. ദമസ്ക്കോസിന്റെ പടിവാതില്ക്കലിലെ മാനസാന്തരത്തിനു ശേഷം ശൗൽ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടു. തുടർന്ന് അദ്ദേഹം അന്യഭാഷകളിൽ സംസാരിക്കുമായിരുന്നു. 'നിങ്ങൾ എല്ലാവരെക്കാളും അധികം അന്യഭാഷകളിൽ സംസാരിക്കുന്നതുകൊണ്ട് ഞാൻ ദൈവത്തെ സ്തുതിക്കുന്നു.". കൊർന്നല്യോസിന്റെ ഭവനത്തിലുള്ളവർ പരിശുദ്ധാത്മസ്നാനത്തെ തുടർന്ന് അന്യഭാഷകളിൽ സംസാരിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. എഫേസോസിലെ പുതിയ വിശ്വാസികളും അന്യഭാഷകളിൽ സംസാരിച്ചു. ശമര്യയിൽ വിശ്വാസികൾ പരിശുദ്ധാത്മസ്നാനം പ്രാപിച്ചപ്പോഴും ശിമെയോൻ ചിലത് അസാധാരണമായി നടക്കുന്നത് കാണുകയും കേൾക്കുകയും ചെയ്തതുകൊണ്ടാണ് താനും ആരുടെ തലയിലെങ്കിലും കൈവെച്ചാൽ അവർക്കും പരിശുദ്ധാത്മസ്നാനം ലഭിക്കുവാൻ ആ ശക്തി തനിക്കും വേണമെന്ന് ആഗ്രഹിച്ചത്.[5]





അതുകൊണ്ട് അവിടെയും അന്യഭാഷാഭാഷണമാണ് നടന്നതെന്ന് ചിന്തിക്കുകയല്ലേ യുക്തിസഹം.?

"മറ്റെല്ലായിടത്തും അതു നടന്നപ്പോൾ ഇവിടെയും അതുതന്നെ നടന്നുവെന്ന് കരുതുന്നതാണ് ശരിയെന്ന് ഞാനും ചിന്തിക്കുന്നു." ഫാദർ ഗാരി പറഞ്ഞു. എന്നിട്ട് അദ്ദേഹം ചോദിച്ചു. "ആട്ടെ, നിങ്ങൾക്ക് എന്നാണ് ആ അനുഭവം ഉണ്ടായത്?"

"ഞങ്ങളുടെ കുടുംബത്തിൽ മൂന്നു തലമുറയായി അതൊരനുഭവമാണ്" എന്റെ മറുപടി.

തുടർന്ന് ഞാൻ എന്റെ മുത്തശ്ശനെക്കുറിച്ച് പറഞ്ഞു. 1925 ലാണ് അദ്ദേഹം ആദ്യമായി ഈ സന്ദേശം കേൾക്കുന്നത്. അന്ന് അദ്ദേഹം ഇതിന് എതിരായിരുന്നു. കിട്ടുന്ന സന്ദർഭങ്ങളിലെല്ലാം അദ്ദേഹം ഇതിനെതിരായി പ്രസംഗിക്കുകയും ചെയ്യുമായിരുന്നു.

"എന്നാൽ ഒരു ദിവസം പെന്തക്കോസ്തുകാർക്ക് എതിരായി വേദിയിൽ പ്രസംഗിക്കുമ്പോൾ അദ്ദേഹം വിറയ്ക്കുവാനും ചലിക്കുവാനും തുടങ്ങി. ഈ ശക്തി ആദ്യമായി വ്യാപരിക്കുമ്പോൾ പലരിലും ഇങ്ങനെ സംഭവിക്കാറുണ്ട്. അത് ഒരു അനുഭവമാണ്. നേരിയ ഷോക്കടിക്കുന്നതുപോലെ. പക്ഷേ അത് അസ്വാസ്ഥ്യജനകമല്ലതാനും. എന്നാൽ ഇതു തനിക്കു സംഭവിക്കുമ്പോൾ ഏറ്റവും അത്ഭുതപ്പെട്ടുപോയ മനുഷ്യൻ എന്റെ മുത്തശ്ശൻ തന്നെയായിരുന്നു. അദ്ദേഹത്തിന് ആത്മസ്നാനവും അന്യഭാഷാഭാഷണവും ഉണ്ടായി. അന്നുമുതൽ അദ്ദേഹം എവിടെ ചെന്നാലും എപ്പോൾ അവസരം കിട്ടിയാലും അദ്ദേഹം പെന്തക്കോസ്തിനെക്കുറിച്ച് പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്യുമായിരുന്നു. കാരണം ആ അനുഭവത്തിന് എന്തു ശക്തിയുണ്ടെന്ന് അദ്ദേഹം വ്യക്തിപരമായി കണ്ടിട്ടുള്ളതാണ്. എന്റെ പിതാവിന് 25-ാം വയസ്സിലും എനിക്കു 13-ാം വയസ്സിലും അതേ അനുഭവം ഉണ്ടായി. മൂന്നു തലമുറയായി ഞങ്ങൾ ഈ സന്ദേശം പ്രഘോഷിക്കുന്നു."

ആ അനുഭവം യഥാർത്ഥത്തിൽ എങ്ങനെയായിരിക്കുമെന്ന് അറിയാൻ ഫാദർ ഗാരി താൽപര്യം പ്രകടിപ്പിച്ചു.

"എന്തുകൊണ്ട് താങ്കൾക്കു കുട്ടികളോടു തന്നെ അതെക്കുറിച്ച് ചോദിച്ചുകൂടാ?" ഞാൻ പറഞ്ഞു. ഞങ്ങളോടൊപ്പം ഉച്ചഭക്ഷണം കഴിക്കാൻ ഞങ്ങൾ ഗാരിയെ ക്ഷണിച്ചു. ചിക്കനും സലാഡും കഴിച്ചു കൊണ്ട് ഞങ്ങൾ അന്യോന്യം സംസാരിച്ചു. തങ്ങൾ പരിശുദ്ധാത്മാവിനാൽ നിറഞ്ഞപ്പോൾ അതെങ്ങനെയാണ് അനുഭവപ്പെട്ടതെന്ന് ചെറുപ്പക്കാർ പലരും വിവരിച്ചു.

നേഡ എന്ന പന്ത്രണ്ടുകാരിയാണ് ആദ്യം സംസാരിച്ചത്. അനാഥയെപ്പോലെ അലയുന്ന നിലയിൽ കോണി ഐലൻഡിലാണ് ഞങ്ങൾ അവളെ ആദ്യം കണ്ടു മുട്ടിയത്. വീടിനോടും കുടുംബത്തോടുമുള്ള വെറുപ്പും പകയും മദ്യം, സെക്സ് എന്നിവയിൽ മുഴുകിയാണ് അവൾ പ്രകടിപ്പിക്കുന്നതെന്ന് ലിൻഡ മെയ്സ്നർ അവളിൽ നിന്ന് മനസ്സിലാക്കി. അവൾ ഫാ. ഗാരിയോടു സംസാരിക്കുമ്പോൾ തന്റെ ഭൂതകാലം ഇങ്ങനെ അയവിറക്കി. "ഞാൻ ധാരാളം കുടിക്കുമായിരിന്നു. ആ നിലയിൽ എന്നെ നോക്കുന്ന ഏത് ആൺകുട്ടിയോടും ഒപ്പം പോകുകയും ചെയ്യുമായിരുന്നു. ഞാൻ എന്റെ മാതാപിതാക്കളെ വെറുത്തു. പ്രത്യേകിച്ച് എന്റെ അമ്മയെ. ലിൻഡയാണ് എന്നെ ഇവിടെ ഈ സെന്ററിൽ കൊണ്ടുവന്നത്. മറ്റുകുട്ടികൾ തങ്ങളുടെ പരീക്ഷയുടെ സമയത്ത് യേശു തങ്ങളെ എങ്ങനെയാണു സഹായിച്ചതെന്നു സാക്ഷ്യം പറയുന്നത് ഞാൻ ഇവിടെ ചാപ്പലിൽ ഇരുന്നു കേൾക്കുവാനിടയായി. എനിക്കു പ്രശ്നം ഉണ്ടാകുമ്പോൾ, ഉദാഹരണത്തിന് ഒരാൺകു

ട്ടിയോടുള്ള ബന്ധത്തിൽ, ഞാൻ തകർന്നുപോകുകയും നിരാശപ്പെടുകയും ചെയ്യുമായിരുന്നു. എന്നാൽ ഇവിടെ ലഹരിമരുന്നിന്റെ അടിമയായവർക്കും പ്രശ്നങ്ങളുണ്ടായിരുന്നു. ഒരുപക്ഷേ എന്റേതിനേക്കാൾ വഷളായിരുന്നു അവരുടെ പലരുടേയും പ്രശ്നങ്ങൾ. അവർക്ക് ഇപ്പോഴും പ്രലോഭനങ്ങൾ ഉണ്ടാകാറുണ്ടെന്ന് അവർ പറഞ്ഞു. "പക്ഷേ ആ സമയത്ത് ഞങ്ങൾ ചാപ്പലിലേക്ക് ഓടിച്ചെന്നു പ്രാർത്ഥിക്കും." അവർ പ്രാർത്ഥിക്കുമ്പോൾ മറ്റൊരു ഭാഷയിലാണ് അവർ പ്രാർത്ഥിക്കുന്നത്. എന്നാൽ പ്രാർത്ഥന കഴിയുമ്പോൾ അവർ സന്തുഷ്ടരും തങ്ങളിൽ തന്നെ ഉറപ്പുള്ളവരും ആയിരിക്കും. അവർ മുഴങ്കാലിൽ നിന്ന് എഴുന്നേല്ക്കുമ്പോഴേക്കും അവർക്കുണ്ടായ പ്രലോഭനങ്ങൾ ഇല്ലാതായിക്കഴിഞ്ഞിരിക്കും.

''അതുകൊണ്ട് അതേകാര്യം എന്നെ സംബന്ധിച്ചും അവർ ആഗ്രഹിച്ചു. ഞാൻ തനിയേ പ്രാർത്ഥിക്കാനായി ഒരു ദിവസം ചാപ്പലിൽ പോയി. ഞാൻ എന്റെ പ്രശ്നങ്ങളെക്കുറിച്ചെല്ലാം ഒന്നൊന്നായി ദൈവത്തോടു പറഞ്ഞു. ലഹരി മരുന്ന് ഉപയോഗിച്ചിരുന്നവരുടെ ജീവിതത്തിലെന്നപോലെ എന്റെ ജീവിതത്തിലും കടന്നു വരുവാൻ ഞാൻ അവിടുത്തോട് അപേക്ഷിച്ചു. ഒരു വലിയ വെളിച്ചമായി യേശു എന്റെ ഹൃദയത്തിലേക്കു പൊടുന്നനെ വന്നു. എന്റെ സംസാരത്തിന് എന്തോ മാറ്റം സംഭവിച്ചു. ഞാൻ ഒരു നദിയിലിരിക്കുന്നതായും ഒരു പ്രവാഹം എന്നിലൂടെ കടന്നുപോയി എന്നിൽ നിന്ന് സംഗീതാത്മകമായ ഒരു ഭാഷപോലെ അത് പുറത്തേക്ക് ഒഴുകുന്നതായും എനിക്കനുഭവപ്പെട്ടു. ഈ സംഭവത്തിനുശേഷമാണ് സന്നദ്ധപ്രവർത്തകരിലോരാൾ അപ്പോസ്തലപ്രവൃത്തിയിൽ നിന്ന് എനിക്കെന്താണു സംഭവിച്ചതെന്നു വേദവചന വെളിച്ചത്തിൽ ചൂണ്ടിക്കാണിച്ചു തന്നത്. സംഭവിച്ചതിൽ ഏറ്റവും അത്ഭുതകരമായ കാര്യമായിരുന്നു അത്."

അവൾ പറഞ്ഞതെല്ലാം സശ്രദ്ധം കേൾക്കുകയും തല കുലുക്കുകയും ഇടയ്ക്കിടെ "അതേ, അതേ" എന്നു പറയുകയും ചെയ്തുകൊണ്ട് ഫാദർ ഗാരി അവിടെയിരുന്നു.

അടുത്ത കുട്ടിയും-ജോൺ- ഗാരിയിൽ നിന്ന് ഇതേ പ്രതികരണം തന്നെ ഏറ്റുവാങ്ങി. ജോൺ പറഞ്ഞു:

"ഒന്നാമത് ഇതു ശരിയാണെന്നു എനിക്കറിയാമായിരുന്നു. എങ്ങനെയാണിതെന്നു മനസ്സിലായോ? കാരണം യേശുക്രിസ്തു ബൈബിളിൽ നിന്നു പുറത്തുവന്നതായി തോന്നി. എന്റെ പ്രശ്നങ്ങളിൽ എന്നോടൊപ്പം നിൽക്കുന്ന ജീവനുള്ള വ്യക്തിയായി അവിടുന്ന് ആയിത്തീർന്നു."

"അതേ അത് അത്ഭുതകരമാണ്" ഫാദർ ഗാരി പറഞ്ഞു.

ജോസഫ് എന്ന മറ്റൊരു കുട്ടി പറഞ്ഞു'' എന്നെ സംബന്ധിച്ചിടത്തോളം ലഹരി മരുന്ന് ഒഴിവാക്കുന്നതിൽ അവിടുന്ന് എന്നെ സഹായിച്ചു. ഞാൻ മാരീജുവാന, ഹീറോയിൻ, മറ്റു ലഹരിമരുന്നുകൾ എന്നിവയെല്ലാം ഉപയോഗിച്ചിരുന്നു. എന്നാൽ യേശുവിനെക്കുറിച്ച് കേട്ടപ്പോൾ ഈ പാപങ്ങളുടെയെല്ലാം മധ്യത്തിലും അവയെ കണക്കിടാതെ യേശു ആളുകളെ സ്നേഹിച്ചു എന്നത് എന്നെ അമ്പരിപ്പിച്ചു. വാഗ്ദാനങ്ങൾക്കു പിന്നിൽ യേശു അത് അർത്ഥമാക്കിയിരുന്നു. പരിശുദ്ധാത്മസ്നാനത്തെക്കുറിച്ചുള്ള വാഗ്ദാനം തന്നെ ഉദാഹരണം. പരിശുദ്ധാത്മാവിനെ 'ആശ്വാസകൻ' എന്നാണു വിളിക്കുന്നതെന്ന് അവർ എന്നോടു പറഞ്ഞു. എന്നാൽ ആശ്വാസത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ എന്റെ മനസ്സിൽ വന്നിരുന്നതു മദ്യവും ലഹരി മരുന്നു





കളുമാണ്. എന്നാൽ ഇവിടെ ഇവർ സ്വർഗ്ഗത്തിൽ നിന്നുള്ള ആശ്വാസത്തെക്കുറിച്ച് പറഞ്ഞു. ആ ആശ്വാസം പിന്നീട് എന്നിൽ നിർമ്മലതയുടെ തോന്നൽ തന്നെയാണുണ്ടാക്കുന്നതത്രേ. അല്ലാതെ കുറ്റബോധവും വേണ്ടായിരുന്നു എന്ന തോന്നലുമല്ല."

"അതുകൊണ്ട് നേഡയെപ്പോലെ ഞാനും ഇതിനുവേണ്ടി ആഗ്രഹിക്കാൻ തുടങ്ങി." അവൻ ചാപ്പലിന്റെ വാതിലിനു നേരെ പാളി നോക്കിയിട്ടു തുടർന്നു." ചാപ്പലിൽ ചെന്ന് ഞാൻ സഹായത്തിനായി ദൈവത്തോടു നിലവിളിച്ചു. അവിടുന്ന് എന്റെ നേരെ തിരിഞ്ഞു വന്നു. അവിടുന്ന് എന്റെ ചുണ്ടുകളേയും നാവിനേയും ഏറ്റെടുത്തു. ഞാൻ പുതിയ ഒരു ഭാഷയിൽ സംസാരിക്കാൻ തുടങ്ങി. ആദ്യം എനിക്കു തോന്നിയത് എനിക്കു ഭ്രാന്തായെന്നാണ്. പക്ഷേ പെട്ടെന്നു തന്നെ അങ്ങനെയല്ലെന്ന് എനിക്കു തോന്നി. കാരണം ചിലതു സംഭവിക്കുന്നുണ്ടായിരുന്നു. ഞാൻ ഇന്ന് ഒറ്റയ്ക്കല്ല. എനിക്ക് ഇനി ലഹരി മരുന്നുകൾ ആവശ്യമില്ല. ഞാൻ എല്ലാവരെയും സ്നേഹിക്കാൻ തുടങ്ങി. എന്റെ ജീവിതത്തിൽ ആദ്യമായി ഞാൻ നിർമലനായതുപോലെ"

കുട്ടികൾ ഓരോരുത്തരായി സംസാരിക്കാൻ തുടങ്ങി. ഓരോരുത്തരും തങ്ങൾക്കു സംഭവിച്ചതു വിവരിക്കാൻ തുടങ്ങി. കുട്ടികൾ തവണ അനുസരിച്ചു സംസാരിച്ചു. ഒരു മണിക്കൂറിന് ശേഷം യാത്ര പറയുമ്പോൾ ഫാദർ ഗാരി "അതേ, അതേ" എന്നു പറയുന്നുണ്ടായിരുന്നു. പോർധാം യൂണിവേഴ്സിറ്റിയിലെ തന്റെ സുഹൃത്തുക്കളോട് ഈ അനുഭവത്തെക്കുറിച്ച് സംസാരിക്കാൻ ആഗ്രഹിക്കുന്നതായി അദ്ദേഹം പോകാൻ നേരത്തു പറഞ്ഞു. എന്നാൽ അദ്ദേഹം അല്പനേരം കൂടി ഞങ്ങളോടൊപ്പം സമയം ചെലവിട്ടിരുന്നെങ്കിലെന്നു ഞാൻ ആഗ്രഹിച്ചുപോയി. കാരണം ആ രാത്രിയിൽ തന്നെ ഒരു കുട്ടി പരിശുദ്ധാത്മസ്നാനം പ്രാപിച്ചു. ഞങ്ങളോടൊപ്പം തങ്ങിയിരുന്നെങ്കിൽ ആ അനുഭവം അദ്ദേഹത്തിന് നേരിൽ കാണാമായിരുന്നു.

റോബോർട്ടോ എന്നായിരുന്നു കുട്ടിയുടെ പേര്. റോബോർട്ടോയ്ക്ക് 16 വയസ്സ് പ്രായമായിരുന്നു. അവൻ രണ്ടു വർഷമായി ഹീറോയിന്റെ അടിമയായിരുന്നു. അതിനു മുമ്പ് മാരിജുവാനയുടേയും. നാലുവട്ടം അവൻ ജയിലിലായിട്ടുണ്ട്. ഒരിക്കൽ കത്തിക്കുത്തിനും മറ്റൊരിക്കൽ തെരുവുപോരാട്ടത്തിൽ പങ്കെടുത്ത ഒരു സംഘത്തിലെ അംഗമെന്ന നിലയിലും അവൻ ജയിലിൽ കിടന്നു. ഒരു ദിവസം താൻ കൊല്ലപ്പെട്ടേക്കും എന്ന നിരന്തരമായ ഭയത്തിന്റെ അടിമയായിരുന്നു അവൻ. മറ്റു കുട്ടികളിൽ നിന്ന് വ്യത്യാസമായി റോബോർട്ടോയുടെ മാതാപിതാക്കൾ അവനോടൊപ്പം നിന്നു. അവനു സഹായം കിട്ടുന്ന എല്ലായിടത്തും അവൻ അവനെ കൊണ്ടുപോയി. പക്ഷേ റോബോർട്ടോയുടെ താഴത്തേക്കുള്ള പതനം അവന്റെ രക്ഷയെ അകലെയാക്കി.

അന്ന് ഉച്ചകഴിഞ്ഞ് റോബോർട്ടോയെ ചാപ്പലിൽ വച്ച് കണ്ടു. അവൻ ആകെ അസ്വസ്ഥനായിരുന്നു. അവന്റെ നടപ്പും പെരുമാറ്റവും കണ്ടപ്പോൾ ലഹരിമരുന്നിന്റെ ഒരു ഡോസ് അനിവാര്യമായ ഒരു ഘട്ടത്തിലാണവൻ എന്നെനിക്കു തോന്നി.

"ഡേവി, എനിക്കു ചില പ്രശ്നങ്ങൾ ഉണ്ട്." കൈവിരലുകൾ ചുറ്റിയും അഴിച്ചുംകൊണ്ട് അവൻ പുലമ്പി. ലഹരി മരുന്നിന്റെ അടിമ തനിക്ക് പ്രശ്നമുണ്ടെന്നു പറഞ്ഞാൽ അതിന്റെ അർത്ഥം അവന് ഒരു ഡോസ് മരുന്ന് വേണമെന്നാണ്.

അതുകൊണ്ട് ഞാൻ റോബോർട്ടയോടു വീണ്ടും പരിശുദ്ധാത്മസ്നാനത്തെക്കുറിച്ചു സംസാരിക്കാൻ തുടങ്ങി." നിക്കി ഇന്നു രാത്രി ചാപ്പലിൽ ഈ വിഷയത്തെക്കുറിച്ച് പ്രസംഗിക്കുന്നുണ്ട് അതിൽ സംബന്ധിക്കുക. പരിശുദ്ധാത്മാവ് നിന്റെ മേൽ വരട്ടെ."

"എനിക്കറിഞ്ഞുകൂടാ ഡേവി. എനിക്കൽപ്പം ശുദ്ധവായു ലഭിക്കേണ്ടതുണ്ട്. എനിക്ക് അത്ര സുഖം തോന്നുന്നില്ല."

ഞാൻ അവനെ പോകാൻ അനുവദിച്ചു. വാസ്തവം പറഞ്ഞാൽ അവനെ വീണ്ടും കാണാൻ കഴിയുമെന്നു ഞാൻ പ്രതീക്ഷിച്ചില്ല. പക്ഷേ രാത്രി ഞാൻ ചാപ്പലിൽ എത്തിയപ്പോൾ അവൻ അവിടെ ഉണ്ടായിരുന്നു. എന്നാൽ അവന്റെ അസ്വാസ്ഥ്യം കണ്ടപ്പോൾ അവൻ ലഹരി മരുന്ന് എടുത്തിട്ടില്ലെന്ന് എനിക്കു മനസ്സിലായി. ഞാൻ അവന്റെ അരികിലായി ഇരുന്നു. ഞങ്ങളുടെ മുൻ മാഫിയ സംഘാംഗങ്ങളും ലഹരിമരുന്ന് അടിമകളും തങ്ങൾക്കു സംഭവിക്കുന്ന അത്ഭുതകരമായ രൂപാന്തരങ്ങളെക്കുറിച്ച് എഴുന്നേറ്റ് സാക്ഷിക്കുന്നതു ഞങ്ങൾ കേട്ടിരുന്നു. ഒടുവിൽ നിക്കി എഴുന്നേറ്റ് എല്ലാ ലഹരിമരുന്ന് അടിമകളും പരിശുദ്ധാസ്നാനം പ്രാപിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പ്രസംഗിച്ചു.

"നിങ്ങളുടെ ജീവിതത്തിൽ ശക്തി വേണമെങ്കിൽ .... നിങ്ങൾ സിറിഞ്ചും ലഹരിമരുന്നും ഉപയോഗിക്കുന്നവരാണു പക്ഷേ രൂപാന്തരം ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നു എന്നാണെങ്കിൽ ഇതു ശ്രദ്ധയോടെ കേൾക്കുക. നിങ്ങൾക്കു വേണ്ടത് പരിശുദ്ധാത്മാവാണ്. അതു നിങ്ങൾക്കു ലഭിക്കുമ്പോൾ നിങ്ങൾക്കു പത്തു പ്രത്യേക ദാനങ്ങളാണു ലഭിക്കുക. അതിൽ നിങ്ങൾക്ക് ആശ്രയിക്കുവാൻ കഴിയും. ഞാൻ അവയെക്കുറിച്ച് ഒന്നൊന്നായി പറയാൻ പോകുകയാണ്. നിങ്ങൾക്ക് ഒരു പെൻസിലും കടലാസും ഉണ്ടെങ്കിൽ അവ എവിടെയാണെന്നും സൂചിപ്പിക്കുന്ന റഫറൻസ് കുറിച്ചെടുക്കാം.

"ഒന്നാമതു നിങ്ങൾക്കു ശക്തിയുണ്ടാകും. പ്രവൃത്തി 1:8 ൽ നിങ്ങൾക്കതു വായിക്കാം. പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾക്കു ശക്തി ലഭിക്കും.

"പിന്നെ നിങ്ങൾക്ക് ഒരു ആശ്വാസപ്രദനെ ലഭിക്കാൻ പോകുകയാണ്. യോഹന്നാൻ 14:26. ആശ്വാസപ്രദൻ എന്നു പറഞ്ഞാൽ നിങ്ങൾക്കു സുഖം തരുന്നവൻ എന്നല്ല. മറിച്ച് നിങ്ങളോടൊപ്പം നിൽക്കുന്ന, നിങ്ങൾക്കു ശക്തി പകരുന്ന ഒരുവൻ.

'തുടർന്ന് നിങ്ങൾക്കു സംരക്ഷണം ലഭിക്കും. പ്രവൃത്തി 16:16 വായിക്കുക. അപകടകരമാകാവുന്ന ഒരു ചുവടു വയ്ക്കുന്നതിൽ നിന്ന് അപ്പോസ്തലന്മാരെ പരിശുദ്ധാത്മാവ് അവിടെ എങ്ങനെ തടഞ്ഞു എന്നു നോക്കുക. അവിടുന്ന് ആ നിലയിൽ നിങ്ങളെയും നയിക്കും.

"അടുത്തത് വളരെ പ്രധാനമാണ്. നിങ്ങൾ മേലിൽ ജഡികമായ മനസ്സിനാൽ ബന്ധിതനായിരിക്കുകയില്ല. നിങ്ങൾക്കു ആത്മീയ മൂല്യങ്ങൾ ലഭ്യമാകും. എഫേസ്യർ 2:3-6 വായിക്കുക.

"നിങ്ങൾക്കു ജീവനുണ്ടായിരിക്കും. ഇപ്പോൾ നിങ്ങൾ മരണത്തിൽ നിന്നു മരണത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണ്. എന്നാൽ പരിശുദ്ധാത്മാവിനോടൊപ്പം നിങ്ങൾക്കു പുതു ജീവൻ ലഭ്യമാകുമെന്ന് രണ്ടുകൊരിന്ത്യർ 3:5-6 പറയുന്നതു ശ്രദ്ധിക്കുക.

"സത്യത്തിന്റെ ആത്മാവിനോടൊപ്പമായിരിക്കും നിങ്ങൾ ജീവിക്കുന്നത്. ലഹരി മരുന്ന് സഫലമാകാത്ത് വാഗ്ദാനമാണു നിങ്ങൾക്കു തരുന്നത്. ഒരു





തവണ മരുന്നെടുക്കുന്നതു നിങ്ങൾക്കു സ്വാതന്ത്ര്യമല്ല, മറിച്ച് കാര്യങ്ങൾ വഷളാക്കുകയാണ് ചെയ്യുന്നത്. യോഹന്നാൻ 16:13 പറയുന്നത് നിങ്ങൾക്കു സത്യം ഉണ്ടായിരിക്കും എന്നാണ്.

"പിതാവിന്റെ സന്നിധിയിലേക്കുള്ള പ്രവേശനം നിങ്ങളുടേതായിരിക്കും. എഫേസ്യർ 2:18 വായിക്കുക.

"അവസാനത്തെ മൂന്നു കാര്യങ്ങൾ: നിങ്ങൾക്കു പ്രത്യാശ ഉണ്ടായിരിക്കും. എത്രപേർക്ക് ഇപ്പോൾ അതുണ്ട്.? പലർക്കും ഇല്ല. നിങ്ങൾക്കു പ്രത്യാശ ഉണ്ടായിരിക്കുമെന്നു റോമർ 15:13 പറയുന്നു.

"2 കൊരിന്ത്യർ 3:17 ൽ എല്ലാറ്റിലും മുഖ്യമായ ഒരു കാര്യം കാണുന്നു. നിങ്ങൾക്കു മോചനം ലഭിക്കും.!"

"ഇതെല്ലാം എങ്ങനെയാണു ലഭ്യമാകുക. നാടകീയമായ, പെട്ടെന്നുള്ള, നമ്മെ കീഴ്പ്പെടുത്തുന്ന ഒരനുഭവം മൂലമാണിത്. പ്രവൃത്തി 10:44 ൽ നിങ്ങൾ തന്നെ അതേപ്പറ്റി വായിക്കുക."

നിക്കി പ്രസംഗം അവസാനിപ്പിച്ചു. അവന്റെ സ്വരം താണു. ഒരു അടക്കം പറച്ചിൽ പോലെ അതിങ്ങനെ തുടർന്നു. "ഈ പുതുജീവിതമാണു നിങ്ങളുടെ മുന്നിലുള്ളത്. എന്നാൽ ഈ രാത്രി നാം അതേക്കുറിച്ചു വായിക്കാനല്ല, സംസാരിക്കാനല്ല, മറിച്ച് അത് ഏറ്റെടുക്കാനാണു പോകുന്നത്.

ഈ രൂപാന്തരം, ഈ ശക്തി, ഈ പ്രത്യാശ, ഈ സ്വാതന്ത്ര്യം ജീവിതത്തിൽ വേണോ, എഴുന്നേറ്റു മുന്നോട്ട് വരിക. ഞാൻ നിങ്ങളുടെ തലമേൽ കൈവച്ചു പ്രാർത്ഥിക്കാൻ പോകുകയാണ്. പൗലൊസ് ചെയ്തതുപോലെ. പൗലൊസിന്റെ കാലത്തെ ക്രിസ്ത്യാനികൾക്കു ലഭ്യമായതു നിങ്ങൾക്കും ലഭിക്കാൻ പോകുകയാണ്- നിങ്ങൾ പരിശുദ്ധാത്മാവിനെ പ്രാപിക്കാൻ പോകുകുയാണ്."

റോബോർട്ടോ എന്നെ ഒന്നു നോക്കി. പിന്നെ മുന്നോട്ടു കുതിച്ചു; എന്റെ ഹൃദയവും.

"ദൈവം എനിക്കുവേണ്ടി നൽകുന്നതെല്ലാം ഞാൻ കരസ്ഥമാക്കാൻ പോകതുകയാണ്." അവൻ പറഞ്ഞു.

റോബോർട്ടോ ചാപ്പലിന്റെ മുൻഭാഗത്തേക്കു ഓടിച്ചെല്ലുകയായിരുന്നു. അവൻ തന്നെ നിക്കിയുടെ കരം പിടിച്ച് തന്റെ തലയിൽ വച്ചു. ഉടനെ തന്നെ എന്റെ മുത്തശ്ശനു സംഭവിച്ചത് അവനും അനുഭവവേദ്യമായി. കറന്റടിച്ചതുപോലെ അവൻ ചലിക്കാൻ തുടങ്ങി. അവൻ മുട്ടിന്മേൽ വീണു. മറ്റു കുട്ടികൾ അവന്റെ ചുറ്റും നിന്നു പ്രാർത്ഥിക്കാൻ തുടങ്ങി.

പ്രവൃത്തികളുടെ പുസ്തകത്തിലെ ഒരു രംഗത്തിന്റെ ആവർത്തനം പോലെയതു തോന്നി. രണ്ടു മിനിട്ടിനുള്ളിൽ റോബോർട്ടോയുടെ അധരങ്ങളിൽ നിന്ന് ഒരു പുതു ഭാഷ ഒഴുകാൻ തുടങ്ങി. മരുഭൂമിയിൽ നിന്ന് ഒരു ഉറവ പൊട്ടിപ്പുറപ്പെടും പോലെ അതു പുറത്തു വന്നു. എല്ലാവരും സന്തോഷിച്ചു. മറ്റെല്ലാവരും നിക്കിക്കും റോബോർട്ടോയ്ക്കും ചുറ്റും നിന്ന് ഇങ്ങനെ പറയാൻ തുടങ്ങി. "അവന് അതു ലഭ്യമായി."

നിക്കി ആവർത്തിച്ചു. ''നന്ദി കർത്താവേ, ഈ കുഞ്ഞുങ്ങളെ സഹായിച്ചതിനു നന്ദി."

മറ്റുള്ളവർ അത് ഏറ്റു പറഞ്ഞു. "നന്ദി കർത്താവേ, .... സഹായിച്ചതിനു നന്ദി" "നന്ദി. നന്ദി. നന്ദി കർത്താവേ നന്ദി." (തുടരും)

[THE CROSS AND THE SWITCHBLADE,copyright c 1963. Orginally published in English under the title THE CROSS AND THE SWITCHBLADE by David Wilkerson with John and Elizabeth Sherrill, published by Chosen Books LLC,Chappaqua,New York, USA. All rights reserved.]

# (ബലഹീനതയിൽ തികയുന്ന....പേജ് 11 ന്റെ തുടർച്ച)

വിശ്വാസിയുടെ ഭവനത്തിൽ കൂടിക്കാണാമെന്ന് തീരുമാനിച്ചു. പറഞ്ഞസമയത്തിന് മുമ്പ് തന്നെ എത്തിയ അദ്ദേഹം മുഖവുരകളില്ലാതെ തന്നെ "സഹോദരാ, എനിക്കൊരു നീണ്ട കഥ പറയാനുണ്ട്'' എന്നു പറഞ്ഞുകൊണ്ട് സംസാരം തുടങ്ങി. ഒരു പട്ടാളക്കാരന്റെ ഘനഗാംഭീര്യത്തോടെ ഇരുന്ന അദ്ദേഹം തന്റെ പട്ടാളജീവിതം, ക്രിസ്തുവിനെ അറിയുവാനിടയായ കാര്യങ്ങൾ, ചെഫുവിൽ വന്നത്, പല കാര്യങ്ങളിലും ജയകരമായ ജീവിതം നയിക്കാൻ പറ്റുന്നത്, പട്ടാളത്തിലായിരുന്നപ്പോൾ ചെയ്തിരുന്ന എല്ലാ പാപങ്ങളും പൂർണ്ണമായി നിർത്തിയത് ..... അങ്ങനെ തന്റെ ജീവിതത്തെപ്പറ്റി ഒരു പാട് കാര്യങ്ങൾ പറഞ്ഞു.

അതോടൊപ്പം ‘‘തന്റെ ഒരു കുറവും" അദ്ദേഹം വിവരിച്ചു. തന്റെ കൈകൾ കാണിച്ചുകൊണ്ട് അദ്ദേഹം തുടർന്നു. കഴിഞ്ഞ 10 വർഷമായി ഞാൻ പുകവലിക്കുന്നു. ഒരു ക്രിസ്ത്യാനിയായി നാലഞ്ചു വർഷമായി ഞാൻ ജീവിക്കുന്നു. ചെറുതും വലുതുമായ അനേകം പാപങ്ങളിൽ നിന്ന് ഞാൻ ഈ കാലയളവിൽ മോചനം പ്രാപിച്ചു. പക്ഷേ ഏഴോ എട്ടോ തവണ പുകവലി നിർത്തുവാൻ ശ്രമിച്ചിട്ടും ഇതിൽ നിന്ന് രക്ഷപെടുവാൻ എനിക്ക് സാധിക്കുന്നില്ല. ഒരു വലിയ നൊമ്പരമായി ഇത് എന്നിൽ അവശേഷിക്കുന്നു. ചെഫൂ എന്ന ഈ ചെറിയ സ്ഥലത്ത് ഞാൻ പിടിക്കപ്പെടുവാൻ വളരെയേറെ സാദ്ധ്യതയുണ്ട്. വിശ്വാസിയായ ഭാര്യ വീട്ടിൽ, വീടിനു പുറത്ത് സഭാവിശ്വാസികൾ, ആശുപത്രിയിൽ ചെന്നാൽ സഹപ്രവർത്തകർ ആരെങ്കിലും കണ്ടാൽ വാർത്ത കാട്ടുതീപോലെ പടരും. എപ്പോഴും സിഗരട്ട് പോക്കറ്റിലിട്ടുകൊണ്ടാണ് എന്റെ നടപ്പ്. എന്റെ ഓഫീസിന്റെ വാതിൽക്കൽ നിന്ന് പുകവലിക്കുമ്പോൾ ആരുടെയെങ്കിലും കാൽപ്പെരുമാറ്റം കേട്ടാൽ സിഗരറ്റ് കെടുത്തുവാനുള്ള വെപ്രാളം അതിലും പരിതാപകരമാണ്. പുകമണം ഉണ്ടാകാതിരിക്കുവാൻ മിഠായിയോ മറ്റോ എപ്പോഴും വായിൽ ഇട്ടുകൊണ്ടേയിരിക്കുന്നു. പുകവലി എനിക്ക് ഇഷ്ടമില്ല. പക്ഷേ എത്ര ശ്രമിച്ചിട്ടും ഇതിൽ നിന്ന് മോചനം പ്രാപിക്കുവാൻ എനിക്ക് കഴിയുന്നില്ല." തന്റെ സംസാരത്തിലുടനീളം ഒരുകൊച്ചുകുട്ടിയെപ്പോലെ അദ്ദേഹം കരയുന്നുണ്ടായിരുന്നു.

സന്തോഷിക്കുവാനും ദൈവത്തിന് നന്ദികൊടുക്കുവാനുമുള്ള കാര്യമാണിത് എന്ന എന്റെ മറുപടി അദ്ദേഹത്തെ തൃപ്തനാക്കിയില്ല. കണ്ണീരോടുകൂടെ അദ്ദേഹം തുടർന്നു. "താങ്കൾക്കിതു മനസ്സിലാകുകയില്ല, എല്ലാവർക്കും പുകവലി നിർത്തുവാൻ പറ്റും, എനിക്കു പറ്റുന്നില്ല. ഇതിനുവേണ്ടിയുള്ള എന്റെ കഠിനശ്രമം അറിഞ്ഞാലേ എന്റെ കഷ്ടപ്പാടു താങ്കൾക്കു മനസ്സിലാകൂ. ഒരിക്കൽ മൂന്നു ദിവസത്തേക്കു ഞാനിതിൽ വിജയിച്ചതാണ്. സിഗരറ്റ് കൈകൊണ്ടു പോലും തൊട്ടില്ല. പക്ഷേ എന്റെ തലയ്ക്കകത്തു സിഗരറ്റ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. സ്വയം വെറുത്തുകൊണ്ട് ഞാൻ പുകവലി തുടരുകയാണ്."

ഈ ദുഃസ്വഭാവം തികച്ചും സന്തോഷിക്കുവാനുള്ള കാര്യം ആണെന്ന് അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തുവാനുള്ള ശ്രമത്തിൽ ഞാൻ ഇങ്ങനെ പറഞ്ഞു. "ഡോക്ടർ ഷീ, വളരെ പ്രശസ്തനും പ്രഗല്ഭനുമായ ഒരു ഡോക്ടറാണു താങ്കൾ. ഇവിടുത്തെ ഏറ്റവും ആരോഗ്യവാനായ മനുഷ്യനാണ് ഞാൻ. ആയതിനാൽ എനിക്ക് താങ്കളെയും താങ്കൾക്ക് എന്നെയും ഇപ്പോൾ ആവശ്യമില്ല. എന്നാൽ ഞാൻ രോഗിയായിത്തീരുമ്പോൾ അങ്ങ് ആവശ്യമായി വരും. ഒരുപടി കൂടി കടന്ന് താങ്കൾ 'അത്യാസന്നനിലയിലുള്ള രോഗികളെ മാത്രം' ചികിത്സിക്കുന്ന വിദഗ്ധനാണെങ്കിൽ, ഞാൻ രോഗം മൂർച്ഛിച്ച് അത്യാസന്നനിലയിൽ എത്തുമ്പോഴാണ് എനിക്കു താങ്കളെ ഏറ്റവും കൂടുതൽ ആവശ്യമായി വരുന്നത്. നമ്മുടെ കർത്താവ് ഇതുപോലയാണ്. അത്യാസന്നനിലയിൽ ഉള്ളതും അസാദ്ധ്യതകളും മാത്രമേ അവിടുന്ന് കൈകാര്യം ചെയ്യുകയുള്ളൂ. നാം ആ സാഹചര്യങ്ങളിലെത്തുമ്പോൾ മാത്രമേ നാം അവിടുത്തേക്ക് ചികിത്സിക്കുവാൻ പാകത്തിനുള്ള രോഗികളായിത്തീരുന്നുള്ളൂ. താങ്കൾ മറ്റെല്ലാം ശ്രമിച്ചുനോക്കി തീർത്തും പരാജയപ്പെട്ട ഒരാളായിത്തീർന്നിരിക്കുന്നു. അതിന്റെ അർത്ഥം താങ്കൾ കർത്താവിന് ഒരു പ്രവൃത്തി ചെയ്യാൻ പാകത്തിലുള്ള 'അത്യാസന്നനിലയിലെത്തിയ രോഗി' യാണെന്നാണ്. ഈ നിലയിൽ അങ്ങേയറ്റം ബലഹീനതയിൽ എത്തിയതിൽ താങ്കൾ ദുഃഖിക്കുകയല്ല സന്തോഷിക്കുകയാണു വേണ്ടത്. കാരണം, കർത്താവിന്റെ പ്രവൃത്തി അത്ര അടുത്തെത്തിയിരിക്കുന്നു.





തുടർന്നു ഞാൻ 2 കൊരിന്ത്യർ 12:9 അദ്ദേഹത്തെ വായിച്ചു കേൾപ്പിച്ചു. നമ്മുടെ ബലഹീനതയിൽ വിലപിച്ചിരിക്കേണ്ട ആവശ്യമുണ്ടോ? ഇല്ലേയില്ല! നാം ബലഹീനരായിരിക്കുമ്പോഴാണ് കർത്താവിന്റെ ശക്തി നമ്മിൽ ആവസിക്കുന്നത്. ആയതിനാൽ ബലഹീനതയിൽ പ്രശംസിക്കുന്നതിൽ നാം സന്തോഷിക്കേണ്ടിയിരിക്കുന്നു. തുറന്ന മനസ്സോടെ ദൈവമുമ്പാകെ ഒരു കുറ്റസമ്മതം നടത്തുവാൻ ഞാൻ അദ്ദേഹത്തെ വെല്ലുവിളിച്ചു. എന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട് ഒരു പട്ടാളക്കാരന്റെ പ്രൗഢിയില്ലാതെ അദ്ദേഹം മുട്ടുകുത്തി. പ്രാരംഭമായി ഞാൻ ഇങ്ങനെ പ്രാർത്ഥിച്ചു. "പിതാവേ, ആശയറ്റ ഈ വ്യക്തിയുടെ മേൽ നിന്റെ ശക്തി വ്യാപരിക്കുവാൻ തന്ന അവസരത്തിനായി നന്ദിപറയുന്നു. തികച്ചും നിസ്സഹായനായ ഇദ്ദേഹത്തിന്റെ മേൽ നിന്റെ അത്ഭുതത്തിന്റെ കരം നീട്ടേണമേ." അതിനു ശേഷം ഡോക്ടർ ഷീ പ്രാർത്ഥിച്ചു തുടങ്ങി. "ദൈവമേ, എന്റെ പുകവലിക്കായിട്ടും അതു നിർത്തുവാൻ എനിക്ക് സാധിക്കാത്തതിനായിട്ടും ഞാൻ അങ്ങേയ്ക്ക് സ്തോത്രം ചെയ്യുന്നു. ഈ കുറവ് ഉള്ളതുകൊണ്ടാണ് കർത്താവേ, ഞാൻ അങ്ങയുടെ സന്നിധിയിൽ വരുന്നത്. ഇന്നു മുതൽ ഈ ദുഃസ്വഭാവം നിർത്തുവാൻ ഞാൻ ശ്രമിക്കുകയില്ല. പൂർണ്ണമായും ഈ കാര്യം ഞാൻ അങ്ങേക്കു വിട്ടുതരുന്നു. അവിടുന്ന് ഇതിൽ നിന്ന് എനിക്ക് മോചനം തരണം. അങ്ങേക്കു മാത്രമേ ഇതിനു കഴിയൂ നന്ദി. സ്തോത്രം" പ്രാർത്ഥനയ്ക്കു ശേഷം അതീവ സന്തോഷവാനായിരുന്ന അദ്ദേഹം തന്റെ തൊപ്പി എടുത്തുകൊണ്ട് പോകുവാൻ തുടങ്ങിയപ്പോൾ ഞാൻ ചോദിച്ചു: "ഡോക്ടർ, താങ്കൾ ഇന്നു മുതൽ പുകവലിക്കുമോ?" അദ്ദേഹത്തിന്റെ പ്രതികരണം ശ്രദ്ധേയമാണ്. "തീർച്ചയായും തായ്-ലിൻ ഷീ എന്ന ഞാൻ തീർച്ചയായും പുകവലിക്കും. എന്നാൽ യേശുകർത്താവ് അത് എനിക്കുവേണ്ടി മാറ്റിത്തരും."

പിറ്റേ ദിവസവും വൈകുന്നേരത്തെ മീറ്റിംഗിനു വന്ന അദ്ദേഹം തലേ ദിവസത്തെ സംഭവങ്ങളുടെ വെളിച്ചത്തിൽ തന്റെ ഭാര്യയ്ക്കു കൊടുത്ത ഉറപ്പ് സാക്ഷ്യമായി പ്രസ്താവിച്ചു. ‘‘എന്റെ പുകവലിയെപ്പറ്റി ഇനിയും യാതൊരു പരാതിയും ആശങ്കയും വേണ്ട. ദൈവസന്നിധിയിൽ ചെന്ന് അരമണിക്കൂറിനുള്ളിൽ ഞാൻ പുകവലി ഉപേക്ഷിച്ചു.'' എന്നാണ് അദ്ദേഹം അവരോടു പറഞ്ഞത്.

ഡോക്ടറുടെ ഈ വിഷയം പൂർണ്ണമായി പരിഹരിക്കപ്പെട്ടിരിക്കുന്നു. എനിക്ക് ബോദ്ധ്യമായി. ദൈവത്തേയും തന്നെത്തന്നെയും അദ്ദേഹം അറിഞ്ഞിരിക്കുന്നു. മാറ്റം താനായിട്ടു വരുത്തേണ്ടതല്ലെന്നും, അതു ദൈവത്തിൽ നിന്നു മാത്രമാണ് വരേണ്ടത് എന്നും അദ്ദേഹത്തിനു ബോദ്ധ്യമായി. കുറെ നാളുകൾക്ക ശേഷം അദ്ദേഹത്തെപ്പറ്റി വളരെ നല്ല സാക്ഷ്യമാണ് എനിക്കു ലഭിച്ചത്. ആ കാലയളവിനുള്ളിൽ ഒരിക്കൽപ്പോലും അദ്ദേഹം പുകവലിച്ചിട്ടില്ല. എന്നുമാത്രമല്ല, വിശ്വാസത്തിൽ അതിവേഗം മുന്നേറുകയും ചെയ്തിരിക്കുന്നു.

നമ്മളാൽ അസാദ്ധ്യം, ദൈവത്താൽ സാദ്ധ്യം. 'ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടു' എന്ന ബോദ്ധ്യം നമുക്കുണ്ടാവണമെങ്കിൽ, ജയകരമായ ജീവിതം നമ്മെക്കൊണ്ട് അസാദ്ധ്യമാണെന്നു മനസ്സിലാക്കുകയും അതിനുള്ള പ്രയത്നം നാം ഉപേക്ഷിക്കുകയും വേണം. അതോടൊപ്പം നമ്മുടെ നിസ്സഹായാവസ്ഥയ്ക്കായി ദൈവത്തിന് നന്ദി പറയുകയും വേണം. നമ്മുടെ ബലഹീനതയോ, പരാജയങ്ങളോ, ചിന്തകളോ, സ്വഭാവങ്ങളോ, മാനസികനിലയോ ഒന്നും ഇതിനു തടസ്സമല്ല. ദൈവത്താൽ സകലവും സാധ്യമാണ്. അവിടുത്തെ ദൃഷ്ടിയിൽ നാം മരണയോഗ്യരാണ്. നമുക്ക് ദൈവത്തോട് ഏറ്റുപറയാം. "ദൈവമേ, ഞാൻ മരണയോഗ്യനാണ് എന്നെ മാറ്റുവാനോ മെച്ചപ്പെടുത്തുവാനോ എനിക്ക് യാതൊരാഗ്രഹവുമില്ല. എന്റെ എല്ലാ ബലഹീനതകളോടും കൂടെ ഞാൻ അങ്ങയുടെ മുമ്പിൽ വരുന്നു. അങ്ങേക്ക് സകലവും സാധ്യമാകയാലും എന്നെക്കൊണ്ട് അസാദ്ധ്യമാകയാലും ഞാൻ നന്ദി പറയുന്നു."

നാളുകളായി ഒരു തളരാത്ത പോരാളിയെപ്പോലെ പിശാച് എന്നെ കുറ്റപ്പെടുത്താറുണ്ട്. "നീ ജയാളിയാണോ? ഞാനൊരു വ്യത്യാസവും നിന്നിൽ കാണിന്നില്ലല്ലോ? നീ തീർത്തും ബലഹീനനാണല്ലോ?" മർമ്മത്തിൽ കുത്തുന്ന ഇത്തരം ചോദ്യങ്ങളുടെ മുമ്പിൽ ഞാനൊരിക്കലും പതറിയിട്ടില്ല. കർത്താവിന്റെ അമിത ബലത്തിൽ ആശ്രയിച്ച് അവിടുത്തേക്ക് സ്തുതിയും സ്തോത്രവും അർപ്പിച്ചുകൊണ്ട് ഞാൻ പറയും. "നീ ഈ പറഞ്ഞതൊക്കെ ശരിയാണ്. എന്നെക്കൊണ്ട് സാധിക്കുന്ന കാര്യമായിരുന്നെങ്കിൽ ഞാൻ പ്രയാസപ്പെടുമായിരുന്നു. എന്നാൽ ദൈവത്തിന്റെ ശക്തി എന്നിൽ വ്യാപരിക്കുവാൻ കിട്ടിയ ഈ അവസരങ്ങൾക്കായി ഞാൻ നന്ദി പറയുന്നു." എന്റെ ബലഹീനത കർത്താവിന്റെ മുമ്പിൽ അമൂല്യമാണെന്ന് ഞാൻ ഉറപ്പിച്ചു പറയുമ്പോൾ പിശാച് എന്നെ വിട്ടുപോകും.

സഹോദരങ്ങളേ, ദൈവത്തിന് നമ്മിൽ പ്രവർത്തിക്കുന്നതിന് നമ്മുടെ പ്രാപ്തിക്കുറവ് ഒരു തടസ്സമല്ല, നേരേ മറിച്ച് സഹായമാണ്. എത്രമാത്രം കഴിവില്ലാത്തവരും, അശരണരും, പരാജയപ്പെട്ടവരും, ബലഹീനരും ആണോ നമ്മൾ, അത്രമാത്രം തന്റെ ശക്തി നമ്മിൽ വ്യാപരിക്കുന്നതിനുള്ള അവസരം ദൈവത്തിന് കൊടുത്തുകഴിഞ്ഞു. നമ്മുടെ കഴിവുകേടുകളും, ബലഹീനതകളും കൈകാര്യം ചെയ്യുന്നതിൽ വിദഗ്ധനാണ് അവിടുന്ന്. ഹാലേലൂയ്യാ! യേശുവാണ് രക്ഷകൻ. അവൻ നമ്മുടെ കർത്താവും ജീവനുമാണ്. നമ്മുടെ ബലഹീനതകളിന്മേൽ ആവസിക്കുവാൻ തന്റെ ശക്തി പൂർണ്ണ മനസ്സോടെ തന്നിരിക്കുകയാണ്. നമ്മിലേയ്ക്കല്ല അവങ്കലേക്കു തന്നെ നമ്മുടെ ദൃഷ്ടി പതിപ്പിക്കാം.

(അവസാനിച്ചു.)

**മൊഴിമാറ്റം : ബീനാ ജോയ്സ്**





**Youth Section**

## YOUR PROBLEMS, GOD'S SOLUTIONS

## Q & A

*(A new column-Question and Answer. Br. Sandeep Poonen is answering the common doubts of young people, in the light of God's word .)*

### HOW TO STUDY SCRIPTURE?

**Question:**

Could you share with me how you approach studying the Scripture? Also, how do you understand the intended meaning God has in a given text?

**Answer:**

**How I approach Scripture: Be consistent in my study of God's Word.**

To be consistent means to stay disciplined and interested. Now at the outset, I do realize that for somebody like me, I have a **natural** interest in studying the Bible that seems to be connected with the spiritual teaching gift that God has given me. So as somebody who has opportunities to teach, I do recognize that some of my interest in studying the Bible is part of that gift. But we must ALL desire to know God, and there is no better

---

## എഡിറ്റോറിയൽ തുടർച്ച....

ഭാവത്തെ സ്വാധീനിച്ചു. ഈ മനുഷ്യനോടു മാത്രമല്ല, മറ്റെല്ലാവരോടുമുള്ള പെരുമാറ്റത്തെ അതു ബാധിച്ചു. ഞാൻ ചെയ്യുന്നത് പാപമാണെന്ന് എനിക്കറിയാം. എന്നാൽ എന്റെ വികാരത്തിന്റെ മേൽ എനിക്കൊരു നിയന്ത്രണവും ഇല്ലാതെയായി. വിജയത്തിനായുള്ള പ്രാർത്ഥനയും എന്നെ സഹായിച്ചില്ല. എന്നാൽ ജയം ക്രിസ്തുവിലാണെന്നും ഈ പാപം കാൽവറിക്രൂശിൽ കീഴ്പ്പെടുത്തപ്പെട്ടതാണെന്നും ഉള്ളതാണു വസ്തുനിഷ്ഠമായ സത്യം എന്നു ഞാൻ ആ സന്ദർഭത്തിൽ ഓർത്തു. വൈകാരികമായി ഞാൻ അതിനോട് ഏതു നിലയിലായാലും *നിയമപരമായി* ആ വിജയം എന്റേതാണെന്നു ഞാൻ തിരിച്ചറിഞ്ഞു. ആ നിമിഷം മുതൽ എന്റെ കോപം കെട്ടടങ്ങാൻ തുടങ്ങി. അത്ഭുതമെന്നു പറയട്ടെ, അതിലെ കയ്പ്പും ഇല്ലാതായി."

ദൈവം സർവ്വശക്തനാണ്. അവിടുന്നു തന്റെ ശക്തി നമ്മിൽ തെളിയിക്കുവാൻ ആഗ്രഹിക്കുന്നു. എന്നാൽ ദൈവശക്തിയായ പരിശുദ്ധാത്മാവിൽ ബലഹീനതയോടെ നാം ആശ്രയിച്ചാൽ മാത്രമേ അതു സാധ്യമാകൂ.

"ബലം നിന്നിലുള്ള മനുഷ്യൻ ഭാഗ്യവാൻ"(സങ്കീ.84:5).

way to get to know God than by studying His actual Words. We do not see Him face to face in person now. But by meditating on Scripture, we can get to know the Person of Jesus better. So an accurate understanding of God's Word is not the goal here - knowing Jesus is the goal.

I also try to make things interesting when it comes to studying the Bible, so as not to get bored mentally. So sometimes I would do word studies (e.g. grace, joy, faith etc). At other times, I would to do verse-by-verse studies on a particular book. I don't go too deep into the Greek and Hebrew. I just try to write down my thoughts for each verse, and then I move on. Sometimes I have a couple of lines, and once in a while, I might even have a couple of pages! But I try my best never to force anything.

I find that I have to keep changing ways in which to study (sometimes a word study, sometimes a verse-by-verse study, etc) to keep things fresh for my mind. But these are just tricks and tactics, rather than anything spiritual.

So these are things that I do to stay interested in God's Word. And then I trust that God will reveal what He wants to show me through my study.

Now I also don't imagine that God has to give me something extra special every day. As long as I try to be consistent to stay with God's Word, I trust that He will do the supernatural part of bringing the Word to life at the opportune time.

And of this I am convinced: the most opportune time to understand the truths of God's Word is in the moment of temptation. This is how I get to "live" spiritually – by asking God for Words that proceed from His mouth. So I seek God then for the Word that could come to life, and that will help me overcome the current sin I am dealing with.

**Understanding God's meaning in a particular text**

I think this is trickier than it initially appears. There is so much deception that comes from reading half a verse, or from not reading a verse in view of the passage, or from not studying a verse compared to other verses that address the same issue, etc. So we must definitely be humble and circumspect with this.





But these are some things that I could share with you as pointers that I use:

**1) I make sure that my conscience is clear and I am fully surrendered to God**

If I want to consistently know the heart of God and see Him, I must have a pure heart. I must renounce (repent) all areas of sin that I am aware of, but especially areas that are habitual or besetting. From my own experience, my own knowledge of Jesus and the truth that I could experience in Him was stunted in the times that I refused to live a life of *full* surrender to God. I still had good ideas and I still had great theological concepts. But in retrospect, my life lacked spiritual authority. And without spiritual authority, truth is reduced to theoretical knowledge.

I have seen that there is a spiritual authority that comes from knowing that you have given over all authority of your life over to God. Such a life only desires the favor and approval of God. Then, your study of God's Word is pure, and there is a single-minded desire to know His heart.

**2) The object of all my Bible study must be the magnification of Jesus**

John 5:39-40 tells me that I can study the Scriptures and miss Jesus. And the Holy Spirit has been given to us in order to glorify and magnify Jesus. So I must welcome the Holy Spirit into all my study of the Bible and ask Him to make Jesus bigger to me. And as I study any portion of Scripture, I try to keep asking myself of this:

Does this make Jesus bigger in my life? If so, then I'll go down the path of a particular truth and a particular application. Otherwise it might just be a great human idea that is being applied to a Biblical verse. And there's limited use for this!

But any Biblical application that makes me grow in my understanding of the immense love of Jesus is something definitely worth pursuing!

**3) I read the thoughts and ideas of other people that I have grown to respect - to see what they think of as important, and what they stress.**

This point easily makes sense – we must learn from those who have gone before us, and have learned the secret of godliness, and have come to know God in a real way. But this is also very tricky, because there are so many "theological" experts out there, many of whom just have an intellectual knowledge of Him and not an experiential knowledge. How do we decide who to "submit" our minds to, and be taught from?

These are the metrics that I use (most of them picked up from my spiritual mentors):

**a.) What is their attitude towards money?**

Do I find a holy disdain for money in their personal life and in their ministry dealings? Or are they always clamoring for my money and asking for more and more of it? This has been a GREAT way for me to decide whether I can trust anything else these people say. And to be honest, most people that I see on Christian TV over here seem to fail this test.

b.) **What is their attitude towards sin?**

Do I find that they have a holy abhorrence for sin, based on the standards of Jesus that He preached in Matthew 5-7 (The Sermon on the Mount)? Are they more focused on healing people on the outside (health, happiness, etc) than on healing people on the inside (sin)? If so, I don't give any attention to them.

**b.) What is their attitude towards the Bible?**

Do I find that seek to base EVERYTHING they teach by Scripture? Do they build grandiose psychological ideas based on one stray verse from the Bible, or do they stick close to the Bible, and use Scripture often to back up their preaching? If they have a radical commitment to the Bible,then I can trust such a person to instruct me on Biblical truth.

God bless you in this incredible journey.

Your fellow pilgrim,

*Sandeep*

(Please mail your genuine doubts to : ***sandeep@poonen.org***)



# Blood Transfusion

There was a little boyJohnny, whose sister Mary needed a blood trasfusion. The doctor explained that she had the same disease the boy had recovered from two years earlier. Her only chance for recovery was a transfusion from someone who has previously conquired the disease. Since the two children had the same rare blood type, the boy was the ideal donor.

"Would you give your blood to Mary?" the doctor asked.

Johnny hesitated. His lower lip started to tremble. Then he smiled and said, "Sure, for my sister."

Soon the two children were wheeled into the hospital room-Mary, pale and thin; Johnny, robust and healthy. Neither spoke, but when their eyes met, Johnny grinned.

As the nurse inserted the needle into his arm Johnny's smile faded.He watched the blood flow through the tube. With the ordeal almost over, his voice, slightly shaky, broke the silence. "Doctor, When do I die?"

Only then did the doctor realized why Johnny has hesitated, why his lip had trembled when he has agreed to donate his blood. He has thought giving his blood to his sister meant giving up his life. In that brief moment he 'd made his great decision.

Johnny, fortunately didn't have to die to save his sister. Each of us however, has a condition more serious than Mary's and it required Jesus to give not just His blood but His life.

*For God so loved the world that He gave His one and only Son, that whoever believe in Him shall not perish, but have eternal life*(John.3: 16)

## *Just a minute*

"We dealt with each one of you personally, like a father with his own children, comforting and encouraging"- 1Thes 2:11

Pheba Cleetus



JEEVA MOZHIKAL RNI/KERBIL/-2003/21404
June 2010 www.jeevamozhikal.org
Regn No: KL/KTM/608/2009-11
WPP No: KL/CR/KTM/WPP-42/2009-11
Licensed to post without Prepayment

# വലിയ കലാകാരൻ

സ്കോട്ലൻഡിലെ ഒരു കടലോര പട്ടണം. നേരം സന്ധ്യയോടടുക്കുന്നു. പതിവുപോലെ ആ ഹോട്ടലിന്റെ ഭക്ഷണശാലയിൽ ധാരാളം പേരുണ്ട്. ഭക്ഷണം കഴിക്കുന്നതോടൊപ്പം പിന്നിട്ട പകലിനെക്കുറിച്ചുള്ള ചർച്ചകൾ, രസകരമായ സംഭവങ്ങളുടെ അയവിറക്കൽ, പൊട്ടിച്ചിരികൾ തുടങ്ങിയവകൊണ്ടു സജീവമാണു ഭക്ഷണശാല. ഒരു മേശയ്ക്കു ചുറ്റും ചായയ്ക്ക് ഓർഡർ ചെയ്ത് 'വെടിവട്ട'ത്തിൽ മുഴുകിയിരിക്കുന്നവർ എല്ലാം മീൻ പിടിത്തക്കാരാണ്. സ്വാഭാവികമായും സംസാരം മീൻപിടിത്തത്തെക്കുറിച്ചായി. തങ്ങൾ പിടിച്ച മീനുകൾ, വലയിൽ കുരുങ്ങിയിട്ടും രക്ഷപെട്ടുപോയ വമ്പൻ മത്സ്യങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരണങ്ങൾ....

ഇതിനിടെ ആവേശം കയറിയ ഒരു മത്സ്യത്തൊഴിലാളി ചാടിയെഴുന്നേറ്റു തന്റെ വലയിൽ നിന്നു വഴുതിപ്പോയ മീനിന്റെ വലിപ്പം കാണിക്കുകയാണ് – "ദാ ഇത്രയും വലുതായിരുന്നു അത്." എന്ന് പറഞ്ഞ് അയാൾ കൈകൾ വിടർത്തിയതും അതു ചായക്കപ്പുകളുമായി ധൃതിയിൽ വരികയായിരുന്ന പരിചാരികയുടെ ട്രേയിൽ തട്ടി ചിതറിത്തെറിച്ചതും ഒരു നിമിഷം കൊണ്ടുകഴിഞ്ഞു.

ചായ നിലത്തുപോയതുപോകട്ടെ, ചായ തട്ടിത്തൂവി, വെള്ളയടിച്ച ഭിത്തിയിൽ വൃത്തികെട്ട ഒരു മഞ്ഞ വലിയ പാട് രൂപംകൊണ്ടു. എല്ലാവരും വല്ലാതെയായി. മത്സ്യത്തൊഴിലാളിയുടെ വിഷമം പറഞ്ഞറിയിക്കാൻ വയ്യ. അയാൾ ആവർത്തിച്ച് ഉച്ചത്തിൽ ക്ഷമാപണം പറഞ്ഞെങ്കിലും ഭിത്തി മുഴുവൻ വൃത്തികേടാക്കിയ ആ പാടിലേക്കു നോക്കിയപ്പോൾ അയാളുടെ കണ്ണുകളിൽ ഖേദം ബാക്കി നിന്നു.

"സാരമില്ല" എല്ലാം കണ്ടുകൊണ്ടിരുന്ന ഒരാൾ ചാടിയെണീറ്റു. അയാൾ പോക്കറ്റിൽ നിന്നു ചായപ്പെൻസിലുകൾ പുറത്തെടുത്തു. ഭിത്തിയിലെ ആ പാടിനെ ചിത്രത്തിന്റെ ഭാഗമാക്കി മാറ്റിക്കൊണ്ട് അയാൾ അതിമനോഹരമായ ഒരു ചിത്രം അവിടെ വരച്ചുതീർത്തത് വളരെ വേഗമാണ്! കടലിൽ നിന്ന് ഉയർന്നുവരുന്ന ഒരു വമ്പൻ സ്രാവിന്റെ ജീവൻ തുടിക്കുന്ന ചിത്രം! ചായച്ചാലുകൾ ഒലിച്ചിറങ്ങിയ പാടുകൾ സ്രാവിന്റെ ചിറകും അതിന്റെ തുറന്ന വായിലെ കൂർത്ത് പല്ലുകളും ആയി മാറി. ആരും നോക്കിനിന്നു പോകുന്ന അതിമനോഹരമായ ഒരു പെയിന്റിംഗ്. ആ പെയിന്റിംഗ് വരച്ച മനുഷ്യൻ പ്രശസ്തനായ എഡ്വിൻ ലാൻഡ്സീർ ആയിരുന്നു – മൃഗങ്ങളുടെ ചിത്രം വരയ്ക്കുന്നതിൽ ഇംഗ്ലണ്ടിലെ ഏറ്റവും മികച്ച കലാകാരൻ.

ഒരു കലാകാരന് വൃത്തികെട്ട, മഞ്ഞ പാടുകളെ അത്യുത്തമമായ ഒരു കലാസൃഷ്ടിയാക്കി മാറ്റാൻ കഴിയുമെങ്കിൽ, ഞാൻ അവയെ ഏല്പിച്ചുകൊടുത്താൽ എന്റെ പാപങ്ങളേയും മടയത്തരങ്ങളേയും വലിയ കലാകാരനായ ദൈവത്തിന് മാറ്റി മനോഹരമാക്കാൻ കഴിയാതിരിക്കുമോ?

Printed , Published and owned by T. IPe Published from Jeevamozhikal, Near Thuthoothy Jn., Kumaranallor P.O, Kottayam and Printed at Alois Graphics, Kottayam. Editor-Geoji. T. Samuel.